# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

2016 ഫെബ്രുവരി 16, ചൊവ്വ

നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ

**[ആകെ ചോദ്യങ്ങൾ--308]**

| മറുപടി നൽകുന്ന മന്ത്രിമാർ | ചോദ്യ നമ്പർ |
|---|---|
| മുഖ്യമന്ത്രി | : 1731 മുതൽ 1862 വരെ |
| മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി | : 1863 മുതൽ 1897 വരെ |
| ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി | : 1898 മുതൽ 1985 വരെ |
| വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി | : 1986 മുതൽ 2038 വരെ |

### കാസർകോഡ് ജില്ലയിലെ ജനസമ്പർക്ക പരിപാടികൾ

1731. **ശ്രീ. എൻ .എ.നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാസർകോഡ് ജില്ലയിൽ മുഖ്യമന്ത്രിയുടെ എത്ര ജനസമ്പർക്ക പരിപാടികൾ നടത്തിയിട്ടുണ്ട്;

(ബി) ജനസമ്പർക്ക പരിപാടികളിൽ എത്ര പരാതികളും അപേക്ഷകളും ലഭിച്ചു; ആവശ്യങ്ങൾ തിരിച്ച് അവയുടെ എണ്ണം വ്യക്തമാക്കാമോ; എത്ര പദ്ധതികളിലും അപേക്ഷകളിലും തീർപ്പുണ്ടായി ;

(സി) കാസർകോട് ജനസമ്പർക്ക പരിപാടികളിൽ ജില്ലക്കുവേണ്ടി പുതിയതായി പ്രഖ്യാപിച്ച പദ്ധതികൾ ഏതൊക്കെയാണ്; ഈ പദ്ധതികൾ പൂർത്തീകരിക്കാൻ ഇതിനകം സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

### മന്ത്രിക്ക് യാത്രയയപ്പ്

1732. **ശ്രീ.കോലിയക്കോട് എൻ. കൃഷ്ണൻ നായർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിജിലൻസ് കോടതി വിധിയെത്തുടർന്ന് മന്ത്രിസ്ഥാനം രാജിവച്ച എക്സൈസ് മന്ത്രിക്ക് യാത്രയയപ്പ് നൽകിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ചടങ്ങ് സംഘടിപ്പിച്ചത് ആരാണ്; പ്രസ്തുത ചടങ്ങിൽ പങ്കെടുത്ത ഉദ്യോഗസ്ഥർ ആരൊക്കെയായിരുന്നു; ഏതെല്ലാം ഉദ്യോഗസ്ഥർ ചടങ്ങിൽ പ്രസംഗം നടത്തുകയുണ്ടായി; മന്ത്രി മറുപടി പ്രസംഗം നടത്തുകയുണ്ടായോ;

(ബി) പ്രസ്തുത ചടങ്ങ് സംഘടിപ്പിച്ചത് ഏത് തീയതിയിൽ, എവിടെവെച്ചായിരുന്നു; ചടങ്ങിനോടനുബന്ധിച്ച് ചായസൽക്കാരം നടത്തുകയുണ്ടായോ; സൽക്കാരത്തിന് എന്ത് തുക ചെലവായി; തുക ചെലവഴിച്ചത് ഏത് ഹെഡ്ഡിൽ നിന്നാണ്;

(സി) രാജിക്കത്ത് ഗവർണർക്ക് കൈമാറുന്നതിന് മുമ്പായി ഇത്തരമൊരു ചടങ്ങ് നടത്തുവാനിടയായ സാഹചര്യം എന്തായിരുന്നു; ഇതു വഴി ഉദ്യോഗസ്ഥന്മാർ കബളിപ്പിക്കപ്പെട്ടുകയായിരുന്നുവോ; വിശദമാക്കുമോ?

<u>ജനസമ്പർക്ക പരിപാടിയും മലപ്പുറത്തിനു നല്കിയ സഹായവും</u>

1733. **ശ്രീ.പി.ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയിൽ ഓരോ ജില്ലയിലും കഴിഞ്ഞ അഞ്ച് വർഷത്തിനകം എത്ര പരാതികൾ ലഭിച്ചു; എത്ര പരാതികൾക്ക് പരിഹാരം കണ്ടു; എത്ര രൂപയുടെ ധനസഹായം നൽകി;വിശദാംശം വ്യക്തമാക്കുമോ ;

(ബി) ഓരോ ജില്ലയിലും വിതരണം ചെയ്ത ധനസഹായത്തിന്റെ കണക്ക് ലഭ്യമാക്കുമോ;

(സി) മലപ്പുറം ജില്ലയിൽ 2015 ലെ ജനസമ്പർക്ക പരിപാടിയിലെ അർഹരായ മുഴുവൻ അപേക്ഷകർക്കും ധനസഹായം വിതരണം ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കുമോ?

<u>പ്രീ സർവ്വീസ് പരിശീലനം</u>

1734. **ശ്രീ.റ്റി.എ.അഹമ്മദ് കബീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ വകുപ്പുകളിലെ ഏതെല്ലാം തസ്തികകളിലാണ് പ്രീ സർവ്വീസ് പരിശീലനമുള്ളതെന്ന് വ്യകതമാക്കാമോ;

(ബി) ഇതിൽ ഏതെല്ലാം വകുപ്പുകളിലെ പ്രീ സർവ്വീസ് പരിശീലനമാണ് ഇൻ സർവ്വീസായി പരിഗണിക്കുന്നതെന്നും വ്യക്തമാക്കാമോ;

(സി) പ്രീ സർവ്വീസ് പരിശീലനം സർവ്വീസായി പരിഗണിക്കാത്ത തസ്തികകളുണ്ടെങ്കിൽ, പ്രീ പരിശീലന കാലയളവ് ഇൻ സർവ്വീസായി പരിഗണിക്കുവാൻ നടപടി

സ്വീകരിക്കുമോ?

<u>പുതിയ തസ്തികകൾ</u>

1735. **ശ്രീ.എം. ഹംസ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എത്ര പുതിയ തസ്തികകൾ സൃഷ്ടിച്ചു; ഓരോന്നിന്റേയും വിശദാംശം വകുപ്പടിസ്ഥാനത്തിൽ ലഭ്യമാക്കാമോ;

(ബി) പുതിയ തസ്തികകൾ അനുവദിച്ചതിലൂടെ സംസ്ഥാനത്തിന് എത്ര തുകയാണ് അധിക ബാധ്യതയായി വന്നിട്ടുള്ളത്; വിശദാംശം ലഭ്യമാക്കാമോ?

<u>അഴിമതി നിർമ്മാർജ്ജനം</u>

1736. **ശ്രീ.ജി.സുധാകരൻ**

**,, എ. പ്രദീപ്കുമാർ**

**,, എ.എം. ആരിഫ്**

**,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭരണസുതാര്യതയ്ക്കും അഴിമതി നിർമ്മാർജ്ജനത്തിനും വേണ്ടി സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) ഹൈക്കോടതിയോ കീഴ് കോടതികളോ ആവശ്യപ്പെട്ടതുപ്രകാരം അഴിമതിക്കേസ്സുകളിൽ സർക്കാരിലുള്ളവരുമായി ബന്ധപ്പെട്ട് വീണ്ടും വിജിലൻസിനു അന്വേഷണം നടത്തേണ്ടി വന്നിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം കേസുകളിൽ;

(സി) ഈ സർക്കാരിന്റെ കാലത്ത് അഴിമതി കേസുകളിൽ തെളിവില്ലെന്ന് ചൂണ്ടിക്കാട്ടി വിജിലൻസ് സമർപ്പിച്ച റിപ്പോർട്ടുകൾ കോടതി തള്ളിക്കളയുകയോ തുടരന്വേഷണത്തിന് ഉത്തരവിടുകയോ ഉണ്ടായിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം കേസുകളുടെ കാര്യത്തിൽ;

(ഡി) ഈ സർക്കാർ പിൻവലിക്കാൻ തീരുമാനിച്ച ഏതെങ്കിലും കേസ്, കോടതി നിരാകരിക്കുകയുണ്ടായിട്ടുണ്ടോ; വിശദമാക്കാമോ;

(ഇ) ഏതെല്ലാം വിജിലൻസ് കേസുകളാണ് സർക്കാർ പിൻവലിക്കാൻ തീരുമാനിച്ചത്?

<u>ധനകാര്യ - പൊതുഭരണ വകുപ്പുകളുടെ ലയനം</u>

1737. ശ്രീ.എം.പി.വിൻസെൻറ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റിനെ പൂർണ്ണമായും ഇ-ഓഫീസ് ആക്കുമോ ;

(ബി) ധനകാര്യ - പൊതുഭരണ വകുപ്പുകൾ ലയിപ്പിക്കുന്നത് പരിഗണിക്കുമോ ?

തൊഴിൽ പരിശീലന പദ്ധതി

1738. ശ്രീ.കെ.എസ്.ശബരീനാഥൻ
,, തേറമ്പിൽ രാമകൃഷ്ണൻ
,, കെ.മുരളീധരൻ
,, വി.ഡി.സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുന്നോക്ക സമുദായ വികസന കോർപ്പറേഷൻ തൊഴിൽ പരിശീലന പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഗസറ്റഡ് റാങ്കോടെ ഫെയർകോപ്പി സൂപ്രണ്ട് തസ്തിക

1739. ശ്രീ.പി.ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റ്, കെ.പി.എസ്.സി, എ.ജി. എന്നീ ഓഫീസുകളിൽ ടൈപ്പിസ്റ്റുമാർക്ക് പ്രമോഷനാകുമ്പോൾ ഗസറ്റഡ് റാങ്കുള്ള ഓഫീസ് സൂപ്രണ്ട് തസ്തിക നിലവിലുള്ളതു പോലെ വിവിധ വകുപ്പുകളിൽ ടൈപ്പിസ്റ്റുമാരുടെ പ്രമോഷൻ തസ്തികയായ ഫെയർകോപ്പി സൂപ്രണ്ട് തസ്തിക സീനിയർ സൂപ്രണ്ട് തലത്തിൽ ഉയർത്തുവാൻ നടപടി സ്വീകരിക്കുമോ;

(ബി) അവർക്ക് സീനിയർ സൂപ്രണ്ട് സ്കെയിലിൽ ശമ്പളവും ആനുകൂല്യങ്ങളും നൽകുവാൻ നടപടി സ്വീകരിക്കുമോ?

സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച പദ്ധതികൾ

1740. ശ്രീ.എസ്.രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ചും മറ്റുമുള്ള സാങ്കേതിക പ്രശ്നങ്ങൾ നേരിടുന്നതിനാൽ നടപ്പിലാക്കാൻ സാധിക്കാത്ത സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച പദ്ധതികൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്താമോ?

## അസ്സറ്റ് സ്റ്റേറ്റ്മെന്റ്

1741. **ശ്രീ.കെ.സുരേഷ് കുറുപ്പ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എല്ലാ മന്ത്രിമാരും അസ്സറ്റ് സ്റ്റേറ്റ്മെന്റ് നൽകിയിട്ടുണ്ടോ;

(ബി) അസ്സറ്റ് സ്റ്റേറ്റ്മെന്റ് പ്രകാരം ഭൂപരിഷ്കരണനിയമത്തിനു വിരുദ്ധമായി അധികം ഭൂമിയുള്ളവരുണ്ടോ; എങ്കിൽ ഏതെല്ലാം മന്ത്രിമാർക്ക്, എത്ര ഭൂമിയുണ്ടെന്ന് അറിയിക്കാമോ;

(സി) മന്ത്രിമാർ നിയമം ലംഘിക്കുന്ന സ്ഥിതിയുണ്ടായിട്ടുണ്ടോ; ഇത് പരിശോധിച്ചിട്ടുണ്ടോ;

(ഡി) പ്രസ്തുത നിയമപ്രകാരം പരിധിയിൽ അധികം ഭൂമി കൈവശമുള്ളർക്കെതിരെ സ്വീകരിക്കുന്ന നടപടി എന്താണ്; അങ്ങനെയുള്ള മന്ത്രിമാരുണ്ടെങ്കിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

## സേവനാവകാശ നിയമം

1742. **ശ്രീ.റ്റി.യു. കുരുവിള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സേവനാവകാശ നിയമം നടപ്പാക്കിയതിലൂടെ സർക്കാർ ഓഫീസുകളിലെ സേവനം ഏറ്റവും വേഗത്തിലും അഴിമതി രഹിതവുമായി പൊതുജനങ്ങൾക്ക് ലഭിക്കുന്നതിന് സ്വീകരിക്കുവാൻ പോകുന്ന നടപടികൾ വ്യക്തമാക്കുമോ;

(ബി) പൊതുജനങ്ങളുടെ അപേക്ഷകളിന്മേൽ നിശ്ചിത സമയത്തിനകം തീരുമാനം ഏടുക്കുന്നതിന് നടപടികൾ ഉണ്ടാകുമോ;

(സി) സർക്കാർ ഓഫീസുകളുടെ പ്രവർത്തനം നിരീക്ഷിക്കാൻ നടപടികൾ ഉണ്ടാകുമോ;

(ഡി) നല്ല രീതിയിൽ സേവനം നൽകുന്ന സർക്കാർ ജീവനക്കാർക്കും ഓഫീസുകൾക്കും വാർഷിക ഇൻക്രിമെന്റും മെറിറ്റ് അവാർഡുകളും നല്കുന്നതിന് നടപടികൾ ഉണ്ടാകുമോ?

## മുന്നോക്ക വിഭാഗക്ഷേമ കോർപ്പറേഷൻ

1743. **ശ്രീ.രാജു എബ്രഹാം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന മുന്നോക്ക വിഭാഗക്ഷേമ കോർപ്പറേഷൻ രൂപീകരിച്ചത് എന്നാണ്; ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തൊക്കെയാണ്;

(ബി) പ്രസ്തുത കോർപ്പറേഷൻ ഇതുവരെ നടത്തിയ പ്രവർത്തനങ്ങൾ എന്തൊക്കെയാണ് വിശദമാക്കുമോ;

(സി) കോർപ്പറേഷൻ മുഖേന നടപ്പാക്കിയ വിവിധ പദ്ധതികൾക്കായി നൽകിയ തുകയുടെ കണക്ക് ജില്ല തിരിച്ച് ലഭ്യമാക്കുമോ;

(ഡി) മുന്നോക്ക ജാതിയിൽപ്പെട്ട വിദ്യാർത്ഥികളുടെ ഉപരിപഠനത്തിനായി സ്കോളർഷിപ്പുകൾ നൽകാൻ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഇ) പ്രസ്തുത പദ്ധതി പ്രകാരം എത്രപേർക്ക് എത്ര തുക ചെലവാക്കിയിട്ടുണ്ട് എന്ന് ജില്ലതിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ; മുന്നോക്ക വിഭാഗ ക്ഷേമ കോർപ്പറേഷൻെറ റീജിണൽ ,ജില്ലാ ഓഫീസുകൾ എവിടയൊക്കെയാണ്; വിവിധ പദ്ധതികൾക്കായി അപേക്ഷ നൽകേണ്ടവർക്ക് അപേക്ഷാ ഫാറങ്ങളും മറ്റു വിശദാംശങ്ങളും എവിടെ നിന്നാണ് ലഭിക്കുന്നതെന്നുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>വിവരാവകാശ നിയമത്തിൽ നിന്നും വിജിലൻസ് വകുപ്പിനെ ഒഴിവാക്കൽ</u>

1744. **ശ്രീ.കെ.വി.വിജയദാസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വിജിലൻസ് വകുപ്പിനെ വിവരാവകാശ നിയമത്തിൽ നിന്ന് ഒഴിവാക്കി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ഉത്തരവ് പുറപ്പെടുവിക്കാനിടയായ സാഹചര്യം വിശദമാക്കുമോ;

(സി) ഇത് പാർലമെന്റ് പാസ്സാക്കിയ പ്രസ്തുത നിയമത്തിന്റെ വകുപ്പ് 8 ക്ലോസ്(1)-ന് വിപരീതമാണെന്ന് കരുതുന്നുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദമാക്കുമോ?

<u>കൈക്കൂലി വാങ്ങുന്നതിനെതിരെ നടപടി</u>

1745. **ശ്രീ.വി.ചെന്താമരാക്ഷൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിലെത്തിയ ശേഷം കൈക്കൂലി വാങ്ങുന്നതുമായി ബന്ധപ്പെട്ട് എത്ര സർക്കാർ ജീവനക്കാർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്; വകുപ്പ്

തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) ഇവർക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ?

### വയോജനക്ഷേമ വകുപ്പ് രൂപീകരണം

1746. **ശ്രീ.സി.ദിവാകരൻ :** താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുതിർന്ന പൗരൻമാർക്കുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിന് വയോജനക്ഷേമ വകുപ്പ് രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നറിയിക്കുമോ?

### വികലാംഗരായ ജീവനക്കാർക്ക് സ്ഥാനക്കയറ്റത്തിന് സംവരണം

1747. **ശ്രീ.ബി.ഡി. ദേവസ്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സർവ്വീസിലുള്ള വികലാംഗരായ ജീവനക്കാർക്ക് സ്ഥാനക്കയറ്റത്തിന് 3% സംവരണം നടപ്പാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഉത്തരവ് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത ഉത്തരവ് നടപ്പാക്കുന്നതിന് സർക്കാർ അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

### ജീവകാരുണ്യ പ്രവർത്തനത്തിനിടയിൽ ജീവൻ നഷ്ടമാകുന്നവരുടെ കുടുംബങ്ങളുടെ സംരക്ഷണം

1748. **ശ്രീ.പി.ശ്രീരാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015 ആഗസ്റ്റ് 26-ാം തീയതി പാലക്കാട് ജില്ലയിലെ കാഞ്ചിക്കോട് കൊയ്യാമരക്കാട് എന്ന സ്ഥലത്ത് വച്ച് അപകടത്തിൽപ്പെട്ട ബൈക്ക് യാത്രക്കാരനെ രക്ഷിക്കുന്നതിനിടയിൽ കോട്ടക്കൽ ആര്യവൈദ്യശാലയിലെ 3 ജീവനക്കാർ ലോറി ഇടിച്ച് മരണപ്പെട്ട കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അപകടത്തിൽപ്പെട്ട ബൈക്ക് യാത്രക്കാരനടക്കം തൽക്ഷണം മരിച്ച 4 പേരുടെ കുടുംബങ്ങളെ സഹായിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(സി) രക്ഷാപ്രവർത്തനത്തിനിടയിൽ മരണപ്പെട്ട 3 ചെറുപ്പക്കാരുടെ ഭാര്യമാർക്ക് സർക്കാർ ജോലി കൊടുക്കുന്നതിനെ പറ്റി ആലോചിച്ചിട്ടുണ്ടോ;ജോലി കൊടുക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) ജീവകാരുണ്യ പ്രവർത്തനത്തിനിടയിൽ ജീവൻ നഷ്ടമാകുന്നവരുടെ കുടുംബങ്ങളെ സംരക്ഷിക്കുന്നവർക്കു കൂടി അത്തരം ആനുകൂല്യം നൽകുമോ?

<u>ദിവസക്കൂലി, കരാർ,എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയുള്ള നിയമനങ്ങൾ</u>

1749. **ശ്രീ.എ.കെ.ബാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഇതുവരെ വിവിധ വകുപ്പുകളിലായി എത്ര പേരെ ദിവസക്കൂലി, കരാർ വ്യവസ്ഥകളിൽ നിയമിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ ; ഇതിൽ എത്ര നിയമനങ്ങൾ അനുവദിക്കപ്പെട്ടിട്ടുള്ള തസ്തികകളിൽ ആയിരുന്നു; ഇതിൽ എത്ര പേരെ സ്ഥിരപ്പെടുത്തി; സർക്കാർ ഉത്തരവ് പ്രകാരം എത്ര പേരെ സ്ഥിരപ്പെടുത്തി; വകുപ്പ മേധാവിയുടെ ഉത്തരവ് പ്രകാരം എത്ര പേരെ സ്ഥിരപ്പെടുത്തി; വകുപ്പ തിരിച്ചുള്ള വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഇതുവരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നുള്ള ലിസ്റ്റ് പ്രകാരം എത്ര പേരെ നിയമിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ ; ഇതിൽ എത്ര പേരെ ശമ്പള സ്കെയിൽ ഉള്ള തസ്തികകളിൽ നിയമിച്ചിട്ടുണ്ട്; എത്ര പേരെ കരാർ, ദിവസക്കൂലി വ്യവസ്ഥയിലും നിയമിച്ചു; ഇതിൽ എത്ര പേരെ സ്ഥിരപ്പെടുത്തി; സർക്കാർ ഉത്തരവ് പ്രകാരം എത്ര പേരെ സ്ഥിരപ്പെടുത്തി; വകുപ്പ മേധാവിയുടെ ഉത്തരവ് പ്രകാരം എത്ര പേരെ സ്ഥിരപ്പെടുത്തി; വകുപ്പ് തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

<u>സർക്കാർ ഓഫീസുകളിൽ കെട്ടിക്കിടക്കുന്ന ഫയലുകൾ</u>

1750. **ശ്രീ.ലൂഡി ലൂയിസ്**

**,,** അൻവർ സാദത്ത്

**,,** എ.റ്റി.ജോർജ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഓഫീസുകളിൽ കെട്ടിക്കിടക്കുന്ന ഫയലുകൾ തീർപ്പാക്കാൻ കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്.?

<u>സർക്കാർ ജീവനക്കാരുടെയും അദ്ധ്യാപകരുടെയും എണ്ണം</u>

1751. **ശ്രീ.വി.ശശി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ വിവിധ വകുപ്പുകളിലായി ജോലിനോക്കുന്ന സർക്കാർ ജീവനക്കാരുടെ എണ്ണവും അദ്ധ്യാപകരുടെ എണ്ണവും എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) 2016 ജനുവരി 31 വരെ സർവ്വീസിലുള്ള ജീവനക്കാരുടെയും അദ്ധ്യാപകരുടെയും എണ്ണമെത്രയെന്ന് വ്യക്തമാക്കാമോ?

<u>സർക്കാർ ഉദ്യോഗസ്ഥർക്ക് അക്കാദമിക് കോഴ്സുകളിൽ ചേർന്ന് പഠനം</u>

1752. **ശ്രീ.സാജു പോൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഉദ്യോഗസ്ഥർക്ക് അക്കാദമിക് കോഴ്സുകളിൽ ചേർന്ന് പഠനം നടത്തുന്നതിന് തടസ്സങ്ങളുണ്ടോയെന്ന് അറിയിക്കുമോ;

(ബി) പഠനം നടത്തുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി തേടേണ്ടതുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) ഇത്തരം അക്കാദമിക താൽപ്പര്യങ്ങൾ സർക്കാർ പ്രോത്സാഹിപ്പിക്കുമോയെന്ന് അറിയിക്കുമോ;

(ഡി) ഇതുമായി ബന്ധപ്പെട്ട് എന്തെങ്കിലും സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ ഉണ്ടോ; എങ്കിൽ, വിശദമാക്കാമോ?

<u>ജനസമ്പർക്ക പരിപാടി</u>

1753. **ശ്രീ.റ്റി.യു. കുരുവിള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രി നടത്തിയ മൂന്ന് ജനസമ്പർക്ക പരിപാടികളും വിജയമായതിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ;

(ബി) ഇത്തരത്തിലുള്ള പരിപാടികൾ അതാതു വകുപ്പ് മന്ത്രിമാരും ജില്ലാ കളക്ടർമാരും എല്ലാം വർഷവും നടത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) കാലഹരണപ്പെട്ട നിയമങ്ങൾ മാറ്റി ജനങ്ങൾക്ക് ഏറ്റവും വേഗം സേവനം ലഭ്യമാക്കുന്നതിനുള്ള എന്തെല്ലാം പുതിയ നടപടികൾ ഉണ്ടാകുമെന്ന്

വ്യക്തമാക്കുമോ;

ജനസമ്പർക്ക പരിപാടി - വയനാട് ജില്ല

1754. ശ്രീ.എം.വി.ശ്രേയാംസ് കുമാർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയിലൂടെ വയനാട് ജില്ലയിൽ നിന്ന് വിവിധ ആവശ്യങ്ങൾക്കായി എത്ര അപേക്ഷകൾ ലഭ്യമായി എന്ന് വിശദമാക്കുമോ;

(ബി) ഇതിൽ എത്ര പരാതികൾക്ക് ഇതുവരെ പരിഹാരം കണ്ടെത്തിയിട്ടുണ്ട് എന്നതിന്റെ താലൂക്ക് തല വിശദാംശം ലഭ്യമാക്കുമോ;

(സി) ഇതിൽ സാമ്പത്തിക സഹായത്തിനുള്ള അപേക്ഷകൾ എത്രയെണ്ണം ഉണ്ടായിരുന്നു എന്നതിന്റെ താലൂക്ക് തല വിശദാംശം ലഭ്യമാക്കുമോ?

മന്ത്രിമാർ ചെലവഴിച്ച തുക

1755. ശ്രീ.കോടിയേരി ബാലകൃഷ്ണൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ് നാളിതുവെര ഔദ്യോഗിക വസതിയിലും ഓഫീസിലുമായി മുഖ്യമന്ത്രിയും മന്ത്രിമാരും, അതിഥി സൽക്കാര ഇനത്തിൽ ഓരോരുത്തരും എത്ര വീതം തുക ചിലവഴിച്ചെന്ന് വിശദമാക്കാമോ;

(ബി) നാളിതുവരെ മുഖ്യമന്ത്രിയും മന്ത്രിമാരും മൊബൈൽ ഫോൺ ചാർജ്ജ് ഇനത്തിൽ ഓരോരുത്തരും എത്ര തുക ചിലവഴിച്ചെന്ന് വ്യക്തമാക്കാമോ;

(സി) നാളിതുവരെ മുഖ്യമന്ത്രിയും മന്ത്രിമാരും ടി.എ, ഡി.എ ഇനങ്ങളിൽ ഓരോരുത്തരും എത്ര തുക കൈപ്പറ്റിയെന്ന് വിശദമാക്കാമോ?

മന്ത്രിമാരുടെ രാജി

1756. ശ്രീമതി.കെ.എസ്.സലീഖ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ മുഖ്യമന്ത്രി ഉൾപ്പെടെ എത്ര മന്ത്രിമാർ ഉണ്ടായിരുന്നു; നിലവിൽ എത്ര മന്ത്രിമാരുണ്ട്; എത്ര പേർ രാജിവച്ചു; എന്തൊക്കെ കാരണങ്ങളുടെ പേരിലാണ് രാജിവച്ചത് എന്ന് വ്യക്തമാക്കുമോ;

(ബി) എക്സൈസ് വകുപ്പ് മന്ത്രി ഏത് കോടതിയുടെ എന്ത് നിരീക്ഷണത്തിന്റെ അടിസ്ഥാനത്തിലാണ് രാജിക്കത്ത് നൽകിയതെന്നും, എത്ര ദിവസം മുഖ്യമന്ത്രി

പ്രസ്തുത രാജിക്കത്ത് കൈവശം വച്ചുവെന്നും പ്രസ്തുത കോടതി വിധി എത്ര ദിവസത്തേക്ക് മേൽക്കോടതി സ്റ്റേ അനുവദിച്ചുവെന്നും തുടർന്ന് എന്നുമുതലാണ് എക്സൈസ് മന്ത്രി വീണ്ടും ചുമതലയേറ്റെടുത്തതെന്നും വ്യക്തമാക്കുമോ?

<u>ഫയലുകളിൻമേൽ സത്വര തീർപ്പ്</u>

1757. **ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റിൽ നിന്നും മറ്റ് സർക്കാർ ഡയറക്ടേറ്റുകളിൽ നിന്നും സംസ്ഥാനത്തിന്റെ എല്ലാ ഭാഗത്ത് നിന്നുമുള്ള പൗരന്മാർക്കും വേഗത്തിൽ ഫയലുകളിൻമേൽ തീർപ്പ് ലഭിക്കുന്നു എന്ന് ഉറപ്പ് വരുത്തുന്നതിന് ഗൗരവപൂർണ്ണമായ നടപടികൾ സ്വീകരിക്കുമോയെന്ന് അറിയിക്കുമോ;

(ബി) ഫയലുകളിൽ തീരുമാനമെടുക്കാനുള്ള ഉദ്യോഗസ്ഥരുടെ തട്ടുകളുടെ എണ്ണം കുറച്ചും അത്യാവശ്യം ഫയലുകളിൽ ജില്ലകളിൽ തന്നെ തീരുമാനമെടുക്കാൻ കഴിയും വിധവും അധികാരവികേന്ദ്രീകരണം സാധ്യമാക്കുമോയെന്ന് വ്യക്തമാക്കുമോ;

(സി) ഇതിനുവേണ്ടി സേവന അവകാശനിയമം എല്ലാ തലങ്ങളിലേയ്ക്കും വ്യാപിപ്പിക്കുമോയെന്ന് വിശദമാക്കാമോ?

<u>സ്വാതന്ത്ര്യസമര സേനാനികളുടെ ആശ്രിതർ</u>

1758. **ശ്രീ.എം.ഉമ്മർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വാതന്ത്ര്യസമര സേനാനികളുടെ ആശ്രിതർക്ക് നൽകി വരുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) ആശ്രിതർ എന്ന ഗണത്തിൽ ആരെയെല്ലാം ഉൾപ്പെടുത്തിയിട്ടുണ്ട്; വിശദാംശം നൽകുമോ;

(സി) സ്വാതന്ത്ര്യസമര സേനാനികളുടെ സർക്കാർ ഉദ്യോഗസ്ഥരായ ആശ്രിതർക്ക് സ്ഥലംമാറ്റം സംബന്ധിച്ച കാര്യങ്ങളിൽ എന്തെങ്കിലും ഇളവ് അനുവദിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

<u>മുഖ്യമന്ത്രിയുടെയും മന്ത്രിമാരുടെയും വിദേശ യാത്ര</u>

1759. **ശ്രീ.കോടിയേരി ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ് നാളിതുവരെ മുഖ്യമന്ത്രിയും, ഓരോ മന്ത്രിമാരും സ്വകാര്യ പരിപാടികൾക്കായി എത്ര തവണ ഏതൊക്കെ വിദേശരാജ്യങ്ങൾ സന്ദർശിച്ചെന്ന് വിശദമാക്കാമോ?

<u>സർട്ടിഫിക്കറ്റുകൾ, പെൻഷനുകൾ നൽകുന്ന നിയമ/ചട്ടങ്ങളിലെ ഭേദഗതി</u>

1760. **ശ്രീ.പി.എ.മാധവൻ :** താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ജനസമ്പർക്ക പരിപാടികളിൽ നിന്നും ലഭിച്ച നിവേദനങ്ങൾ ഉൾപ്പെടെ പരിശോധിച്ച് പൊതുജനങ്ങൾക്കായി സർട്ടിഫിക്കറ്റുകൾ, പെൻഷനുകൾ എന്നിവ ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനായി ഏതെല്ലാം നിയമ/ചട്ട ഭേദഗതികളാണ് വരുത്തിയതെന്ന് അറിയിക്കാമോ; വിശദാംശങ്ങൾ നൽകുമോ?

<u>കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ്</u>

1761. **ശ്രീ.സാജു പോൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സിവിൽ സർവ്വീസിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ;

(ബി) സർവ്വീസിൽ ഉദ്യോഗസ്ഥ പുനർവിന്യാസം നടത്താൻ നടപടി സ്വീകരിക്കുമോ;

(സി) സർക്കാർ സർവ്വീസിനെ പൊതു സർവ്വീസാക്കി മാറ്റാൻ ആലോചിക്കുന്നുണ്ടോ;

(ഡി) കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ?

<u>അന്വേഷണ കമ്മീഷനുകൾ</u>

1762. **ശ്രീ.എം. ഹംസ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര അന്വേഷണ കമ്മീഷനുകളെ നിയമിച്ചിട്ടുണ്ട്; വിശദാംശം വ്യക്തമാക്കാമോ;

(ബി) ഏതെല്ലാം അന്വേഷണ കമ്മീഷനുകൾ റിപ്പോർട്ടുകൾ സമർപ്പിച്ചു; വിശദാംശം ലഭ്യമാക്കാമോ;

(സി) റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ഓരോ അന്വേഷണ കമ്മീഷനും അനുവദിച്ച സമയപരിധി എത്ര എന്ന് വ്യക്തമാക്കാമോ;

## പാലക്കാട് ജില്ലയിലെ മജിസ്ട്രേറ്റ് കോടതികൾ

1763. **ശ്രീ.വി.ചെന്താമരാക്ഷൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ എത്ര മജിസ്ട്രേറ്റ് കോടതികൾ പ്രവർത്തിക്കുന്നുണ്ട് ;

(ബി) ഈ മജിസ്ട്രേറ്റ് കോടതികളിൽ നിലവിൽ എത്ര കേസുകൾ കെട്ടിക്കിടക്കുന്നുണ്ട്; ഓരോ കോടതിയിലും തീർപ്പാക്കാനുള്ള കേസുകൾ എത്രയെന്ന് വിശദമാക്കുമോ;

(സി) കേസുകൾ അടിയന്തരമായി തീർപ്പാക്കുന്നതിന് പാലക്കാട് ജില്ലയിൽ പുതിയ മജിസ്ട്രേറ്റ് കോടതികൾ അനുവദിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

## കാസർകോട് ജില്ലയിൽ മോട്ടോർ ആക്സിഡന്റ് ക്ലെയിംസ് ട്രൈബ്യൂണൽ

1764. **ശ്രീ. എൻ .എ.നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എം.എ.സി.ടി. (മോട്ടോർ ആക്സിഡന്റ് ക്ലെയിംസ് ട്രൈബ്യൂണൽ) ഏതെല്ലാം ജില്ലകളിൽ പ്രവർത്തിക്കുന്നുണ്ട്;

(ബി) ഒന്നിലധികം എം.എ.സി.ടി പ്രവർത്തിക്കുന്ന ജില്ലകൾ ഉണ്ടോ; എങ്കിൽ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) കാസർകോട് ജില്ലയിൽ എം.എ.സി.ടി. ഇല്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; കാസർകോട് ജില്ലയിൽ എം.എ.സി.ടി സ്ഥാപിക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ?

## സർക്കാർ കക്ഷിയായ കേസ്സുകൾ

1765. **ശ്രീ.കെ.വി.അബ്ദുൾ ഖാദർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ കോടതികളിൽ തീർപ്പാകാതെ കിടക്കുന്ന സർക്കാർ കക്ഷിയായ കേസ്സുകൾ, രണ്ട് വർഷക്കാലം പഴക്കമുള്ളവ, 3 വർഷക്കാലം പഴക്കമുള്ളവ, അഞ്ചോ അതിലധികമോ വർഷം പഴക്കമുള്ളവ എന്നിങ്ങനെ തരം തിരിച്ച് എത്രവീതമെന്ന് വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഇതുവരെ സംസ്ഥാന സർക്കാർ കക്ഷിയായ എത്ര കേസ്സുകളിൽ എതിർ കക്ഷിയുടെ വക്കാലത്ത് എ.ജി.യുടെ സ്വകാര്യ ഓഫീസോ എ.ജി.യുടെ ബന്ധുക്കളോ ഏറ്റെടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ജുഡീഷ്യറിയുടെ സ്വതന്ത്രമായ പ്രവർത്തനവും ആക്ഷേപവും

1766. ശ്രീ.ഇ.പി.ജയരാജൻ
ഡോ.കെ.ടി.ജലീൽ
ശ്രീ.വി.ചെന്താമരാക്ഷൻ
,, ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജുഡീഷ്യറിയുടെ സ്വതന്ത്രമായ പ്രവർത്തനം ഉറപ്പാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നു;

(ബി) സോളാർ, ബാർകോഴക്കേസുകളിലെ ഉത്തരവുകളുടെ പേരിൽ തൃശ്ശൂർ വിജിലൻസ് ജഡ്ജിയെ ആക്ഷേപിച്ചവർക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) ജഡ്ജിമാരെ പരസ്യമായി വിമർശിച്ച മന്ത്രിമാർ ആരൊക്കെയായിരുന്നു;

(ഡി) ഹൈക്കോടതി ജഡ്ജിയെ ആക്ഷേപിച്ചതിന് സാംസ്കാരിക വകുപ്പ മന്ത്രിക്കെതിരെ ക്രിമിനൽ കോടതി അലക്ഷ്യ നടപടി ആരംഭിച്ചിട്ടുള്ളതായി അറിയാമോ; ജസ്റ്റിസ് അലക്സാണ്ടർ തോമസ് കോടതിയിൽ പ്രകടിപ്പിച്ച ഏത് അഭിപ്രായത്തെ തുടർന്നായിരുന്നു മന്ത്രി ഫെയ്സ് ബുക്കിൽ അഭിപ്രായം പോസ്റ്റ് ചെയ്തിരുന്നത്; വിശദമാക്കാമോ?

കൽപ്പറ്റയിൽ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് കോടതി

1767. ശ്രീ.എം.വി.ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൽപ്പറ്റയിൽ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് കോടതി അനുവദിക്കുന്നതു സംബന്ധിച്ച് നിവേദനം ലഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതു സംബന്ധിച്ച് ഹൈക്കോടതിയിൽ നിന്ന് നിർദ്ദേശം ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

തീരദേശ പരിപാലന നിയമം

1768. ശ്രീ.ടി.എൻ. പ്രതാപൻ
,, എ.റ്റി.ജോർജ്
,, വി.റ്റി.ബൽറാം
,, കെ.ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശവാസികളായ മത്സ്യതൊഴിലാളികൾക്ക് അവർ തലമുറകളായി വസിച്ചു വരുന്ന വസ്തുവിൽ ഭവനങ്ങൾ നിർമ്മിക്കുന്നതിന് തീരദേശ പരിപാലന നിയമം വിഘാതം സൃഷ്ടിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ആയതു പരിഹരിക്കുവാൻ എന്തു നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കുമോ;

(സി) മത്സ്യത്തൊഴിലാളികളുടെ ഭവനനിർമ്മാണത്തിനുള്ള പ്രസ്തുത പ്രതിസന്ധി പരിഹരിക്കുവാൻ കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുമോ?

## കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റി

1769. ശ്രീ.കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015 ഏപ്രിൽ മാസത്തിനുശേഷം കോഴിക്കോട് ജില്ലയിൽ നിന്നുള്ള എത്ര അപേക്ഷകളിൽ കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റി തീർപ്പ് കൽപ്പിച്ചു എന്നത് വ്യക്തമാക്കാമോ;

(ബി) നിലവിൽ കോഴിക്കോട് ജില്ലയിൽ നിന്നു ലഭിച്ചിട്ടുള്ള അപേക്ഷകളിൽ എത്രയെണ്ണം തീർപ്പാക്കാനുണ്ട്; നിയോജകമണ്ഡലാടിസ്ഥാനത്തിൽ വിശദമാക്കാമോ;

(സി) പ്രസ്തുത അപേക്ഷകൾ എന്നത്തേക്ക് തീർപ്പാക്കുനാകും;

(ഡി) യഥാസമയം അപേക്ഷകൾ തീർപ്പാക്കാത്തത് കാരണം മത്സ്യത്തൊഴിലാളികൾ ഉൾപ്പെടെയുള്ള അവശ വിഭാഗങ്ങൾക്ക് ഭവന നിർമ്മാണത്തിന് നൽകുന്ന സഹായധനം വിനിയോഗിക്കാൻ കഴിയാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) തീരദേശ പരിപാലന അതോറിറ്റിയിലെ അപേക്ഷകൾ സമയബന്ധിതതമായി തീർപ്പാക്കാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

## പങ്കാളിത്ത പെൻഷൻ പദ്ധതി,

1770. ശ്രീ.റ്റി.വി.രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2013 ഏപ്രിൽ മുതൽ ജോലിയിൽ പ്രവേശിച്ച എത്ര ജീവനക്കാർ പങ്കാളിത്ത പെൻഷൻ പദ്തിയിൽ ഉൾപ്പെട്ടിട്ടുണ്ട്;

## കെ.എസ് .ആർ.ടി.സി.യിൽ പെയിന്റർ തസ്തിക

1771. ശ്രീ.സി.മോയിൻ കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ് .ആർ.ടി.സി.യിലെ പെയിന്റർ തസ്തികയുടെ ലിസ്റ്റ് പി.എസ്.സി പ്രസിദ്ധീകരിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത തസ്തികയിലേക്ക് എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട് ; എല്ലാ ഒഴിവുകളിലേക്കും നിയമന ശുപാർശ നൽകിയിട്ടുണ്ടോ ?

## പി.എസ്.സി. വഴിയുള്ള നിയമനങ്ങൾ

1772. **ശ്രീ.പി.ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം പി.എസ്.സി. വഴി എത്ര നിയമനങ്ങൾ നടത്തി; സംസ്ഥാനതലത്തിലും ജില്ലാതലത്തിലുമുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അഞ്ച് വർഷം കൊണ്ട് പി.എസ്.സി. വഴി നടത്തിയ നിയമനങ്ങളുടെ കണക്കുകൾ ജില്ല തിരിച്ച് വ്യക്തമാക്കുമോ?

## പി.എസ്.സി. പരീക്ഷകളും നിയമന ശുപാർശയും

1773. **ശ്രീ. എൻ .എ.നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ യൂണിവേഴ്സിറ്റി നിയമനങ്ങൾ പി.എസ്.സി.ക്കു വിടാൻ തീരുമാനിച്ചതിനുശേഷം ഉണ്ടായ മാറ്റങ്ങൾ വിലയിരുത്തിയിട്ടുണ്ടോ;

(ബി) കേരളത്തിലെ യൂണിവേഴ്സിറ്റി ലാസ്റ്റ് ഗ്രേഡ് ഒഴിവുകളിൽ താൽക്കാലിക ജിവനക്കാരായി ജോലി ചെയ്യുന്നവർ പി.എസ്.സി. വഴി നടത്തുന്ന പരീക്ഷകളിൽ പാസ്സായി ലിസ്റ്റിൽ ഇടം നേടിയെങ്കിലും നിയമനം ലഭിക്കാതെ ആശങ്കാകുലരായി കഴിയുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) യൂണിവേഴ്സിറ്റി നിയമനങ്ങൾ പി.എസ്.സിക്കു വിടാനും ഹയർസെക്കണ്ടറി സ്കൂളുകളിൽ അനധ്യാപക നിയമനം നടത്താനും ഈ സർക്കാർ തീരുമാനിച്ചുവെങ്കിലും നിയമനങ്ങളുടെ കാര്യത്തിൽ മുൻകാലങ്ങളെ അപേക്ഷിച്ചു വളരെ വലിയ കുറവാണു കഴിഞ്ഞ 5 വർഷങ്ങളിൽ വന്നിട്ടുള്ളതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) 2006 മുതൽ 2011 മെയ് വരെ പി.എസ്.സി. എത്ര പരീക്ഷകൾ നടത്തിയെന്നും എത്ര ഉദ്യോഗാർത്ഥികൾക്കു നിയമന ശിപാർശ നൽകിയെന്നും വ്യക്തമാക്കാമോ;

(ഇ) 2011 മുതൽ 2015 വരെ പി.എസ്.സി. നടത്തിയ പരീക്ഷകളുടെയും നിയമന ശിപാർശ നൽകിയ ഉദ്യോഗാർത്ഥികളുടെയും കണക്കു വ്യക്തമാക്കാമോ?

<u>കെ.എസ്.എഫ്.ഇ ജൂനിയർ അസിസ്റ്റന്റ്/കാഷ്യർ നിയമനം</u>

1774. **ശ്രീ.എ.എ.അസീസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം കെ.എസ്.എഫ്.ഇ ജൂനിയർ അസിസ്റ്റന്റ്/കാഷ്യർ തസ്തികയിലേക്കുള്ള നിയമനത്തിനായി എത്ര ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്ത് ലഭിച്ചിട്ടുണ്ട്;

(ബി) പ്രസ്തുത ഒഴിവുകളിൽ എത്ര പേർക്ക് നിയമന ശിപാർശ നൽകി; ഇനി എത്ര പേർക്ക് നിയമന ശിപാർശ നൽകാനുണ്ട്;

(സി) 2015-ൽ എത്ര ഒഴിവുകളാണ് പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്ത് ലഭിച്ചത്;

(ഡി) ഇതിൽ മുഴുവൻ പേർക്കും നിയമന ശിപാർശ നൽകിയോ എന്ന് വ്യക്തമാക്കുമോ?

<u>പി.എസ്സ്.സി റാങ്ക് ലിസ്റ്റുകൾ</u>

1775. **ശ്രീ.ജോസഫ് വാഴയ്ക്കൻ**

**,,** ഹൈബി ഈഡൻ

**,,** പി.എ.മാധവൻ

**,,** ഷാഫി പറമ്പിൽ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്സ്.സി റാങ്ക് ലിസ്റ്റുകളുടെ സമയബന്ധിതമായ പ്രസിദ്ധീകരണത്തിനായി ആവിഷ്ക്കരിച്ച കർമ്മപദ്ധതിയിലൂടെ എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ; ;

(ബി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

<u>എൽ.ഡി.സി നിയമനം</u>

1776. **ശ്രീ.പി.ശ്രീരാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ എൽ.ഡി.സി റാങ്ക് പട്ടികയിൽ നിന്ന് ഇതുവരെ എത്ര പേർക്കാണ് നിയമനം നൽകിയിരിക്കുന്നത്;

(ബി) പ്രസ്തുത പട്ടികയിൽ നിന്നും കാര്യമായി നിയമനങ്ങൾ നടന്നിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) വിവിധ വകുപ്പ തലവന്മാർ ഒഴിവുകൾ റിപ്പോർട്ട് ചെയ്യാതിരിക്കുന്നത്

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഒഴിവുകൾ റിപ്പോർട്ട് ചെയ്യിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ;

(ഇ) ജില്ലയിൽ വിവിധ വകുപ്പുകളിലായി നിലവിൽ എത്ര എൽ.ഡി.സി ഒഴിവുകളാണുള്ളത് എന്ന് വിശദമാക്കാമോ?

## നിയമനം നടക്കാത്ത പി.എസ്.സി റാങ്ക് ലിസ്റ്റുകൾ

1777. **ശ്രീ.എ.കെ.ബാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ പി.എസ്.സി. തയ്യാറാക്കിയ റാങ്ക് ലിസ്റ്റുകളിൽ ആർക്കും നിയമനം നൽകാത്ത റാങ്ക് ലിസ്റ്റുകൾ ഉണ്ടോ; എങ്കിൽ റാങ്ക് ലിസ്റ്റിന്റെ പേര്, വകുപ്പ്, ലിസ്റ്റ് നിലവിൽ വന്ന തീയതി, റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികളുടെ എണ്ണം എന്നിവ വ്യക്തമാക്കുമോ;

(ബി) പ്രസ്തുത റാങ്ക് ലിസ്റ്റിൽപ്പെട്ട തസ്തികയ്ക്ക്എത്ര ഒഴിവുകളാണ് ബന്ധപ്പെട്ട വകുപ്പ് പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിരുന്നത്; റാങ്ക് ലിസ്റ്റ് തിരിച്ചുള്ള വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) മൂന്ന് വർഷം കഴിഞ്ഞ എത്ര റാങ്ക് ലിസ്റ്റുകളുടെ കാലാവധി സർക്കാർ നിർദ്ദേശ പ്രകാരം നീട്ടിയിട്ടുണ്ട്; എത്ര പ്രാവശ്യം നീട്ടി; പ്രസ്തുത റാങ്ക് ലിസ്റ്റുകളിൽ കാലാവധി നീട്ടുന്നതിന് മുമ്പ് എത്ര നിയമനങ്ങൾ നടന്നു; കാലാവധി നീട്ടിയതിനു ശേഷം എത്ര നിയമനങ്ങൾ നടന്നു; റാങ്ക് ലിസ്റ്റ് തിരിച്ചുള്ള വിശദാംശങ്ങൾ വ്യക്തമാക്കുമോ?

## കോളേജ് അദ്ധ്യാപകരുടെ റെഗുലറൈസേഷൻ

1778. **ശ്രീ.എം.ഉമ്മർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോളേജ് അദ്ധ്യാപകരുടെ റെഗുലറൈസേഷനുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ പൂർത്തീകരിക്കുന്ന കാര്യത്തിൽ പി.എസ്.സി.യുടെ അനാവശ്യമായ കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) റെഗുലറൈസേഷൻ നടപടികൾ വൈകുന്നതിന്റെ കാരണം വിശദമാക്കാമോ;

(സി) 30.01.2016 വരെയുള്ള കാലയളവിൽ എത്ര പേരുടെ റെഗുലറൈസേഷൻ റിപ്പോർട്ടുകൾ വിദ്യാഭ്യാസ വകുപ്പിന് ലഭ്യമായിട്ടുണ്ട്; വിശദാംശം നൽകുമോ?

(ഡി) പ്രസ്തുത അദ്ധ്യാപകരുടെ റെഗുലറൈസേഷൻ നടപടികൾ എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയും എന്നറിയിക്കാമോ?

## ആലപ്പുഴ ജില്ലയിലെ പി.എസ്.സി നിയമനങ്ങൾ

1779. **ശ്രീ.പി.തിലോത്തമൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ കാലയളവിൽ ആലപ്പുഴ ജില്ലയിൽ പി.എസ്.സി റാങ്ക് ലിസ്റ്റിൽ നിന്നും എത്ര പേർക്ക് നിയമനം നൽകിയെന്ന വിവരം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ജില്ലയിൽ മേൽകാലയളവിൽ നിലവിൽ വന്ന പി.എസ്.സി.ലിസ്റ്റുകൾ ഏതെല്ലാമെന്നും അതിൽ നിന്നുമുള്ള നിയമനങ്ങൾ എത്രവരെയായെന്നും പറയാമോ;

(സി) പ്രസ്തുത ജില്ലയിൽ നിലവിലുണ്ടായിരുന്നതും ഈ സർക്കാർ കാലയളവിൽ നിലവിൽ വന്നതും ഒരാളെ പോലും നിയമിക്കാതെ ക്യാൻസലായതുമായ ലിസ്റ്റുകൾ ഏതെല്ലാമാണെന്നു പറയാമോ; ഇപ്രകാരമുള്ള ലിസ്റ്റുകളിൽ നോട്ടിഫിക്കേഷൻ വന്ന കാലത്ത് ഉണ്ടായിരുന്ന ഒഴിവുകളിലേയ്ക്ക് പോലും നിയമനം നടത്താതിരുന്ന ലിസ്റ്റുകൾ ഏതെല്ലാമാണെന്നും വ്യക്തമാക്കുമോ?

## ഇടുക്കി ജില്ലയിൽ ക്ലാർക്ക് തസ്തികയിൽ നിയമനം

1780. **ശ്രീ.കെ.കെ.ജയചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിൽ ക്ലാർക്ക് തസ്തികയിലെ പി.എസ്.സി.റാങ്ക് ലിസ്റ്റ് നിലവിൽ വന്നത് എന്നാണ്; ഇതുവരെ എത്ര പേർക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) 2016 ജനുവരി 31 വരെ റിപ്പോർട്ട് ചെയ്തതിൽ നിയമന ശിപാർശ നൽകാത്ത എത്ര ഒഴിവുകൾ ഉണ്ട്;യഥാസമയം നിയമന ശിപാർശ നൽകാതിരിക്കാനിടയായ സാഹചര്യം വിശദീകരിക്കാമോ;

(സി) യഥാസമയം ഒഴിവുകൾ റിപ്പോർട്ട് ചെയ്യാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

## ലാസ്റ്റ് ഗ്രേഡ് സബോർഡിനേറ്റ് സർവ്വീസ്

1781. **ശ്രീ.സി.കൃഷ്ണൻ :** താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലാസ്റ്റ് ഗ്രേഡ് നിയമനത്തിനായി സെക്രട്ടേറിയറ്റിൽ പുതുതായി നടപ്പിലാക്കുന്ന ലാസ്റ്റ് ഗ്രേഡ് സബോർഡിനേറ്റ് സർവ്വീസ് ചട്ടത്തിന്റെ പരിധിയിൽ

പി.എസ്.സി.യെ കൂടി ഉൾപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

## സിസ്റ്റം ഓഡിറ്റ്

1782. **ശ്രീ.എം.പി.വിൻസെൻറ് :** താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പി.എസ്.സി.-യിൽ സിസ്റ്റം ഓഡിറ്റ് നടപ്പിലാക്കുമോ ?

## വിരമിച്ച ജീവനക്കാർ

1783. **ശ്രീ.എം. ഹംസ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം ഓരോ വകുപ്പിൽ നിന്നും വിരമിച്ച ജീവനക്കാരുടെ വിശദാംശം വാർഷികാടിസ്ഥാനത്തിലും വകുപ്പ് തലത്തിലും ലഭ്യമാക്കാമോ;

(ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം എത്ര പേരെ പി. എസ്. സി. വഴി നിയമിച്ചു. വാർഷികാടിസ്ഥാനത്തിൽ വകുപ്പ് തിരിച്ച് വിശദാംശം ലഭ്യമാക്കാമോ;

(സി) ഈ സർക്കാർ പുതുതായി ഏതെല്ലാം സ്ഥാപനങ്ങളിലെ നിയമനമാണ് പി. എസ്. സി വഴിയാക്കിയതെന്ന് വിശദമാക്കാമോ?

## ഡയാലിസിസ് ടെക്നീഷ്യൻ കോഴ്സിന് അംഗീകാരം

1784. **ശ്രീമതി.പി. അയിഷാ പോറ്റി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ മെഡിക്കൽ കോളേജുകളിൽ നടത്തുന്ന ഡയാലിസിസ് ടെക്നീഷ്യൻ കോഴ്സ് പി.എസ്.സി. അംഗീകരിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ പ്രസ്തുത കോഴ്സിന് പി.എസ്.സി. അംഗീകാരം ലഭ്യമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ?

## ഒഴിവുകൾ റിപ്പോർട്ടുചെയ്യുന്നതിലെ വീഴ്ച

1785. **ശ്രീ.കെ.എൻ.എ.ഖാദർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒഴിവുകൾ യഥാസമയം പി.എസ്.സി.ക്ക് റിപ്പോർട്ടു ചെയ്യുന്നതിൽ മേലധികാരികൾ വീഴ്ചവരുത്തുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതൊഴിവാക്കുന്നതിന് നിർദ്ദേശം നൽകുകയും അത് പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും ചെയ്യുമോ;

(ബി) റിപ്പോർട്ട് ചെയ്യപ്പെട്ട ഒഴിവുകളിലേയ്ക്ക് പി.എസ്.സി. യഥാസമയം നിയമന ശിപാർശ നൽകുന്നില്ലെന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാലതാമസത്തിന് കാരണമെന്തെന്ന് പരിശോധിച്ചിട്ടുണ്ടോ; ഇതൊഴിവാക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

(സി) നിയമന ശിപാർശ നൽകി എത്ര ദിവസത്തിനകം പ്രസ്തുത തസ്തികയിലേക്ക് നിയമനം നൽകണമെന്നാണ് നിഷ്കർഷിച്ചിട്ടുള്ളത്; ചില കേസുകളിൽ നിയമന ശിപാർശ ലഭിച്ച് ഒരു വർഷം കഴിഞ്ഞിട്ടും നിയമനം ലഭിക്കാത്ത സ്ഥിതി വിശേഷം നിലവിലുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരം എത്ര കേസുകൾ നിലവിലുണ്ട്;

(ഡി) നിയമന ശിപാർശ ലഭിച്ചതിൽ നിയമനം ആഗ്രഹിക്കുന്ന എല്ലാവർക്കും നിയമനം ലഭിക്കുന്നുണ്ടോയെന്ന കാര്യം പരിശോധിക്കാറുണ്ടോ;

(ഇ) നിയമന ശിപാർശ ലഭിച്ചതും നിയമനം ലഭിക്കേണ്ട നിശ്ചിത കാലാവധിക്ക് ശേഷവും നിയമനം ലഭിക്കാത്തതുമായ എല്ലാ കേസുകളും പ്രത്യേകം പരിശോധിച്ച് ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

## കാസർഗോഡ് ജില്ല ലോവർ ഡിവിഷൻ ക്ലാർക്ക് ഒഴിവും നിയമനവും

1786. **ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ എൽ.ഡി. ക്ലാർക്ക്മാരുടെ എത്ര തസ്തികകൾ ഒഴിഞ്ഞ് കിടപ്പുണ്ടെന്ന് അറിയിക്കാമോ;

(ബി) ഒഴിവുകൾ പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) പ്രസ്തുത തസ്തികയിൽ നിയമനം നടത്തുന്നതിനുള്ള പി.എസ്.സി റാങ്ക് ലിസ്റ്റ് എന്നാണ് നിലവിൽ വന്നത്; ഇതിൽ നിന്ന് എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ?

## സബോർഡിനേറ്റ് സർവ്വീസ്

1787. **ശ്രീ.മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവ. സെക്രട്ടേറിയറ്റിലെ ലാസ്റ്റ് ഗ്രേഡ് വിഭാഗം ജീവനക്കാർക്ക് സബോർഡിനേറ്റ് സർവ്വീസ് നടപ്പിലാക്കുന്നത് സംബന്ധിച്ച നടപടികൾ ഏതുവരെയായി എന്ന് വ്യക്തമാക്കുമോ;

(ബി) കേരള പബ്ലിക് സർവ്വീസ് കമ്മീഷനിലെ ലാസ്റ്റ് ഗ്രേഡ് വിഭാഗം ജീവനക്കാർക്കും സബോർഡിനേറ്റ് സർവ്വീസ് ബാധകമാക്കുമോ; വിശദാംശം ലഭ്യമാക്കുമോ;

(സി) പി.എസ്.സി. യിലെ താഴ്ന്ന വിഭാഗം ജീവനക്കാർക്ക് സബോർഡിനേറ്റ് സർവ്വീസ് നടപ്പിലാക്കണമെന്നാവശ്യപ്പെട്ട് ഏതെങ്കിലും സംഘടനകളോ വ്യക്തികളോ നിവേദനങ്ങൾ പി.എസ്.സി.ക്കോ സർക്കാരിനോ നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ?

## യൂണിവേഴ്സിറ്റി അസിസ്റ്റന്റ്

1788. **ശ്രീ.റ്റി.വി.രാജേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ യൂണിവേഴ്സികളിലെ അനധ്യാപക നിയമനങ്ങൾ പി.എസ്.സി.ക്കു വിട്ട സാഹചര്യത്തിൽ നിലവിലുള്ള സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് റാങ്ക് ലിസ്റ്റിൽ നിന്നും അസിസ്റ്റന്റുമാരുടെ നിയമനം നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ഓരോ യൂണിവേഴ്സിറ്റിയിലും നിലവിൽ എത്ര ഒഴിവുകളുണ്ടെന്നു അറിയാമോ ;

(സി) നിലവിലുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്നും എത്രപേർക്ക് നിയമനം നൽകിയിട്ടുണ്ട്; റാങ്ക് ലിസ്റ്റിന്റെ കാലാവധി എപ്പോൾ അവസാനിക്കും; വിശദമാക്കുമോ?

## ഭിന്നശേഷിയുള്ള ഉദ്യോഗാർത്ഥികൾക്ക് നിയമനം

1789. **പ്രൊഫ. സി.രവീന്ദ്രനാഥ് :** താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വിവിധ സർക്കാർ വകുപ്പുകളിൽ എത്ര ഭിന്നശേഷിയുള്ള ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകിയെന്ന് വകുപ്പ് തിരിച്ച് വ്യക്തമാക്കാമോ ?

## മന്ത്രിമാർക്കെതിരായ കേസും കോടതിവിധിയും മന്ത്രിമാരുടെ രാജിയും

1790. **ശ്രീ.എ.കെ.ബാലൻ**

**,, പി.ശ്രീരാമകൃഷ്ണൻ**

,, കെ.കെ.നാരായണൻ

,, ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മന്ത്രിസഭയിൽ നിന്നും രാജിവെച്ചുകൊണ്ട് മുഖ്യമന്ത്രിക്ക് കത്ത് സമർപ്പിച്ച മന്ത്രിമാർ ആരൊക്കെയായിരുന്നു;

(ബി) ഏതെല്ലാം സാഹചര്യങ്ങളിലായിരുന്നു മന്ത്രിമാർ രാജി സമർപ്പിച്ചിരുന്നത്; ആരുടെയെല്ലാം രാജിക്കത്ത് മുഖ്യമന്ത്രി ഗവർണർക്ക് കൈമാറുകയുണ്ടായി; രാജി സ്വീകരിച്ചതിന്റെയും സ്വീകരിക്കാതിരുന്നതിന്റെയും കാര്യകാരണങ്ങൾ വിശദമാക്കാമോ;

(സി) രാജി സമർപ്പിച്ചിരുന്ന ശ്രീ. ബാബുവിനെതിരെയും ശ്രീ. കെ. എം. മാണിക്കെതിരെയും ഉയർന്നുവന്നിരുന്ന ആരോപണത്തിൽ യാതൊരു കേസും ഇല്ലെന്ന് ഹൈക്കോടതിയോ മറ്റേതെങ്കിലും കോടതിയോ പറഞ്ഞിട്ടുണ്ടോ; തൃശ്ശൂർ, തിരുവനന്തപുരം വിജിലൻസ് കോടതികളുടെ ഉത്തരവ് ഏതെങ്കിലും കോടതി റദ്ദുചെയ്യുകയോ പരാതികളിൽ നടപടികൾ പൂർത്തിയാക്കി കുറ്റവിമുക്തമാക്കുകയോ ചെയ്തിട്ടുണ്ടോ;

(ഡി) കേസിൽ വിജിലൻസ് കോടതികളുടെ ഉത്തരവുകൾക്കെതിരെ കേരള സർക്കാർ ഹൈക്കോടതിയെ സമീപിക്കുകയുണ്ടായോ; സർക്കാർ ഹർജികളിൽ കോടതി ഉത്തരവ് എന്തായിരുന്നു; വിജിലൻസ് കോടതികളുടെ ഉത്തരവ് ഹൈക്കോടതി റദ്ദാക്കുകയുണ്ടായോ;

(ഇ) രണ്ടാളുടെയും പേരിലുള്ള കേസ് അന്വേഷണങ്ങളുടെ നിജസ്ഥിതി വെളിപ്പെടുത്താമോ ?

## <u>ലാബ് ടെക്നീഷ്യൻ ഗ്രേഡ് 2 തസ്തികയിലെ നിയമനം</u>

1791. ശ്രീ.രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ ജില്ലകളിലേയ്ക്ക് ലാബ് ടെക്നീഷ്യൻ ഗ്രേഡ് 2 തസ്തികയിലേക്ക് പി.എസ്.സി റാങ്ക് ലിസ്റ്റുകൾ പ്രസിദ്ധീകരിച്ച തീയതികൾ ഏതൊക്കെയെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ലിസ്റ്റുകളിൽ നിന്നും അഡ്വൈസ് ചെയ്യപ്പെട്ടവർ, ഏറ്റവും ഒടുവിൽ അഡ്വൈസ് ചെയ്യപ്പെട്ട തീയതി എന്നിവയുടെ പട്ടിക ജില്ല തിരിച്ച് ലഭ്യമാക്കാമോ;

(സി) പത്തനംതിട്ട ജില്ലയിയിലെ പ്രസ്തുത പി.എസ്.സി റാങ്ക് ലിസ്റ്റിന്റെ കാലാവധി എന്ന് അവസാനിക്കുമെന്ന് വ്യക്തമാക്കുമോ;

(ഡി) എത്ര തസ്തികകൾ ഒഴിവുള്ളതായാണ് ജില്ലാ മെഡിക്കൽ ആഫീസർ

അറിയിച്ചിട്ടുള്ളത്; ഇതിലേക്ക് നിയമനം നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഇ) നിയമനങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് ഡി.എം.ഒ യിൽ നിന്നും റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; നിയമനം വേഗത്തിലാക്കാൻ എന്തൊക്കെ നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## <u>സൈനികൻ ശ്രീ.കെ. വി. പ്രദീപന്റെ വിധവയുടെ നിവേദനം</u>

1792. **ശ്രീ.ഇ.പി.ജയരാജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സേവനത്തിലിരിക്കെ മരണമടഞ്ഞ സൈനികൻ ശ്രീ.കെ. വി. പ്രദീപന്റെ വിധവയ്ക്ക് സർക്കാർ സർവ്വീസിൽ തൊഴിൽ നൽകണമെന്നും സൈനിക ക്ഷേമനിധിയിൽ നിന്നും അർഹതപ്പെട്ട ആനുകൂല്യങ്ങൾ നൽകണമെന്നും ആവശ്യപ്പെട്ടുള്ള നിവേദനം എപ്പോഴാണ് ഗവൺമെന്റിനു സമർപ്പിച്ചത്;

(ബി) ഇതു സംബന്ധിച്ച് പൊതുഭരണ വകുപ്പിലെ No. 6693/SW3/12/GAD ഫയലിൻമേലുള്ള നടപടികൾ ഏതു ഘട്ടത്തിലാണ്;

(സി) മരണമടഞ്ഞ സൈനികന്റെ വിധവയ്ക്ക് സമാശ്വാസ തൊഴിൽ നൽകുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണ്;

(ഡി) സൈനിക സേവനത്തിലിരിക്കെ മരണമടയുന്നവരുടെ ആശ്രിതർക്ക് ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ ലഘൂകരിക്കുവാനും സേവനങ്ങൾ വേഗത്തിൽ ലഭ്യമാക്കുവാനും നടപടികൾ സ്വീകരിക്കുമോ?

## <u>ഷാജു അനൂപ് എന്നിവർക്കുള്ള ധനസഹായം</u>

1793. **ശ്രീ.ബി.ഡി. ദേവസ്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട ശ്രീ. P.U. ഷാജു പുറക്കുളം (H), പോട്ട എന്ന രോഗിയുടെ വൃക്ക മാറ്റിവയ്ക്കൽ ചികിത്സക്കായും , അനൂപ് S/o ഗ്രേസി ജോസ്, പെല്ലിശ്ശേരി (H), വാഴക്കുന്ന് എന്ന രോഗിയുടെ ചികിത്സക്കായും കാരുണ്യ ബെനവലന്റ് ഫണ്ടിൽ നിന്നും ധനസഹായം ലഭിക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷകളിൽ ധനസഹായം വിതരണം ചെയ്യാത്തത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ധനസഹായം അടിയന്തരമായി വിതരണം ചെയ്യുവാനുള്ള നടപടി സ്വീകരിക്കുമോ?

<u>മട്ടന്നൂർ സ്വദേശികളുടെ കുടുംബത്തിനുള്ള അധിക ധനസഹായം</u>

1794. **ശ്രീ.ഇ.പി.ജയരാജൻ :** താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ഐക്കരപ്പടിയിൽ 23.11.2015-ന് ടൂറിസ്റ്റ് ബസും ലോറിയും കൂട്ടിയിടിച്ച് മരണപ്പെട്ട മട്ടന്നൂർ സ്വദേശികളായ അഞ്ചുപേരുടെ കുടുംബത്തിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും രണ്ടു ലക്ഷം രൂപ വീതം 8.12.2015-ലെ ജി.ഒ. (എം.എസ്.) നമ്പർ 651/2015/റവന്യൂ (ഡി.ആർ.എഫ്-ബി) വകുപ്പിന്റെ ഉത്തരവു പ്രകാരം അനുവദിച്ചെങ്കിലും കൂടുതൽ തുക അനുവദിക്കണമെന്നാവശ്യപ്പെട്ട് നേരിട്ട് നിവേദനം നൽകുകയും നിയമസഭയിൽ വിഷയം ഉന്നയിക്കുകയും ചെയ്തതിനെതുടർന്ന് ഓരോ കുടുംബത്തിനും അനുവദിച്ച തുക മൂന്നു ലക്ഷം രൂപയായി ഉയർത്താമെന്ന് ഉറപ്പ് നൽകിയതിനെ തുടർന്ന് ദുരിതാശ്വാസനിധിയിൽ നിന്നും സഹായധനം മൂന്നുലക്ഷം രൂപയായി വർദ്ധിപ്പിച്ചുകൊണ്ട് ഉത്തരവു പുറപ്പെടുവിക്കയുണ്ടായോ; എങ്കിൽ ഉത്തരവ് ലഭ്യമാക്കുമോ?

<u>തിരൂർ മണ്ഡലത്തിലെ രോഗികൾക്ക് കാരുണ്യപദ്ധതിപ്രകാരമുള്ള സഹായധനം</u>

1795. **ശ്രീ.സി.മമ്മൂട്ടി :** താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ കാരുണ്യചികിത്സാ ധനസഹായ പദ്ധതിപ്രകാരം തിരൂർ മണ്ഡലത്തിലുൾപ്പെട്ട രോഗികൾക്ക് എത്ര തുക സഹായധനമായി അനുവദിച്ചിട്ടുണ്ടെന്നതിന്റെ കണക്ക് പേരുവിവരം സഹിതം ലഭ്യമാക്കുമോ?

<u>ദിവ്യ .ആർ, ദീപു. ആർ എന്നിവർനൽകിയ പരാതി</u>

1796. **ശ്രീ.മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദിവ്യ .ആർ, ദീപു. ആർ എന്നിവർ പെറ്റീഷൻ നമ്പർ 6055/CM/VIP/14 തീ. 16/7/2014, കുമാരി അശ്വതി ജോൺ പെറ്റീഷൻ നമ്പർ 6831/CM/VIP/2015 തീ. 31/8/2015 എന്നിവ പ്രകാരം ബഹു. മുഖ്യമന്ത്രിക്ക് നൽകിയ അപേക്ഷകളിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പെറ്റീഷനുകൾ സോഷ്യൽ സെക്യൂരിറ്റി മിഷന് കൈമാറിയോ; സോഷ്യൽ സെക്യൂരിറ്റി മിഷൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്നറിയിക്കാമോ; ഇക്കാര്യം

പരാതിക്കാരെയും എം.എൽ.എ.യെയും അറിയിച്ചിട്ടുണ്ടോ; ഇല്ലായെങ്കിൽ കാരണം വ്യക്തമാക്കാമോ;

(സി) പ്രസ്തുത പെറ്റീഷനുകൾക്ക് തൃപ്തികരമായ മറുപടി നൽകാത്ത ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കാമോ;

(ഡി) പ്രസ്തുത അപേക്കൾ സ്വീകരിച്ച് ഇവർക്ക് സഹായം നൽകുന്ന കാര്യം പരിഗണിക്കുമോ; ഇവരുടെ തുടർ വിദ്യാഭ്യാസത്തിന് ബഹു.മുഖ്യമന്ത്രി നൽകിയിരിക്കുന്ന ഉറപ്പ് പാലിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>അങ്കമാലി നിയോജക മണ്ഡലം</u>

1797. **ശ്രീ.ജോസ് തെറ്റയിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജകമണ്ഡലത്തിലെ മാമ്പ്രകരയിൽഎരയാംകുടി കരയിൽ കുന്നപ്പിള്ളി വീട്ടിൽ ശാന്ത സുബ്രഹ്മണ്യൻ, ഉറവൂർ പഞ്ചായത്തിൽ ആനപ്പാറ കരയിൽ വടക്കുംതല വീട്ടിൽ ജോൺസൺ, പാറക്കടവ് പഞ്ചായത്തിൽ കുറുമശ്ശേറി കരയിൽ പന്തലാക്കൽ വീട്ടിൽ രജിത എന്നിവർക്ക്മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും യഥാക്രമം അൻപതിനായിരം, ഒരു ലക്ഷം, ഒരു ലക്ഷം രൂപ വീതം അനുവദിച്ചുവെങ്കിലും ആയത് ലഭിക്കുന്നതിനുള്ള കാലതാമസത്തിന്റെ കാരണം വിശദമാക്കാമോ;

(ബി) ഇത് എന്നത്തേക്ക് ലഭ്യമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ;

(സി)

<u>ദുരിതാശ്വാസ നിധിയിൽ നിന്നുള്ള സഹായം</u>

1798. **പ്രൊഫ. സി.രവീന്ദ്രനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും തുക അനുവദിക്കുന്നത് മുടങ്ങിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ ;

(സി) തടസ്സം നീക്കി അർഹരായ എല്ലാ അപേക്ഷകർക്കും തുക അനുവദിക്കാൻ നടപടി സ്വീകരിക്കുമോ ?

<u>മലയാറ്റൂർ വട്ടപറമ്പിൽ വീട്ടിൽ പൗലോസ് കോരതിന്റെ അപേക്ഷ</u>

1799. ശ്രീ.ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയാറ്റൂർ നിയോജകമണ്ഡലത്തിലെ കാടപ്പാറ കരയിൽ വട്ടപറമ്പിൽ വീട്ടിൽ പൗലോസ് കോരത് ടിയാൾക്ക് ഹൃദയ സംബന്ധമായ രോഗത്തിന് ദുരിതാശ്വാസ നിധിയിൽ നിന്നും തുക അനുവദിച്ച് കിട്ടുന്നതിനായി Lr. No. jt/ang-15/521 dated 16.6.2015 സമർപ്പിച്ച അപേക്ഷയിൽ (No. 4681/VIP/CM/2015 dated 07.07.2015) സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വ്യക്തമാക്കാമോ;

(ബി) കുടുംബത്തിന്റെ ദയനീയാവസ്ഥ കണക്കിലെടുത്ത് തുക അടിയന്തരമായി അനുവദിക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

ദുരിതാശ്വാസനിധി

1800. ശ്രീ.ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും തുക അനുവദിച്ചിട്ടും ഹെഡ് ഓഫ് അക്കൗണ്ടിൽ പണമില്ലാത്തതിന്റെ പേരിൽ പ്രസ്തുത തുക രോഗികൾക്ക് ലഭ്യമാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അനുവദിച്ച തുക വിതരണം ചെയ്യാൻ കാലതാമസം നേരിടുന്നതിന്റെ കാരണം വിശദമാക്കാമോ;

(സി) ഈ ഇനത്തിൽ കുടിശ്ശിക എത്രയെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത കുടിശ്ശിക എന്നത്തേക്ക് വിതരണം ചെയ്യാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

എൻഡോസൾഫാൻ ദുരിതബാധിതർ നടത്തിയ സമരം

1801. പ്രൊഫ. സി.രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻഡോസൾഫാൻ ദുരിതബാധിതർ നടത്തിയ സമരം ഒത്ത്തീർപ്പാക്കിക്കൊണ്ട് എന്തൊക്കെ ആനുകൂല്യങ്ങളാണ് പ്രഖ്യാപിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(ബി) പ്രഖ്യാപിച്ച ആനുകൂല്യങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ?

എൻഡോസൾഫാൻ ദുരിതബാധതർക്കായി പാക്കേജ്

1802. **ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി :** താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻഡോസൾഫാൻ ദുരിതബാധതർക്ക് ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പുതുതായി എന്തെങ്കിലും പാക്കേജുകൾ പ്രഖ്യാപിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

## മുഖ്യമന്ത്രിയുടെ ചികിത്സാ സഹായ നിധി

1803. **ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :** താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള മുഖ്യമന്ത്രിയുടെ ചികിത്സാ സഹായ നിധിയിൽ നിന്നും സാമ്പത്തിക സഹായത്തിനായി അപേക്ഷ നൽകിയവരിൽ ഇനിയും തുക അനുവദിക്കാനുള്ള എത്ര അപേക്ഷകൾ മുഖ്യമന്ത്രിയുടെ ഓഫീസിൽ ഉണ്ടെന്ന് വ്യക്തമാക്കാമോ; സഹായം അനുവദിച്ചവരിൽ എത്ര പേർക്ക് ഇനിയും തുക ലഭ്യമാക്കാനുണ്ടെന്നും, ഇത് എപ്പോൾ ലഭ്യമാക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി

1804. **ശ്രീ.മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സി.എം.ഡി.ആർ.എഫ്. നം.13503/2015, തീയതി 17/03/2015 ആയി അപേക്ഷ സമർപ്പിച്ചിരുന്ന ശ്രീ.നാരായണൻകുട്ടി, കുന്നശ്ശേരിയിൽ കടുത്തുരുത്തി, കോട്ടയം എന്നയാൾക്ക്, തുക അനുവദിച്ചിട്ടുണ്ടോ; ഇതിന്റെ ജി.ഒ. ഇറങ്ങിയിട്ടുണ്ടോ; ഉണ്ടെങ്കിൽ കോപ്പി നൽകാമോ; തുക കൈമാറുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ബി) സി.എം.ഡി.ആർ.എഫ്. നം.13030, തീയതി 16/03/2015 ആയി അപേക്ഷ സമർപ്പിച്ചിരുന്ന ശ്രീമതി ഏലിയാമ്മ, കട്ടത്തറ വീട്, ചമ്പകുളം, കുട്ടനാട്,ആലപ്പുഴ എന്നയാളുടെ നിവേദനത്തിൽ തുക അനുവദിച്ചിട്ടുണ്ടോ, തുക കൈമാറിയിട്ടുണ്ടോ; ഇതിന്റെ ജി.ഒ. ഇറങ്ങിയിട്ടുണ്ടോ; ആയതിന്റെ കോപ്പി ലഭ്യമാക്കാമോ;

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി

1805. **ശ്രീ.സി.മമ്മൂട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ ഉൾപ്പെടുത്തി തിരൂർ മണ്ഡലത്തിൽ എത്ര തുക നൽകി;

(ബി) ഇതിൽ 10,000രൂപയ്ക്ക് മുകളിൽ ധനസഹായം നൽകിയ എത്ര അപേക്ഷകൾ ഉണ്ടായിരുന്നു; അവരുടെ പേര് വിവരം, നൽകിയ തുക സഹിതം വ്യക്തമാക്കുമോ?

## പറമ്പിക്കുളം-ആളിയാർ കരാർ

T 1806. **ശ്രീ.വി.ചെന്താമരാക്ഷൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പറമ്പിക്കുളം-ആളിയാർ കരാർ പ്രകാരം കേരളത്തിന് നൽകുന്ന ജല വിഹിതം എത്രയെന്ന് വിശദാമാക്കുമോ;

(ബി) കേരള-തമിഴ് നാട് ജലവിനിമയ നിയന്ത്രണ ബോർഡ് യോഗം ചേർന്നത് എന്നാണ് എന്ന് വ്യക്തമാക്കുമോ; പ്രസ്തുത ബോർഡ് വർഷത്തിൽ എത്ര തവണ യോഗം ചേരുമെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത കരാർ പ്രകാരം നടപ്പ് വർഷം സംസ്ഥാനത്തിന് ലഭിച്ചിട്ടുള്ള ജലം എത്രയെന്നും ഭാവിയിൽ എത്ര ലഭിക്കുമെന്നും ഇതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്നും വിശദമാക്കുമോ?

## ഒരു ഡ്രോയിംഗ് അന്റ് ഡിസ്ബേഴ്സിംഗ് ഓഫീസർ സംവിധാനം

1807. **ശ്രീ.എം.ഉമ്മർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു ഓഫീസിന് ഒരു ഡി.ഡി.ഒ (ഡ്രോയിംഗ് ആന്റ് ഡിസ്ബേഴ്സിംഗ് ഓഫീസർ) സംവിധാനം ഏർപ്പെടുത്തിയതു മൂലമുണ്ടായ പോരായ്മകൾ പരിശോധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത സംവിധാനം നടപ്പിലാക്കിയപ്പോൾ ജീവനക്കാരുടെ അധിക ജോലിഭാരത്തെ സംബന്ധിച്ച് പരിശോധിച്ചിട്ടുണ്ടോ;

(സി) ഇത്തരം സംവിധാനം കാര്യക്ഷമമായി നടത്തുന്നതിന് ജീവനക്കാരുടെ കുറവ് പരിഹരിക്കാൻ എന്തെല്ലാം നിർദ്ദേശങ്ങളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ ?

## ഗസറ്റഡ് ഉദ്യോഗസ്ഥന്മാരുടെ ശമ്പളം

1808. **ശ്രീ.എ. കെ. ശശീന്ദ്രൻ**

**,, തോമസ് ചാണ്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി

നൽകുമോ:

(എ) ഗസറ്റഡ് ഉദ്യോഗസ്ഥരുടെ ശമ്പളം ഇനി മുതൽ ഒന്നിച്ച് മാറിയെടുക്കണമെന്ന ധനവകുപ്പിന്റെ ഉത്തരവ് മൂലം ട്രഷറി വകുപ്പ് അടച്ചു പൂട്ടുന്ന സ്ഥിതിയിലേയ്ക്കും ബാങ്കുകൾ വൻ നേട്ടം ഉണ്ടാക്കുന്ന സ്ഥിതിയിലേയ്ക്കും മാറുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഭൂരിപക്ഷം ഗസറ്റഡ് ഉദ്യോഗസ്ഥന്മാരും ശമ്പളം മുഴുവനായി പിൻവലിക്കാത്തത് കാരണം ബാക്കി തുക നിക്ഷേപമായി സർക്കാരിന് ഉപയോഗിക്കത്തക്ക രീതിയിൽ കിടക്കുമായിരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തെക്കുറിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ;

(സി) ഇക്കാര്യത്തിൽ മുമ്പ് ഉണ്ടായിരുന്ന സംവിധാനം നിലനിർത്തി ട്രഷറി സേവിങ്സ് ബാങ്ക് സംവിധാനം ശക്തിപ്പെടുത്തി സംസ്ഥാന ഖജനാവിന് കൂടുതൽ ശക്തി പകരുന്ന കാര്യം പരിഗണിയ്ക്കുമോ?

<u>സെയിൽസ് ടാക്സ്, എക്സൈസ് ടാക്സ് വരുമാനം</u>

1809. **ശ്രീ.സി.ദിവാകരൻ :** താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-2015, 2015-16 സാമ്പത്തിക വർഷം സെയിൽടാക്സ് ഇനത്തിൽ വരുമാനം എത്രയാണെന്ന് വ്യക്തമാക്കാമോ; ബിവറേജസ് കോർപ്പറേഷനിൽ നിന്ന് പ്രസ്തുത വർഷങ്ങളിൽ സർക്കാരിന് ലഭിച്ച സെയിൽടാക്സ്, എക്സൈസ് വരുമാനം എത്രയാണ്?

<u>ഇ-ടെണ്ടറിംഗ് വ്യവസ്ഥയിൽ ഇളവ്</u>

1810. **ശ്രീ.ചിറ്റയം ഗോപകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്റ്റിമേറ്റ് തുക അഞ്ച് ലക്ഷത്തിനും പതിനഞ്ച് ലക്ഷത്തിനും ഇടയ്ക്കുള്ള ചില പ്രവൃത്തികൾക്ക് ഇ-ടെണ്ടറിംഗ് വ്യവസ്ഥ ഒഴിവാക്കി ധനകാര്യ (ഇൻഡസ്ട്രീസ് & പി.ഡബ്ല്യൂ.ഡി വകുപ്പ് സ.ഉ.(പി) നം. 4/2016/ധന തീയതി 13.01.2016 ഉത്തരവ് പുറപ്പെടുവിച്ചതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) പട്ടികജാതി വകുപ്പ് കോർപ്പസ് ഫണ്ട് വിനിയോഗിച്ച്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർ നിർവ്വഹണ ഏജൻസികളായിട്ടുള്ള പ്രവൃത്തികൾക്കും നടപ്പ് സാമ്പത്തിക വർഷത്തിൽ ഇത്തരത്തിൽ ടെണ്ടറിംഗ് വ്യവസ്ഥ ഒഴിവാക്കിയിട്ടുണ്ടോ;

(സി) മേൽ ഉത്തരവിലെ രണ്ടാം ഖണ്ഡികയിലെ "തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ

പ്രവൃത്തികൾക്കൊഴികെ" എന്ന സൂചനയുടെ സ്പഷ്ടീകരണം ലഭ്യമാക്കുമോ?

എം.എൽ.എ മാരുടെ ആസ്തി വികസന ഫണ്ട

1811. **ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :** താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ മാരുടെ ആസ്തി വികസന ഫണ്ടിൽ നിന്നും ഗ്രാമീണ റോഡുകൾ പി ഡബ്ള്യു. ഡി. മുഖേന നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടും, തുക ലഭിക്കുന്നതിനുള്ള തടസ്സം നേരിടുന്നതുമൂലം സമയബന്ധിതമായ പ്രവർത്തി ചെയ്യാൻ കഴിയാതെ വരുന്നതിനാൽ ഇക്കാര്യത്തിൽ ധനകാര്യവകുപ്പ് സമയബന്ധിതമായ ഇടപെട്ട്, പ്രവർത്തിനം നടത്താൻ വേണ്ട അനുകൂല സാഹചര്യമുണ്ടാക്കുമോയെന്ന് വ്യക്തമാക്കാമോ?

പലിശ സമാശ്വാസ പദ്ധതി

1812. **ശ്രീ.കെ.വി.അബ്ദുൾ ഖാദർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്ത്രീ സംരംഭകർക്കായി ബജറ്റിലൂടെ പ്രഖ്യാപിച്ച പലിശ സമാശ്വാസ പദ്ധതിയുടെ ഭരണാനുമതി നല്കിയിട്ടുണ്ടോ;

(ബി) ഈ വർഷത്തെ ബജറ്റിൽ ഈ പദ്ധതിക്ക് വകയിരുത്തപ്പെട്ട തുക എത്ര;

(സി) പ്രസ്തുത പദ്ധതി പ്രകാരം, പലിശ ബാധ്യത ഇനത്തിൽ ഖജനാവിൽ നിന്നും പിൻവലിക്കപ്പെട്ട തുക എത്ര ?

ശമ്പള പരിഷ്കരണം

1813. **ശ്രീ.കെ.കെ.ജയചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1/7/2014 തീയതി മുതൽ മുൻകാല പ്രാബല്യം നൽകി നടപ്പിലാക്കിയ ശമ്പള പരിഷ്കരണത്തിൽ ഒരു ജീവനക്കാരന് ലഭിക്കുന്ന കുറഞ്ഞ വർദ്ധനവ് എത്ര രൂപയാണ്;

(ബി) 1/7/2009 തീയതി മുതൽ പ്രാബല്യത്തിൽ വന്ന ശമ്പള പരിഷ്കരണത്തിൽ ഒരു ജീവനക്കാരന് ശമ്പളത്തിൽ ലഭിച്ച കുറഞ്ഞ വർദ്ധനവ് എത്ര രൂപയായിരുന്നു?

എച്ച്.ആർ.എ - വൈ കാറ്റഗറി നഗരം

1814. **ശ്രീ.പി.ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര ജീവനക്കാർക്ക് എച്ച്.ആർ.എ നൽകുന്നതിനായി വൈ കാറ്റഗറി നഗരമായി കോഴിക്കോട്, കൊച്ചി, തിരുവനന്തപുരം, തൃശ്ശൂർ, കൊല്ലം എന്നിവയുടെ കൂടെ 21.7.15 ലെ 2/5/2014-E II (B)/ Ministry/ Fin നമ്പർ ഉത്തരവ് പ്രകാരം മലപ്പുറത്തേയും ഉൾപ്പെടുത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ജസ്റ്റിസ് രാമപചന്ദ്രൻ നായർ അദ്ധ്യക്ഷനായുള്ള ശമ്പള പരിഷ്കരണ കമ്മീഷൻ മലപ്പുറം നഗരത്തിൽ അനുവദിക്കുവാൻ ശിപാർശ ചെയ്ത എച്ച്.ആർ.എ 20.1.2016-ലെ പുതിയ ഉത്തരവ് പ്രകാരം അനുവദിച്ചിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ കോഴിക്കോട്, കൊച്ചി, തിരുവനന്തപുരം, തൃശ്ശൂർ, കൊല്ലം, കണ്ണൂർ നഗരങ്ങളിലെ ജീവനക്കാർക്ക് അർഹമായ എച്ച്.ആർ.എ മലപ്പുറം നഗരത്തിലെ ജീവനക്കാർക്കും അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ?

<u>പത്താം ശമ്പള കമ്മീഷൻ റിപ്പോർട്ട്</u>

1815. **ശ്രീ.പി.തിലോത്തമൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ ശമ്പള പരിഷ്കരണ ഉത്തരവ് ഇറക്കിയപ്പോൾ, പത്താം ശമ്പള കമ്മീഷൻ റിപ്പോർട്ടിലെ നിർദ്ദേശത്തിന് വിരുദ്ധമായി ജീവനക്കാർക്കും അധ്യാപകർക്കും കുറവ് ചെയ്ത ആനുകൂല്യങ്ങൾ എന്തെല്ലാമെന്ന് പറയാമോ;

(ബി) പ്രസ്തുത പരിഷ്കരണത്തിന് മുമ്പ് ജീവനക്കാർക്കും അദ്ധ്യാപകർക്കും എത്ര ശതമാനം ഡി.എ ആണ് നൽകിയിരുന്നത്; പരിഷ്കരണത്തോടെ അടിസ്ഥാന ശമ്പളത്തിൽ ലയിപ്പിച്ച ഡി.എ. എത്ര ശതമാനം ; പുതിയ അടിസ്ഥാന ശമ്പളത്തോടൊപ്പം എത്ര ശതമാനം ഡി.എ നൽകുന്നുണ്ടെന്നും വ്യക്തമാക്കുമോ;

(സി) അടുത്ത ശമ്പള പരിഷ്കരണം ഏതു വർഷം നടപ്പിലാക്കുമെന്ന് തീരുമാനിച്ചിട്ടുണ്ടോ, എങ്കിൽ എന്ന് നടപ്പാക്കും എന്ന് അറിയിക്കുമോ?

<u>അഞ്ചാം സംസ്ഥാന ധനകാര്യ കമ്മീഷൻ റിപ്പോർട്ടിലെ ശിപാർശകൾ</u>

1816. **ശ്രീ.വി.ശിവൻകുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഞ്ചാം സംസ്ഥാന ധനകാര്യ കമ്മീഷൻ റിപ്പോർട്ടിലെ ശിപാർശകൾ പ്രകാരം പ്രാദേശിക സർക്കാരുകൾക്കായി 2016-17 സാമ്പത്തിക വർഷത്തിൽ പൂർണ്ണമായി നിർദ്ദേശിക്കപ്പെട്ട തുക ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഇല്ലെങ്കിൽ ആയത് എന്നത്തേക്ക് വകയിരുത്തുമെന്ന് വിശദമാക്കുമോ?

അഞ്ചാം ധനകാര്യ കമ്മീഷന്റെ റിപ്പോർട്ട്

1817. ശ്രീ.വി.ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഞ്ചാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ റിപ്പോർട്ടിലെ ശുപാർശകൾ സർക്കാർ അംഗീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത ശുപാർശകളിന്മേൽ എന്തൊക്കെ നടപടികൾ സ്വീകരിക്കപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

റവന്യൂ റിക്കവറി വിഭാഗത്തിൽ പി.എസ്.സി വഴി നിയമനം

1818. ശ്രീ.ബി.സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസിലെ റവന്യൂ റിക്കവറി വിഭാഗത്തിൽ സർക്കാർ സർവ്വീസിൽ നിന്ന് പിരിഞ്ഞവരെയും 65 വയസ്സ കഴിഞ്ഞവരെയും തുടരാൻ അനുവദിക്കുന്നത് എന്തു മാനദണ്ഡത്തിലാണ്;

(ബി) റവന്യൂ വകുപ്പിൽ നിന്നും പെൻഷൻ പറ്റിയ ഒരു സംഘം വ്യക്തികൾ വർഷങ്ങളായി ജോലിചെയ്യുന്ന കെ.എസ്.എഫ്.ഇ റവന്യൂ റിക്കവറി വിഭാഗത്തെക്കുറിച്ച് പരാതികൾ ലഭിച്ചിട്ടും സർക്കാർ നടപടിയെടുക്കാത്തതെന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത വിഭാഗത്തിലേക്ക് പി.എസ്.സി വഴി നിയമനം നടത്താൻ നടപടിയെടുക്കുമോ; വിശദമാക്കുമോ?

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതി ചെലവ്

1819. ശ്രീ.എ.കെ.ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ പദ്ധതി ചെലവ് കഴിഞ്ഞ അഞ്ച് വർഷങ്ങളിൽ (2011-12 മുതൽ 2015-16 വരെ) എത്ര ശതമാനം വീതമായിരുന്നു; ഓരോ വർഷത്തേക്കും പദ്ധതി വിഹിതം എത്ര രൂപയായിരുന്നു; ചെലവ് എത്ര രൂപയായിരുന്നു; വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ചെലവ് കഴിഞ്ഞ അഞ്ച്

വർഷങ്ങളിൽ എത്ര ശതമാനമായിരുന്നു; ഓരോ വർഷവും അനുവദിച്ച തുകയും ചെലവഴിച്ച തുകയും വിശദമാക്കുമോ;

(സി) എസ്.സി., എസ്.ടി. വകുപ്പുകളുടെ കഴിഞ്ഞ അഞ്ച് വർഷത്തെ പദ്ധതി ചെലവ് എത്ര ശതമാനമായിരുന്നു; ഓരോ വർഷവും അനുവദിച്ച തുകയും ചെലവഴിച്ച തുകയും വിശദമാക്കുമോ;

(ഡി) കേന്ദ്രാവിഷ്കൃത പദ്ധതികളുടെ വാർഷിക പദ്ധതി ചെലവ് കഴിഞ്ഞ അഞ്ച് വർഷങ്ങളിൽ എത്ര ശതമാനമായിരുന്നു; ഓരോ വർഷവും അനുവദിച്ച തുകയും ചെലവഴിച്ച തുകയും വ്യക്തമാക്കുമോ?

<u>നികുതി കുടിശ്ശിക</u>

1820. ശ്രീ.കെ.വി.അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷമുള്ള ഓരോ വർഷത്തെയും നികുതി കുടിശ്ശിക എത്ര വീതമെന്ന് വ്യക്തമാക്കാമോ;

(ബി) നിലവിൽ നികുതി കുടിശ്ശിക ഉണ്ടോ; എങ്കിൽ എത്ര തുക; വ്യക്തമാക്കാമോ;

(സി) ഇത്തരത്തിൽ നികുതി കുടിശ്ശികയ്ക്ക് ഇടയായ കാരണങ്ങൾ ഏതെല്ലാം; അവ ഓരോന്നും മൂലം കുടിശ്ശികയായ തുക എത്ര വീതം; വ്യക്തമാക്കാമോ;

(ഡി) 2015-16 വർഷത്തെ നികുതി കുടിശ്ശിക എത്ര; ഇതിൽ എത്ര തുക ഇതുവരെ പിരിച്ചെടുത്തു; വ്യക്തമാക്കാമോ;

(ഇ) പിരിഞ്ഞ് കിട്ടാനുള്ള കുടിശ്ശിക എത്ര; ഇത് ഏതെല്ലാം വകുപ്പുകളിൽ നിന്ന്; വ്യക്തമാക്കാമോ?

<u>റബ്ബർ വില സ്ഥിരതാ പദ്ധതി</u>

T 1821. ശ്രീ.സി.ദിവാകരൻ
,, കെ.രാജു
,, മുല്ലക്കര രത്നാകരൻ
ശ്രീമതി.ഇ.എസ്.ബിജിമോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) റബ്ബറിന് സർക്കാർ പ്രഖ്യാപിച്ച വില സ്ഥിരതാ പദ്ധതി കർഷകർക്ക് പ്രയോജനപ്പെടുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) റബ്ബർ സംഭരണം നടത്തിയ വകയിൽ കുടിശ്ശിക കൊടുത്തു തീർക്കാനുണ്ടോ; എങ്കിൽ എത്ര എന്ന് വ്യക്തമാക്കുമോ;

(സി) റബ്ബർ സംഭരണത്തിൽ നിന്നും മാർക്കറ്റ്ഫെഡും റബ്ബർമാർക്കും പിൻമാറിയിട്ടുണ്ടോ; എങ്കിൽ പിൻമാറാനുണ്ടായ കാരണങ്ങൾ വിശദമാക്കുമോ;

(ഡി) വില സ്ഥിരതാ പദ്ധതി നടപ്പാക്കാൻ എത്ര തുക നീക്കി വച്ചു; എത്ര തുക ഇതുവരെ ചെലവാക്കി; പ്രസ്തുത പദ്ധതി കാര്യക്ഷമമായി നടപ്പാക്കാൻ കഴിഞ്ഞിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

## റബ്ബർ സംഭരണം

T 1822. **ശ്രീ.രാജു എബ്രഹാം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) റബ്ബർ വിലയിടിവ് മൂലം നട്ടം തിരിയുന്ന റബ്ബർകർഷർകരെ സഹായിക്കാനായി സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെ;

(ബി) ഈ സർക്കാർ അധികാരമേറ്റെടുക്കുമ്പോൾ 1 കിലോ റബ്ബറിന്റെ വില എത്രയായിരുന്നു; ഇപ്പോൾ എത്രയാണ്; വിലയിടിവിന്റെ കാരണം വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്തെ നാമമാത്ര ചെറുകിട- വൻകിട റബ്ബർ കർഷകരുടെ ജില്ല തിരിച്ചുള്ള കണക്ക് സർക്കാരിന്റെ പക്കലുണ്ടോ; പട്ടികയുടെ പകർപ്പ് ലഭ്യമാക്കാമോ; റബ്ബർ ഉത്പാദനം സംബന്ധിച്ച ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ഡി) സംസ്ഥാന സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള സബ്സിഡി നിരക്കിലുള്ള റബർ സംഭരണം എന്നുമുതലാണ് ആരംഭിച്ചത്; ഓരോ വർഷവും കിലോയ്ക്ക് എത്ര രൂപയ്ക്കാണ് റബ്ബർ സംഭരിച്ചിരുന്നത്; മാർക്കറ്റ് വിലയുമായുള്ള അന്തരം സബ്സിഡിയായി എങ്ങനെയാണ് കർഷകന് ലഭ്യമാക്കിയിട്ടുള്ളത്; ഓരോ വർഷവും ഇത്തരത്തിൽ എത്ര റബ്ബർ സംഭരിച്ചു എന്നും, കർഷകർക്ക് സബ്സിഡിയായി എത്ര തുക വീതം ലഭിച്ചുവെന്നും ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ; ഇതിനുള്ള സംഭരണ ഏജൻസികൾ ഏതൊക്കെയാണ്;

(ഇ) സബ്സിഡി ലഭിക്കുന്നതിനായി പി.ആർ.എസ്സുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള റബ്ബർ കർഷകരുടെ കണക്ക് ജില്ല തിരിച്ച് ലഭ്യമാക്കാമോ; ഇപ്പോൾ റബ്ബറിന്റെ മാർക്കറ്റ് വില എത്രയാണ്; താങ്ങ് വിലയായി സർക്കാർ പ്രഖ്യാപിച്ചിട്ടുള്ളത് എത്ര രൂപയാണ്;

(എഫ്) റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം കൊണ്ട് ലക്ഷ്യമാക്കുന്നത് എന്താണ്; ഇതുപ്രകാരം എത്ര രൂപയുടെ ആനുകൂല്യം കർഷകർക്ക് നൽകിയിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ; റബ്ബർ സംഭരണത്തിന്റെ പ്രയോജനം ചെറുകിട കർഷർക്കും നാമമാത്ര കർഷർക്കും ലഭിക്കുന്നില്ല എന്ന ആരോപണം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വൻകിടക്കാരുടെ ചൂഷണത്തിൽ നിന്നും ഇവരെ രക്ഷിക്കാൻ സംഭരണം സംബന്ധിച്ച് പ്രത്യേക മാർഗ്ഗനിർദ്ദേശം നൽകാൻ

തയ്യാറാകുമോ; വിശദാംശം ലഭ്യമാക്കാമോ?

റബ്ബർ കർഷകരുടെ പ്രശ്നങ്ങൾ

T 1823. ശ്രീ.എം.ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) റബ്ബർ കർഷകർ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ കേന്ദ്രസർക്കാരിന് നിവേദനം സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം ആവശ്യങ്ങളാണ് ഉൾപ്പെടുത്തിയിരുന്നത്; വിശദമാക്കാമോ;

(ബി) റബ്ബർ കർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) വിപണി ഇടപെടൽ പദ്ധതി നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട് സർക്കാരിന് ഉണ്ടായ സാമ്പത്തിക ബാദ്ധ്യതയെ സംബന്ധിച്ച് പരിശോധിച്ചിട്ടുണ്ടോ?

സിവിൽ സർവ്വീസിന്റെ കാര്യക്ഷമത

1824. ശ്രീ.റോഷി അഗസ്റ്റിൻ
,, എം.വി.ശ്രേയാംസ് കുമാർ
ഡോ.എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സിവിൽ സർവ്വീസിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതു സംബന്ധിച്ച് സർക്കാർ നയം വ്യക്തമാക്കുമോ;

(ബി) സിവിൽ സർവ്വീസിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി നിലവിലെ ശമ്പളപരിഷ്കരണ കമ്മീഷൻ നൽകിയിട്ടുള്ള ശിപാർശകൾ നടപ്പാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

നീലേശ്വരം ഇ. എം.എസ്. സ്റ്റേഡിയം

1825. ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോഡ് ജില്ലയിലെ നീലേശ്വരം ഇ.എം.എസ്. സ്റ്റേഡിയം നിർമ്മാണത്തിന് കഴിഞ്ഞ വർഷം ബഡ്ജറ്റ് സ്പീച്ചിൽ അഞ്ചു കോടി രൂപ അനുവദിച്ചിരുന്നുവെങ്കിലും തുക ലഭ്യമാക്കാൻ കഴിയാതെ വന്നതിന്റെ കാരണം വ്യക്തമാക്കാമോ; പ്രസ്തുത സ്റ്റേഡിയത്തിനാവശ്യമായ തുക എപ്പോൾ അനുവദിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

<u>മെഡിക്കൽ അലവൻസ്</u>

1826. ശ്രീ.വി.എം.ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പെൻഷൻകാർക്ക് പ്രതിവർഷം എന്തു തുക മെഡിക്കൽ അലവൻസ് ഇനത്തിൽ നൽകുന്നുണ്ട്;

(ബി) സർക്കാർ ജീവനക്കാർക്കും, സർക്കാരിൽ നിന്നും, ചികിത്സാ ആനുകൂല്യം കൈപ്പറ്റുന്ന മറ്റ് വിഭാഗങ്ങൾക്കുമായി പ്രതിവർഷം മെഡിക്കൽ റീഇംബേഴ്സ്മെന്റ് ഇനത്തിൽ എന്തു തുക നല്കിവരുന്നുണ്ട്;

(സി) മറ്റു ജനങ്ങളുടെ ചികിത്സാ ഇൻഷ്വറൻസ് പദ്ധതികൾക്കായി പ്രതിവർഷം എത്ര തുക സർക്കാർ ഫണ്ടിൽ നിന്നും ചെലവാകുന്നുണ്ട്;

(ഡി) അതിഭീമമായ തുക ഓരോ വർഷവും ചെലവഴിക്കേണ്ടി വരുന്ന സാഹചര്യത്തിൽ എല്ലാ വിഭാഗത്തിനുമുള്ള ചികിത്സാ ഇൻഷ്വറൻസ് സൗകര്യം ഏർപ്പെടുത്തുന്നതിലേക്ക് സർക്കാർ ആഭിമുഖ്യത്തിൽ ഒരു ഇൻഷ്വറൻസ് കമ്പനി ആരംഭിക്കുന്നകാര്യം പരിഗണിക്കുമോ?

<u>റബ്ബറിന്റെ വിലയിടിവ്</u>

T 1827. ശ്രീ.മോൻസ് ജോസഫ്

,, തോമസ് ഉണ്ണിയാടൻ

,, റ്റി.യു. കുരുവിള

,, സി.എഫ്.തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) റബ്ബറിന്റെ വിലയിടിവും മറ്റ് കാരണങ്ങളും മൂലം കർഷകർ നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനും, വിലസ്ഥിരത ഉറപ്പ് വരുത്തുന്നതിനും സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത വിഷയത്തിൽ കേന്ദ്ര സർക്കാരിനോട് സഹായം അഭ്യർത്ഥിച്ചിട്ടുണ്ടോ;

(സി) റബ്ബറിന്റെ വിലയിടിവ് തടയുന്നതിനും റബ്ബർ കർഷകരുടെ ക്ഷേമത്തിനുമായി അടിയന്തരനടപടികൾ സ്വീകരിക്കുമോ?

<u>സാമ്പത്തിക വളർച്ചാനിരക്ക്</u>

1828. ശ്രീ.വി.ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൻെറ 2010-11, 2011-12, 2012-13, 2013-14, 2014-15 വർഷങ്ങളിലെ സാമ്പത്തിക വളർച്ച നിരക്ക് എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) 2015-16 വർഷത്തിൽ എത്ര ശതമാനം സാമ്പത്തിക വളർച്ചയുണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത് ; വിശദമാക്കുമോ ?

## സർക്കാർ ജീവനക്കാരുടെ ശമ്പളം

1829. **ശ്രീ.എം. ഹംസ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1.7.2011 മുതൽ 31.1.2016 വരെ സർക്കാർ ജീവനക്കാർക്ക് ശമ്പളം നൽകിയ വകയിൽ എത്ര തുക ചെലവഴിച്ചു; വാർഷികാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ;

(ബി) 1

## സർക്കാർ ജിവനക്കാരുടെ മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ്

1830. **ശ്രീ.പി.കെ.ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാരുടെ മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് ഇനത്തിൽ ഒരു വർഷം എത്ര രൂപയുടെ ചെലവ് വരുന്നുണ്ടെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത സമ്പ്രദായം അവസാനിപ്പിച്ച് സർക്കാർ ജീവനക്കാർക്ക് മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കണമെന്ന് 10-ാം ശമ്പളപരിഷ്കരണ കമ്മീഷൻ ശിപാർശ നൽകിയിരുന്നോ; വിശദാംശം അറിയിക്കുമോ;

(സി) ജീവനക്കാർക്ക് മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നത് നിലവിലുള്ള സംവിധാനത്തേക്കാൾ ലാഭകരമാണോ എന്നത് സംബന്ധിച്ച പഠനം നടത്തിയിട്ടുണ്ടോ;

(ഡി) എങ്കിൽ ജീവനക്കാർക്ക് സ്വകാര്യ ആശുപത്രികളെ ഉൾപ്പെടുത്തി ഒരു സമഗ്ര മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ ;ഇല്ലെങ്കിൽ ഇക്കാര്യത്തിലുള്ള തടസ്സമെന്തെന്ന് വ്യക്തമാക്കുമോ?

## നയപ്രഖ്യാപന പ്രസംഗങ്ങളിലെ നിർദ്ദേശങ്ങൾ

1831. **ശ്രീ.വി.ശശി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം നയപ്രഖ്യാപന പ്രസംഗങ്ങളിൽ പ്രഖ്യാപിക്കപ്പെട്ട പുതിയ നിർദ്ദേശങ്ങൾ എന്തെല്ലാമായിരുന്നു; ഓരോ നിർദ്ദേശങ്ങളും നടപ്പിലാക്കാൻ വകയിരുത്തിയ തുകയെത്രയെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത നിർദ്ദേശങ്ങൾ നടപ്പിലാക്കാൻ നീക്കിവച്ച തുകയെത്രയാണ്; ഇതിന്റെ എത്ര ശതമാനം നാളിതുവരെ ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ?

കേരളത്തിന്റെ പൊതു കടം

1832. **ശ്രീ.വി.ശശി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2010-11 വർഷത്തിലെ കേരളത്തിന്റെ പൊതു കടം എത്രയായിരുന്നു; ആ വർഷത്തെ ആകെ റവന്യൂ വരുമാനം എത്രയായിരുന്നു;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം റവന്യൂ വരുമാനത്തിൻെറ വർഷം തിരിച്ചുള്ള കണക്ക് നൽകാമോ?

ചെലവഴിക്കാത്ത വകമാറ്റിയ ബഡ്ജറ്റ് ഹെഡ്ഡുകൾ

1833. **ശ്രീ.എസ്.രാജേന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-16 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഏതെല്ലാം ഹെഡ്ഡുകളിലായി വകയിരുത്തിയ വിഹിതമാണ് നൂറ് ശതമാനവും ചെലവഴിക്കപ്പെടാതെ ഇപ്പോൾ ബാക്കി നിൽപ്പുള്ളതെന്ന് വെളിപ്പെടുത്താമോ;

(ബി) നടപ്പുവർഷത്തിൽ വകയിരുത്തിയ എതെല്ലാം ഹെഡ്ഡുകളിലെ എത്ര തുകയാണ് വകമാറ്റി ചെലവഴിച്ചതെന്ന് വെളിപ്പെടുത്താമോ;

തൃക്കരിപ്പൂർ , മയ്യിച്ചയിൽ റെയിൽ അണ്ടർ പാസ്സ് നിർമ്മാണം

1834. **ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :** താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃക്കരിപ്പൂർ മണ്ഡലത്തിലെ മയ്യിച്ചയിൽ റെയിൽ അണ്ടർ പാസ്സ് നിർമ്മിക്കുന്നതിന് റെയിൽവെ ഉണ്ടാക്കിയ എസ്റ്റിമേറ്റ് പ്രകാരം ആസ്തിവികസന ഫണ്ടിൽ നിന്നും തുക അനുവദിച്ച് കൊണ്ട് ഭരണാനുമതി പുറപ്പെടുവിച്ച് മാസങ്ങൾ കഴിഞ്ഞിട്ടും തുക റെയിൽവേയ്ക്ക് ഡെപ്പോസിറ്റ് ചെയ്തു നൽകാത്തതിനാൽ പ്രവൃത്തി തടസ്സപ്പെട്ടത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; പ്രസ്തുത തുക നടപ്പു സാമ്പത്തിക വർഷത്തിനകം നൽകിയില്ലെങ്കിൽ റെയിൽവേയുടെ എസ്റ്റിമേറ്റിൽ വരുന്ന

വർദ്ധനവ് വഹിക്കുന്നത് ആരാണ്എന്ന് കൂടി വ്യക്തമാക്കുമോ?

<u>കരാറുകാർക്ക് കൊടുത്ത് തീർക്കുവാനുള്ള തുക</u>

1835. **പ്രൊഫ. സി.രവീന്ദ്രനാഥ് :** താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ കരാറുകാർക്ക് കൊടുത്ത് തീർക്കുവാനുള്ള തുക എത്രയാണെന്ന് വിശദമാക്കാമോ ?

<u>സംസ്ഥാനത്തിന്റെ പൊതുകടം</u>

1836. **ശ്രീ.ഇ.ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015 ഡിസംബർ 31 വരെയുള്ള സംസ്ഥാനത്തിന്റെ പൊതുകടം എത്രയാണെന്ന് പറയാമോ;

(ബി) ഈ സർക്കാരിന്റെ കാലത്ത് ഏതെല്ലാം സ്രോതസ്സുകളിൽ നിന്നും എത്ര തുക കടമെടുത്തിട്ടുണ്ടെന്നും ഏതെല്ലാം ആവശ്യങ്ങൾക്കുവേണ്ടിയാണ് ഈ തുക വിനിയോഗിച്ചതെന്നും വിശദമാക്കാമോ;

(സി) വാണിജ്യ നികുതി ഇനത്തിൽ 2015 ഡിസംബർ 31 വരെ എത്ര തുക പിരിഞ്ഞ് കിട്ടാനുണ്ടെന്ന് അറിയിക്കാമോ;

(ഡി) പിരിഞ്ഞ് കിട്ടാനുള്ള തുകയിൽ സർക്കാർ സ്റ്റേ നൽകിയത് എത്ര തുകയ്ക്കാണ് എന്ന് പറയാമോ?

<u>പെട്രോളിന്റെയും ഡീസലിന്റെയും വിൽപന നികുതി</u>

1837. **ശ്രീ.കെ.സുരേഷ് കുറുപ്പ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെട്രോളിന്റെയും ഡീസലിന്റെയും വിൽപന നികുതിയിൽ ഗവൺമെന്റ് ഏറ്റവും ഒടുവിൽ വർദ്ധന വരുത്തിയത് എപ്പോഴാണ്; എത്രയിൽ നിന്ന് എത്ര ശതമാനമാക്കി വർദ്ധിപ്പിച്ചു;

(ബി) വിൽപന നികുതിയിൽ വർദ്ധന വരുത്തിയതും, പുതിയ സെസ് ഏർപ്പെടുത്തിയതും വഴി ഒരു ലിറ്റർ പെട്രോളും, ഒരു ലിറ്റർ ഡീസലും സംസ്ഥാനത്ത് നിന്ന് വാങ്ങുന്ന ഒരാൾക്ക് നിലവിൽ എത്ര രൂപ അധികമായി നൽകണം;

(സി) നിലവിൽ സംസ്ഥാനത്ത് വിൽക്കുന്ന ഒരു ലിറ്റർ പെട്രോളിനും, ഡീസലിനും

സംസ്ഥാനം ഈടാക്കുന്ന മൊത്തം നികുതി എത്ര ശതമാനം വീതമാണ്;

(ഡി) 2010 ഡിസംബറിൽ ക്രൂഡോയിലിന്റെയും പെട്രോളിന്റെയും ആഗോള വിലയും സംസ്ഥാനത്ത് വിറ്റവരുന്ന വിലയും എത്രയായിരുന്നു; ഇപ്പോഴത്തെ ഇവയുടെ ആഗോള വിലയും, സംസ്ഥാനത്തെ വിലയും എത്രയായി കുറഞ്ഞിട്ടുണ്ട്?

## ധനകാര്യവകുപ്പിൽ ഇ-ഫയലിംഗ്

1838. ശ്രീ.വി.ഡി.സതീശൻ

,, കെ.ശിവദാസൻ നായർ

,, പി.സി വിഷ്ണുനാഥ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് ധനവകുപ്പിൽ ഇ-ഫയൽ സംവിധാനം നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) പ്രസ്തുത സംവിധാനം നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

## 10-ാം ശമ്പള കമ്മീഷൻ റിപ്പോർട്ട്

1839. ശ്രീ.കെ.അജിത് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 10-ാം ശമ്പള കമ്മീഷൻ റിപ്പോർട്ട് എന്തെല്ലാം ഭേദഗതികളോടെയാണ് സർക്കാർ പാസ്സാക്കിയിട്ടുള്ളത് ; കമ്മീഷൻ ശിപാർശ ചെയ്ത ഏതെങ്കിലും സ്കെയിലുകൾ കുറയ്ക്കുകയോ, ഏതിലെങ്കിലും വർദ്ധനവ് വരുത്തുകയോ ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ബി) ശമ്പള കമ്മീഷൻ റിപ്പോർട്ടുകളിലെ അപാകതകൾ പരിഹരിക്കുവാൻ അനോമലി കമ്മറ്റി രൂപീകരിച്ചിട്ടുണ്ടോയെന്നും ഇല്ലെങ്കിൽ ഏതു രീതിയിലാണ് അപാകതകൾ പരിഹരിക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ;

(സി) ശമ്പള കമ്മീഷൻ റിപ്പോർട്ട് നടപ്പാക്കുമ്പോൾ എന്നു മുതൽ പ്രാബല്യം കൊടുക്കാനാണ് ഉദ്ദേശിക്കുന്നതെന്നും, ശമ്പള പരിഷ്കരണ കാലയളവ് സംബന്ധിച്ച് എന്തു തീരുമാനമാണ് സ്വീകരിച്ചിട്ടുള്ളതെന്നും ഇതിൽ എന്തെങ്കിലും മാറ്റം വരുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ?

## ബജറ്റ് **2015-2016** -ൽ പ്രഖ്യാപിച്ച പുതിയ പദ്ധതികൾ

1840. **ശ്രീ.എ.കെ.ബാലൻ**
**,, ജി.സുധാകരൻ**
**,, സി.കൃഷ്ണൻ**
**,, പി.കെ.ഗുരുദാസൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-2016 വർഷത്തെ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച പുതിയ പദ്ധതികൾ നടപ്പിലാക്കിയതിന്റെ നിജസ്ഥിതി വിശദമാക്കാമോ;

(ബി) ബജറ്റ് പ്രസംഗത്തിലെ പ്രഖ്യാപനങ്ങളുടെ നടപ്പിലാക്കൽ പുരോഗതി നിരീക്ഷിക്കാറുണ്ടോ; ഏറ്റവും ഒടുവിലത്തെ അവലോകനത്തിന്റെയടിസ്ഥാനത്തിൽ, പുതുതായി പ്രഖ്യാപിച്ച പദ്ധതികൾ എത്ര; പൂർണ്ണമായും സാക്ഷാത്കരിച്ചവ എത്ര; പ്രസംഗത്തിൽ പ്രഖ്യാപിച്ചെങ്കിലും ആവശ്യമായ തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ പദ്ധതികൾ സാക്ഷാത്കരിക്കാതെ പോയിട്ടുള്ളവ എത്ര;

(സി) ബജറ്റിൽ പ്രഖ്യാപിച്ചെങ്കിലും ബന്ധപ്പെട്ട ഭരണ വകുപ്പ് പദ്ധതി നിർവ്വഹണത്തിന് മുൻകൈ എടുക്കാതിരുന്നതിനാലും ധനവകുപ്പ് ഫണ്ടുകൾ നൽകിയിട്ടില്ലാത്തതിനാലും നടപ്പിലാക്കാൻ കഴിയാതെ ബജറ്റ് പ്രസംഗത്തിൽ മാത്രം നിലകൊള്ളുകയും ചെയ്ത പദ്ധതികൾ ഉണ്ടോ; അവ എത്ര;

(ഡി) ആസൂത്രണത്തിലെ അഭാവത്തെയും നിർവ്വഹണത്തിലെ പോരായ്മയുടെയും ഭാഗമായി പ്രഖ്യാപിത പദ്ധതികൾ നടപ്പിലാക്കാൻ കഴിയാതെ പോയിട്ടുള്ളതായി അറിയാമോ?

<u>ദേശീയ സമ്പാദ്യപദ്ധതി</u>

1841. **ശ്രീ.എം.ചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ സമ്പാദ്യപദ്ധതിയുടെ ഭാഗമായ മഹിളാ പ്രധാൻ ഏജന്റുമാർക്ക് 2015-16 വർഷത്തെ ലക്ഷ്യം നിശ്ചയിച്ചു നൽകിയിട്ടുണ്ടോ ;

(ബി) ഈ സാമ്പത്തിക വർഷം നിശ്ചയിച്ച ലക്ഷ്യം കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടോ ; ഇതുവരെ എത്ര കോടി രൂപ സമാഹരിച്ചു ;

(സി) മഹിളാ പ്രധാൻ ഏജന്റുമാർക്ക് ഈ ജോലിക്കു പുറമെ മാലിന്യ സംസ്കരണം, ജലസംരക്ഷണം, വൈദ്യുതി വകുപ്പ് എന്നിവയുമായി ബന്ധപ്പെട്ട് അധിക ജോലി നൽകിയിട്ടുണ്ടോ ; ഇതിനു പ്രത്യേക വേതനം നൽകുന്നുണ്ടോ ;

(ഡി) ദേശീയ സമ്പാദ്യ പദ്ധതി വിഭവ സമാഹരണം വർദ്ധിപ്പിക്കുന്നതിന് കാര്യക്ഷമമായ എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ?

<u>സംയോജിത ചെക്ക് പോസ്റ്റ് സംവിധാനം</u>

1842. ശ്രീ.വി.ഡി.സതീശൻ
,, ലൂഡി ലൂയിസ്
,, എം.എ. വാഹീദ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് സംയോജിത ചെക്ക് പോസ്റ്റ് സംവിധാനം നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്നറിയിക്കുമോ ?

<u>വ്യാപാര സ്ഥാപനങ്ങളിലെ പരിശോധന</u>

1843. ശ്രീ.എം.ചന്ദ്രൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാണിജ്യ നികുതി വകുപ്പ് ഉദ്യോഗസ്ഥർ വ്യാപാര സ്ഥാപനങ്ങളിലെ പരിശോധന കൃത്യമായി നടത്താറുണ്ടോ;

(ബി) പരിശോധനാ സമയത്ത് വ്യാപാരികൾ സഹകരിക്കാതിരിക്കുകയും പ്രക്ഷോഭ പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടുണ്ടോ;

(സി) കൃത്യമായി പരിശോധന നടത്താത്തതിനാൽ നികുതി വരുമാനത്തിൽ ഗണ്യമായ കുറവ് സംഭവിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) നികുതി പിരിവ് ഊർജ്ജിതമാക്കുവാൻ വാണിജ്യ നികുതി വകുപ്പ് സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയാണ്?

<u>ബീഡി വിൽപന</u>

1844. ശ്രീ.സി.കൃഷ്ണൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2013-14, 2014-15, 2015-16 എന്നീ വർഷങ്ങളിൽ എന്തു തുകയുടെ ബീഡി വിൽപന നടന്നിട്ടുണ്ടെന്ന് ഉൽപാദകരുടെ അടിസ്ഥാനത്തിൽ വിശദമാക്കാമോ;

(ബി) 01.04.2015 മുതൽ ബീഡി വിൽപനയ്ക്ക് 14.5 ശതമാനം നികുതി ഏർപ്പെടുത്തിയതിന്റെ ഭാഗമായി വിൽപനയിൽ കുറവു വന്നിട്ടുണ്ടോ;

വിശദമാക്കാമോ?

<u>നികുതി കുടിശ്ശിക</u>

1845. ശ്രീ.ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നികുതി കുടിശ്ശിക ഇനത്തിൽ എത്ര കോടി രൂപ നിലവിൽ പിരിഞ്ഞുകിട്ടാനുണ്ട്;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര കോടി രൂപയുടെ നികുതി പിരിവിനാണ് സർക്കാർ തലത്തിൽ സ്റ്റേ നൽകിട്ടുള്ളത്;

(സി) നികുതി കുടിശ്ശീക പിരിച്ചെടുത്ത് റവന്യൂ വരുമാനം വർദ്ധിപ്പിക്കുന്നതിന് എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് വിശദാംശം വ്യക്തമാക്കുമോ?

<u>സെസ്സ് ഇനത്തിൽ സമാഹരിച്ച തുക</u>

1846. ശ്രീ.ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മദ്യവ്യവസായ തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിന്റെ ഭാഗമായി ഏർപ്പെടുത്തിയ സെസ്സ് ഇനത്തിൽ വിദേശമദ്യ വില്പനയിലൂടെ നാളിതുവരെ സമാഹരിച്ച തുക എത്രയാണ്;

(ബി) ഇതിൽ എത്ര തുക പുനരധിവാസത്തിനായി ചെലവഴിച്ചു; വിശദാംശം വ്യക്തമാക്കുമോ?

<u>ടാക്സ് എക്സംപ്ഷൻ</u>

T 1847. പ്രൊഫ. സി.രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ സംരംഭകർക്ക് കഴിഞ്ഞ കാലങ്ങളിൽ ടാക്സ് എക്സംപ്ഷൻ നൽകിയിരുന്നോ ;

(ബി) എങ്കിൽ ഏത് കാലയളവ് വരെയാണ് നൽകിയിട്ടുള്ളത് ;

(സി) ഇത്തരം സംരംഭകരെ പ്രോൽസാഹിപ്പിക്കുന്നതിനായി ഒരു വർഷത്തേക്കെങ്കിലും ടാക്സ് എക്സംപ്ഷൻ നൽകുന്ന കാര്യം പരിഗണിക്കുമോ?

<u>നികുതി/നികുതിയേതര ഇന വരുമാനം</u>

1848. ശ്രീ.ബി.സത്യൻ
,, കെ.സുരേഷ് കുറുപ്പ്
,, പി.ടി.എ. റഹീം
,, കെ.കെ.നാരായണൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നികുതി/നികുതിയേതര ഇന വരുമാനത്തിൽ വർദ്ധനവ് വരുത്തുന്നതിനായി ഈ സർക്കാർ ഓരോ വർഷവും അധിക വിഭവ സമാഹരണം ലക്ഷ്യമിട്ടിട്ടുണ്ടായിരുന്നുവോ;

(ബി) ബജറ്റിലൂടെയും അല്ലാതെയും നികുതി/നികുതിയേതര അധിക വിഭവ സമാഹരണത്തിലൂടെ ഓരോ വർഷവും ലക്ഷ്യമിട്ട തുകയും സ്വരൂപിച്ച തുകയും സംബന്ധിച്ച് വിശദമാക്കാമോ;

(സി) 2011-12 മുതൽ 2015-16 വരെയുള്ള ഓരോ വർഷവുമുള്ള റവന്യൂ വരവുകളുടെ ലക്ഷ്യവും നേട്ടവും വളർച്ചാനിരക്കും വിശദമക്കാമോ;

(ഡി) കഴിഞ്ഞ അഞ്ചു വർഷവും റവന്യൂ-ധന-പ്രാഥമിക കമ്മികൾ ലക്ഷ്യമിട്ടതിനേക്കാൾ വൻതോതിൽ വർദ്ധിച്ചിട്ടുണ്ടോ;

(ഇ) റവന്യൂ വരവും റവന്യൂ ചെലവും തമ്മിലുള്ള അന്തരം വൻതോതിൽ വർദ്ധിച്ചുവോ; റവന്യൂ ചെലവുകൾ നടത്തുന്നതിന് കടം എടുക്കുകയുണ്ടായോ; ഇതിനെല്ലാമുള്ള കാരണങ്ങൾ വിശദമാക്കാമോ;

(എഫ്) ഈ സർക്കാർ അധികാരമേറ്റശേഷം ഏതെങ്കിലും വർഷം മൂലധനച്ചെലവ് ലക്ഷ്യസ്ഥാനത്ത് എത്തുകയുണ്ടായോ; കടം വാങ്ങുന്ന ഫണ്ടുകൾ ഏതെങ്കിലും വർഷം പൂർണ്ണമായും വികസന പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കാൻ സാധിച്ചിട്ടുണ്ടോ;

(ജി) സാമ്പത്തിക ഉത്തരവാദിത്വ(ഭേദഗതി) നിയമപ്രകാരം 2015 മാർച്ച് അവസാനത്തോടെ സംസ്ഥാനത്തിന്റെ റവന്യൂ കമ്മിയും ജി.എസ്.ഡി.പി.യുമായുള്ള വ്യത്യാസത്തിന്റെ ശതമാനം പൂജ്യത്തിൽ എത്തിക്കുകയുണ്ടായോ; മേൽപ്പറഞ്ഞ കാര്യങ്ങളിലെല്ലാം ധവളപത്രം പുറപ്പെടുവിച്ചിരുന്നുവോ?

<u>മഞ്ചേശ്വരം ചെക്ക് പോസ്റ്റ് വികസനം</u>

1849. ശ്രീ.കെ.കുഞ്ഞിരാമൻ **(ഉദുമ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് മഞ്ചേശ്വരം ചെക്ക് പോസ്റ്റ് വികസനത്തിനായി എത്ര ഏക്കർ സ്ഥലം ഏറ്റെടുത്ത് കൈമാറിയിരുന്നു; വിശദാംശങ്ങൾ

അറിയിക്കാമോ;

(ബി) ഈ സർക്കാർ ഇതു സംബന്ധിച്ച് എന്തെങ്കിലും തുടർനടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) എൻ.എച്ച്- 66 -ൽ ചെക്ക് പോസ്റ്റിനടുത്ത് വാഹനങ്ങൾ നിർത്തുക വഴി ഗതാഗത കുരുക്കും അപകട മരണങ്ങളും വർദ്ധിച്ചുവരുന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>നികുതിപിരിവ് കാര്യക്ഷമമാക്കാൻ നടപടി</u>

1850. **ശ്രീ.എം.ഉമ്മർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നികുതിപിരിവ് കാര്യക്ഷമമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കാമോ;

(ബി) നികുതിപിരിവ് സംബന്ധിച്ച നടപടികൾ മോണിറ്റർ ചെയ്യുന്നതിനായി സ്ഥിരം സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) വിലനിലവാരം സംബന്ധിച്ച വിവരശേഖരണത്തിനായി വില നിരീക്ഷണ സമിതി രൂപീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഡി) നികുതിപിരിവ് കാര്യക്ഷമമാക്കുന്നതിനായി എന്തെങ്കിലും പ്രത്യേക സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

<u>അഞ്ചൽ സബ്ട്രഷറി</u>

1851. **ശ്രീ.കെ.രാജു :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഞ്ചൽ സബ്ട്രഷറിയുടെ പ്രവർത്തനം കൂടുതൽ സൗകര്യപ്രദമായി നടത്തുവാൻ കഴിയുന്ന അഞ്ചൽ മിനി സിവിൽ സ്റ്റേഷനിലേക്ക് മാറ്റുന്നതിനുള്ള കാലതാമസത്തിനുള്ള കാരണം വിശദമാക്കുമോ;

(ബി) ഇപ്പോൾ പ്രവർത്തിക്കുന്ന കെട്ടിടത്തിൽ പ്രതിമാസം 25000 ത്തിൽ അധികം രൂപ വാടക നൽകി തുടരുന്നതുമൂലമുള്ള നഷ്ടത്തിന് ഉത്തരവാദി ആരാണെന്ന് വ്യക്തമാക്കുമോ;

(സി) കഴിഞ്ഞ രണ്ട് വർഷമായി മിനി സിവിൽ സ്റ്റേഷനിൽ ട്രഷറി പ്രവർത്തിക്കുന്നതിന് ആവശ്യമായ സ്ഥലം ഒഴിച്ചിട്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്നറിയിക്കുമോ?

<u>ചേർത്തല സബ് ട്രഷറി ഓഫീസ്</u>

1852. **ശ്രീ.പി.തിലോത്തമൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേർത്തല സബ് ട്രഷറി ഓഫീസ് നിലവിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന കെട്ടിടത്തിൽ നിന്നും സിവിൽ സ്റ്റേഷനിലേയ്ക്ക് മാറ്റുന്നതിനുള്ള കാലതാമസത്തിനുള്ള കാരണം എന്താണെന്ന് വ്യക്തമാക്കുമോ ;

(ബി) നിലവിൽ സിവിൽ സ്റ്റേഷനിൽ സബ്ട്രഷറി പ്രവർത്തിപ്പിക്കുവാൻ തയ്യാറാക്കിയിട്ടുള്ള കെട്ടിടത്തിലെ വൈദ്യുതീകരണത്തിന് ഫണ്ട് അനുവദിച്ചിട്ടുണ്ടോ ;ഇല്ലെങ്കിൽ എന്തുകൊണ്ടാണ് വൈദ്യുതീകരണത്തിന് ഫണ്ട് അനുവദിക്കാത്തത് എന്ന് പറയാമോ ;

(സി) പ്രസ്തുത കെട്ടിടത്തിന്റെ വൈദ്യുതീകരണ ജോലിക്കായി ഫണ്ട് അനുവദിക്കുന്നതിനായുള്ള ഫയൽ ട്രഷറി ഡയറക്ടർക്ക് അയച്ചത് എന്നാണ് ; ഇതിൽ നടപടിയാകാത്തതും പണം അനുവദിക്കാത്തതും എന്തുകൊണ്ടാണെന്ന് പറയാമോ; അടിയന്തിരമായി തുക അനുവദിച്ച് സബ്ട്രഷറി ഓഫീസ് ഈ കെട്ടിടത്തിലേയ്ക്ക് മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ?

## ചാത്തന്നൂർ സബ്ട്രഷറി കെട്ടിട നിർമ്മാണം

1853. **ശ്രീ.ജി.എസ്.ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂരിൽ സബ്ട്രഷറി സ്ഥാപിക്കുന്നതിലേക്കായി സൗജന്യമായി ഭൂമി ട്രഷറി വകുപ്പിന് ലഭിച്ചിരുന്നുവോ; എങ്കിൽ എത്ര സെന്റ് ഭൂമി; എന്നാണ് ലഭിച്ചതെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത ഭൂമിയിൽ എത്രയും വേഗം കെട്ടിടം നിർമ്മിക്കണമെന്ന് ആവശ്യപ്പെട്ട് അപേക്ഷ ലഭിച്ചുവോ; അതിന്മേൽ നാളിതുവരെ സ്വീകരിച്ച നടപടികൾ അറിയിക്കുമോ;

(സി) ചാത്തന്നൂരിൽ പ്രസ്തുത കെട്ടിട നിർമ്മാണം നടത്തുന്നതിലേക്ക് തടസ്സങ്ങൾ നിലവിലുണ്ടോ; ഇല്ലായെങ്കിൽ എന്നത്തേക്ക് കെട്ടിട നർമ്മാണം നടത്തുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

## കാരുണ്യ ബനവലൻറ് സ്കീം

1854. **ശ്രീ.പി.തിലോത്തമൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ബനവലൻറ് സ്കീമിൽപ്പെടുത്തി ആലപ്പുഴ ജില്ലയിൽ ആകെ നൽകിയ ചികിത്സാ സഹായം എത്ര രൂപയാണെന്നും ഏതെല്ലാം രോഗങ്ങൾക്കാണെന്നും താലൂക്ക് തിരിച്ചുള്ള കണക്ക് തരാമോ?

(ബി) ചേർത്തല താലൂക്കിലെ വിവിധ മേഖലകളിൽ പെട്ട രോഗികളിൽ നിന്നും ലോട്ടറി ഓഫീസ് വഴി സമർപ്പിക്കപ്പെട്ട കാരുണ്യ ചികിത്സാ പദ്ധതി പ്രകാരമുള്ള അപേക്ഷകളിൽ എത്രയെണ്ണം നിരസിക്കപ്പെട്ടുവെന്നും നിലവിൽ എത്ര കേസുകൾ നടപടിയാകാതെയും സഹായം അനുവദിക്കാതെയും കിടപ്പുണ്ടെന്നും പറയാമോ, ഇപ്രകാരം സംഭവിക്കുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ?

കോ- ഇൻഷ്വറൻസ് സംവിധാനം

1855. ശ്രീ.പി.എ.മാധവൻ

,, എ.പി.അബ്ദുള്ളക്കുട്ടി

,, അൻവർ സാദത്ത്

,, കെ.ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് സ്റ്റേറ്റ് ഇൻഷ്വറൻസ് വകുപ്പ് കോ- ഇൻഷ്വറൻസ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതു വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

വ്യവഹാര നയം

1856. ശ്രീ.സണ്ണി ജോസഫ്

,, തേറമ്പിൽ രാമകൃഷ്ണൻ

,, ആർ . സെൽവരാജ്

,, സി.പി.മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്ത് വ്യവഹാര നയം നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

കുന്ദമംഗലം കോടതി കെട്ടിടം

1857. **ശ്രീ.പി.ടി.എ. റഹീം :** താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്ദമംഗലം ജ്യുഡീഷ്യൽ ഫസ്റ്റ്ക്ലാസ് മജിസ്ട്രേറ്റ് കോടതിക്ക് സൗകര്യപ്രദമായ കെട്ടിടം നിർമ്മിക്കുന്നത് സംബന്ധിച്ച നിർദ്ദേശത്തിൻമേൽ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ?

<u>കുറ്റപത്രം ലഭിച്ച മന്ത്രിമാർ</u>

1858. **ശ്രീമതി.കെ.എസ്.സലീഖ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ കാലയളവിൽ ക്രിമിനൽ കോടതിയലക്ഷ്യത്തിന് കുറ്റപത്രം ലഭിച്ച മന്ത്രിമാർ, വിവിധ കേസ്സുകളിൽ ഹൈക്കോടതിയിലും സുപ്രീംകോടതിയിലും മറ്റു കോടതികളിലും വിചാരണ നേരിടുന്ന മന്ത്രിമാർ, എന്നിവയുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത കേസ്സുകളിൽ മന്ത്രിമാർക്കെതിരെ കേസ് ഫയൽ ചെയ്തവർ ആരെല്ലാം; സ്വമേധയാ കോടതികൾ സ്വീകരിച്ച കേസ്സുകൾ ഏതെല്ലാം; വിശദാംശം വ്യക്തമാക്കുമോ;

(സി) വിവിധ കോടതികളിൽ രജിസ്റ്റർ ചെയ്തതും അല്ലാത്തതുമായ കേസുകളുടെ പേരിൽ രാജിവച്ച മന്ത്രിമാർ ആരെല്ലാം; രാജിവയ്ക്കാനുള്ള കാരണം എന്തെന്നും ഇവരിൽ ആരുടെയെല്ലാം രാജി മുഖ്യമന്ത്രി ബഹു. ഗവർണ്ണർക്കു നൽകി എന്നും ആരുടെയെല്ലാം രാജി ബഹു. ഗവർണ്ണർക്ക് മുഖ്യമന്ത്രി സമർപ്പിച്ചില്ല എന്നും ആയതിന്റെ കാരണം എന്ത് എന്നും വ്യക്തമാക്കുമോ;

<u>ഭവന നിർമ്മാണ വകുപ്പ് നടപ്പാക്കിയ പദ്ധതികൾ</u>

1859. **ശ്രീ.സി.മമ്മൂട്ടി :** താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഭവന നിർമ്മാണ വകുപ്പ് തിരൂർ നിയോജക മണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികൾ ഏതൊക്കെയാണെന്നും, ഓരോപദ്ധതിയ്ക്കും ഇതേവരെ എന്തു തുക ചെലവഴിച്ചിട്ടുണ്ട് എന്നതിന്റെ കണക്കും ലഭ്യമാക്കുമോ?

<u>ചാലക്കുടി ടൗണിലെ പുതിയ വർക്കിംഗ് വിമൻസ് ഹോസ്റ്റൽ</u>

1860. ശ്രീ.ബി.ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി ടൗണിൽ ഹൗസിംഗ് ബോർഡു വക സ്ഥലത്ത് അനുവദിച്ച് നിർമ്മാണം ആരംഭിച്ചിട്ടുള്ള വർക്കിംഗ് വിമൻസ് ഹോസ്റ്റൽ നിർമ്മാണം ഏത് ഘട്ടത്തിലാണ് എന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത ഹോസ്റ്റൽ നിർമ്മാണ ചെലവ് സംബന്ധിച്ച വിശദ വിവരങ്ങളും, ഹോസ്റ്റലിൽ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്ന സൗകര്യങ്ങളും വിശദമാക്കാമോ?

റബ്ബറിന്റെ വിലതകർച്ച

1861. ശ്രീ.സി.ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) റബ്ബറിന്റെ വിലതകർച്ചമൂലം കേരളത്തിനുണ്ടായ നഷ്ടം കണക്കാക്കിയിട്ടുണ്ടോ; ഇതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്?

ഭീഷണിപ്പെടുത്തി പണം അടപ്പിക്കുന്നതിനെതിരെ സ്വീകരിച്ച നടപടി

1862. ശ്രീ.കെ.കെ.ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിൽ നിന്നും വിദ്യാഭ്യാസ വായ്പ എടുത്തവരിൽ നിന്നും വായ്പ തുക തിരിച്ച് പിടിയ്ക്കാൻ റിലയൻസ് പോലുള്ള പ്രൈവറ്റ് കമ്പനികളെ ചുമതലപ്പെടുത്തിയിട്ടുള്ളതും ഇവർ വായ്പക്കാരെ ഭീഷണിപ്പെടുത്തുന്നതുമായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരത്തിൽ പ്രൈവറ്റ് ഏജൻസികൾ മുഖേന, വായ്പ എടുത്തിരിക്കുന്ന സാധാരണക്കാരെ ഭീഷണിപ്പെടുത്തി പണം അടപ്പിക്കുന്നതിനെതിരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

വനിതാ എക്സൈസ് ഗാർഡ്

1863. ശ്രീമതി.പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ എത്ര വനിതാ എക്സൈസ് ഗാർഡുമാർക്ക് നിയമനം നൽകിയിട്ടുണ്ട്;

(ബി) വനിതാ എക്സൈസ് ഗാർഡ് തസ്തികയിൽ നിലവിൽ ഉള്ള ഒഴിവുകളുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത തസ്തികയിലെ നിയമനത്തിനായി പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിൽ ഉണ്ടോ;എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

## ലഹരി മോചന പദ്ധതി

1864. ശ്രീ.എ. കെ. ശശീന്ദ്രൻ

,, തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലഹരി ഉപയോഗം കുറയ്ക്കാനായി സർക്കാർ എന്തു പദ്ധതിയാണ് നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; ഈ പദ്ധതിയുടെ നടത്തിപ്പിനായി എത്ര ചെലവ് വേണ്ടിവരുമെന്ന് കണക്കാക്കിയിട്ടുണ്ടോ;

(ബി) മദ്യവിൽപ്പനയിൽ നിന്നും ഇക്കാര്യത്തിലേയ്ക്ക് സെസ് ആയി എത്ര തുക സമാഹരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(സി) സർക്കാരിന്റെ ലഹരിമോചന പദ്ധതിയായ സുബോധത്തിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണ്;

(ഡി) സുബോധത്തിന്റെ നടത്തിപ്പിനായി സെസ് പിരിച്ച തുക ബിവറേജസ് കോർപ്പറേഷൻ അതത് മാസങ്ങളിൽ തന്നെ വിൽപ്പന നികുതി വകുപ്പിന് കൈമാറിയിട്ടുണ്ടെങ്കിലും, ആയത് ശരിയായ രീതിയിൽ നികുതി വകുപ്പ് കണക്കിൽപ്പെടുത്തിയിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ ഉത്തരവാദികളായവരുടെ പേരിൽ നടപടി സ്വീകരിക്കുമോ;

## ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ

1865. ശ്രീ.കെ.എസ്.ശബരീനാഥൻ

,, ഐ.സി.ബാലകൃഷ്ണൻ

,, വി.ഡി.സതീശൻ

,, സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ നടത്തുവാൻ കർമ്മ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

## ലഹരി വിമുക്ത കേന്ദ്രങ്ങൾക്ക് ധനസഹായം

1866. ശ്രീ.സണ്ണി ജോസഫ്
,, ബെന്നി ബെഹനാൻ
,, ജോസഫ് വാഴയ്ക്കൻ
,, കെ.ശിവദാസൻ നായർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ലഹരി വിമുക്ത കേന്ദ്രങ്ങൾക്ക് ധനസഹായത്തിന് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

<u>മദ്യ നികുതിയിലെ വർദ്ധനവും അധിക വരുമാനവും</u>

1867. ശ്രീ.രാജു എബ്രഹാം **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ മദ്യത്തിന് ഏർപ്പെടുത്തിയിരുന്ന നികുതി എത്ര ശതമാനമാണ്; ഇതു വഴി എത്ര രൂപയാണ് ഖജനാവിലേക്ക് ലഭിച്ചിരുന്നത്;

(ബി) അധികാരത്തിൽ വന്നശേഷം എത്ര പ്രാവശ്യം എത്ര ശതമാനം വീതം നികുതിയിൽ വർദ്ധനവ് വരുത്തിയിട്ടുണ്ട്; ഇപ്പോൾ എത്ര ശതമാനമാണ് നികുതി ; നികുതി വർദ്ധനവിലൂടെ ഓരോ തവണയും എത്ര തുകയാണ് അധികമായി ലഭിച്ചതെന്ന് വിശദമാക്കാമോ;

(സി) നികുതി വർദ്ധനവിലൂടെ പ്രതീക്ഷിച്ച അധിക വരുമാനം ലഭിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്നും വ്യക്തമാക്കാമോ;

(ഡി) ബാറുകൾ നിരോധിച്ച ശേഷം ഈ ഇനത്തിൽ കുറവോ വർദ്ധനവോ ഉണ്ടായിട്ടുണ്ടോ ; വിശദാംശം വ്യക്തമാക്കാമോ?

<u>സുബോധം പദ്ധതി</u>

1868. ശ്രീ.ഐ.സി.ബാലകൃഷ്ണൻ
,, വർക്കല കഹാർ
,, ലൂഡി ലൂയിസ്
,, ജോസഫ് വാഴയ്ക്കൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സുബോധം പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

## ബിയർ വൈൻ പാർലറുകളുടെ ലൈസൻസ്

1869. **ശ്രീ.പി.ടി.എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014 മാർച്ച് 31വരെ ബിയർ, വൈൻ പാർലറുകളും ഹെറിറ്റേജ് ഹോട്ടലുകളും ഉൾപ്പെടെ എത്ര മദ്യശാലകൾക്കാണ് ലൈസൻസ് നൽകിയിരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത വർഷം ലൈസൻസ് ഇനത്തിലുള്ള വരുമാനം എത്രയായിരുന്നു;

(സി) 2015 ഡിസംബർ 31 വരെ സംസ്ഥാനത്ത് ബിയർ വൈൻ പാർലറുകൾ ഉൾപ്പെടെ എത്ര മദ്യശാലകൾക്കാണ് ലൈസൻസുള്ളത്; 2015 ഡിസംബർ 31 വരെ തന്നാണ്ടിൽ ലൈസൻസ് ഇനത്തിൽ ലഭിച്ച തുക എത്രയാണെന്ന് വിശദമാക്കാമോ?

## അടച്ചു പൂട്ടപ്പെട്ട ബിവറേജസ് കോർപ്പറേഷൻ ഔട്ട് ലെറ്റുകൾ

1870. **ശ്രീ.പി.തിലോത്തമൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ നടപ്പിലാക്കിയ മദ്യ നയത്തിൻറെ അടിസ്ഥാനത്തിൽ ഈ കാലയളവിൽ അടച്ചു പൂട്ടപ്പെട്ട ബിവറേജസ് കോർപ്പറേഷൻ ഔട്ട് ലെറ്റുകൾ ഏതെല്ലാമാണ്; ജില്ലതിരിച്ചുള്ള വിവരങ്ങൾ നൽകാമോ;

(ബി) ഇപ്രകാരം അടച്ചുപൂട്ടപ്പെട്ട ബിവറേജസ് ഔട്ട് ലെറ്റുകളുടെ സമീപത്തായി 3 കിലോമീറ്റർ ചുറ്റളവിലുള്ള സ്വകാര്യ ബാറുകൾ ഏതെല്ലാമാണ് ; ഇപ്രകാരമുള്ള ബാറുകളിലെ വരുമാനം ബിവറേജസ് ഔട്ട് ലെറ്റുകൾ അടച്ചു പൂട്ടിയതുമൂലം എത്രമാത്രം വർദ്ധിച്ചു ; വിശദാംശം ലഭ്യമാക്കുമോ ;

(സി) ബാറുകളിലെ വില്പന സംബന്ധിച്ച വർദ്ധനവും കുറവും പരിശോധിക്കാനുള്ള സംവിധാനം എന്തെല്ലാമാണ് ; ഇതിലൂടെ കൃത്യമായ കണക്കുകൾ ലഭിക്കുമോ ; വിശദാംശം വെളിപ്പെടുത്താമോ ?

## പുകയില ഉൽപ്പന്നങ്ങളുടെ നിരോധനം

1871. ശ്രീ.രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുകയില ഉൽപ്പന്നങ്ങളുടെ ഉപയോഗം നിരോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ ഉൽപ്പന്നങ്ങളാണ് നിരോധിച്ചിട്ടുള്ളത്; പുകയില കൂട്ടിയുള്ള മുറുക്ക് നിരോധന പട്ടികയിൽ ഉണ്ടോ; എന്നാണ് നിരോധനം നിലവിൽ വന്നത്;

(ബി) സിഗരറ്റ് ,ബീഡി എന്നിവയുടെ ഉപഭോഗം ഇക്കൂട്ടത്തിൽ നിരോധിക്കാതിരുന്നത് എന്ത് കൊണ്ട്;

(സി) ബാറുകളുടെ നിരോധനത്തോടെ മയക്കുമരുന്നുകളുടെയും കഞ്ചാവ് ഉൾപ്പെടെയുള്ള ലഹരി വസ്തുക്കളുടെയും പാൻമസാലകളുടെയും ഉപഭോഗം വർദ്ധിച്ചതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) വിദ്യാർത്ഥികൾക്കിടയിൽ ലഹരി വസ്തുക്കളുടെയും പാൻമസാലകളുടെയും ഉപഭോഗം വർദ്ധിച്ചത് തടയാൻ വിദ്യാഭ്യാസ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഇ) വർദ്ധിച്ചു വരുന്ന ലഹരി വസ്തുക്കളുടെ ഉപഭോഗം തടയുന്നതിനും ഇവ അനധികൃത മാർഗ്ഗത്തിലൂടെ അന്യസംസ്ഥാനങ്ങളിൽ നിന്നും എത്തിക്കുന്നത് തടയുന്നതിനും പുതുതായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?

## അനധികൃത മദ്യ വിൽപ്പന

1872. ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാറുകൾ അടച്ചുപൂട്ടിയതിന് ശേഷം ചാരായവാറ്റ്, അനധികൃത മദ്യ വിൽപ്പന, മദ്യം കൈവശം വയ്ക്കൽ എന്നിവ സംബന്ധിച്ച് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ബി) ഇത്തരത്തിൽ രജിസ്റ്റർ ചെയ്ത കേസ്സുകളിൽ എത്ര പേർ ശിക്ഷിക്കപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

## എക്സൈസ് വകുപ്പിന്റെ ആധുനികവത്കരണം

1873. ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ

,, ഹൈബി ഈഡൻ

,, കെ.എസ്.ശബരീനാഥൻ

,, എം.എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എക്സൈസ് വകുപ്പിന്റെ ആധുനികവത്കരണത്തിന് കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

<u>എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ ഓഫീസും, എക്സൈസ് റെയിഞ്ച് ഓഫീസും</u>

1874. **ശ്രീ.ബി.ഡി. ദേവസ്സി :** താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടിയിൽ എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ ഓഫീസും, അതിരപ്പിള്ളി പഞ്ചായത്തിലെ വെറ്റിലപ്പാറയിൽ എക്സൈസ് റെയിഞ്ച് ഓഫീസും അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>മിച്ചൽ ജംഗ്ഷനു സമീപം പ്രവർത്തിക്കുന്ന ബിവറേജസ് ഔട്ട് ലെറ്റ്</u>

1875. **ശ്രീ.ആർ. രാജേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ മിച്ചൽ ജംഗ്ഷനു സമീപം പ്രവർത്തിക്കുന്ന ബിവറേജസ് ഔട്ട് ലെറ്റ് മറ്റൊരു പ്രദേശത്തേക്ക് മാറ്റി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) പ്രസ്തുത ഔട്ട് ലെറ്റ് മാറ്റി സ്ഥാപിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

<u>ഹാർബർ എഞ്ചിനീയറിംഗ് പ്രവൃത്തികൾ</u>

1876. **ശ്രീ.ജി.സുധാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഹാർബർ എഞ്ചിനീയറിംഗുമായി ബന്ധപ്പെട്ട് ഏതെല്ലാം പ്രവൃത്തികളാണ് അമ്പലപ്പുഴ നിയോജകമണ്ഡലത്തിൽ ഏറ്റെടുത്തിട്ടുള്ളതെന്നും ഓരോ പ്രവൃത്തിക്കുമായി എത്ര തുകവീതം വകയിരുത്തിയിട്ടുണ്ട് എന്നും വ്യക്തമാക്കാമോ;

(ബി) ആയതിൽ ഏതെല്ലാം പ്രവൃത്തികൾ പൂർത്തീകരിച്ചു/ഏതൊക്കെയാണ് ഇനിയും ആരംഭിക്കാത്തതെന്നും എന്തുകാരണങ്ങളാലാണ് അവ തുടങ്ങാത്തതെന്നും വ്യക്തമാക്കാമോ;

(സി) ഹാർബർ എഞ്ചിനീയറിംഗ് വകുപ്പുമായി ബന്ധപ്പെട്ട് കഴിഞ്ഞ അഞ്ച് വർഷങ്ങളിൽ അമ്പലപ്പുഴ നിയോജകമണ്ഡലത്തിൽ അനുവദിച്ച തുക എത്രയെന്ന് വർഷം തിരിച്ച് വ്യക്തമാക്കാമോ?

<u>താനൂർ ഫിഷിംഗ് ഹാർബർ</u>

1877. ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) താനൂർ ഫിഷിംഗ് ഹാർബറിന്റെ പ്രവൃത്തി ഏത് ഘട്ടത്തിലാണെന്നു വിശദമാക്കുമോ;

(ബി) കടലിന്റെ ആഴത്തിലും അളവിലും വന്ന വർദ്ധനവിന്റെ അടിസ്ഥാനത്തിൽ പുതുക്കിയ പ്രവൃത്തികൾ ക്രമീകരിച്ച് പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് പൂർത്തിയാക്കി ഹാർബർ കമ്മീഷൻ ചെയ്യാനാകുമെന്ന് അറിയിക്കുമോ?

<u>കപ്പൽ സർവ്വീസ്</u>

1878. ശ്രീ.ടി.എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട്, കൊച്ചി, വിഴിഞ്ഞം, തൂത്തുക്കുടി, ശ്രീലങ്ക എന്നീ തുറമുഖങ്ങളെ ബന്ധിപ്പിച്ചുകൊണ്ടുള്ള കപ്പൽ സർവ്വീസ് പദ്ധതി പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ ആയത് എന്ന് മുതൽ ആരംഭിക്കുമെന്നു വ്യക്തമാക്കുമോ;

(സി) പ്രസ്തുത സർവ്വീസ് നടപ്പാക്കുന്നതിനായി സ്വീകരിച്ച നടപടി വിശദമാക്കുമോ?

<u>വിഴിഞ്ഞം തുറമുഖം</u>

1879. ശ്രീ.കെ.വി.വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖത്തിന്റെ എം .ഒ.യു .( MOU )വിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ഇക്കാര്യത്തിൽ കേരളത്തിനു വന്നു ചേരുന്ന നേട്ടങ്ങൾ എന്തൊക്കെയെന്നാണ് വിലയിരുത്തിയിരിക്കുന്നത്; വിശദ വിവരം നൽകുമോ;

(സി) ഇതിന്റെ ഭാഗമായി കുടിയൊഴിപ്പിക്കപ്പെടുന്ന തീരദേശവാസികളുടെ

പുനരധിവാസവും തൊഴിൽ രംഗത്ത് വന്നു ചേരുന്ന പ്രശ്നങ്ങളും പരിഹരിക്കുന്നതിന് എന്തെങ്കിലും പാക്കേജ് നടപ്പാക്കുമോ;എങ്കിൽ വിശദാംശം നൽകുമോ?

<u>പൊന്നാനി മണ്ഡലത്തിലെ പദ്ധതികൾ</u>

1880. **ശ്രീ.പി.ശ്രീരാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പൊന്നാനി മണ്ഡലത്തിൽ മത്സ്യബന്ധന വകുപ്പിൽ നിന്ന് എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കിയിട്ടുള്ളത് എന്ന് വിശദമാക്കുമോ;

(ബി) എത്ര തുകയാണ് ഓരോ പദ്ധതിക്കും വകയിരുത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(സി) ഇപ്പോൾ ഈ പദ്ധതികളെല്ലാം ഏതൊക്കെ ഘട്ടങ്ങളിലാണെന്ന് പറയാമോ;

(ഡി) എത്ര എണ്ണം പൂർത്തീകരിച്ചു എന്ന് വിശദമാക്കുമോ; അവ ഏതെല്ലാം?

<u>മത്സ്യബന്ധന-ഹാർബർ എഞ്ചിനീയറിംഗ് വകുപ്പു മുഖേന നടപ്പിലാക്കിയ പ്രവൃത്തികൾ</u>

1881. **ശ്രീ.റ്റി.വി.രാജേഷ് :** താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കല്ല്യാശ്ശേരി മണ്ഡലത്തിൽ ഇതുവരെയായി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പു മുഖേന എന്തൊക്കെ വികസന പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളത്; ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കല്ല്യാശ്ശേരി മണ്ഡലത്തിൽ ഇതുവരെയായി എത്ര തീരദേശ റോഡുകൾ അഭിവൃദ്ധിപ്പെടുത്തിയിട്ടുണ്ട്; വിശദാംശം നൽകുമോ?

<u>ചാത്തന്നൂർ നിയോജക മണ്ഡലത്തിൽ നിർമ്മിച്ച റോഡുകൾ</u>

1882. **ശ്രീ.ജി.എസ്.ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ചാത്തന്നൂർ നിയോജക മണ്ഡലത്തിൽ ഫിഷറീസ് വകുപ്പിന്റെ ചുമതലയിൽ എത്ര റോഡുകൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്; പ്രസ്തുത റോഡുകളുടെ പേരും, തുകയും അറിയിക്കുമോ;

(ബി) പ്രസ്തുത റോഡുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ എല്ലാം തന്നെ പൂർത്തീകരിച്ചുവോ; ഇല്ലായെങ്കിൽ ഏതൊക്കെ പ്രവൃത്തികൾ പൂർത്തീകരിക്കുവാൻ ഉണ്ടെന്നും, ആയത് എന്നത്തേക്ക് നിർമ്മാണം പൂർത്തീകരിക്കുമെന്നും

വ്യക്തമാക്കുമോ?

കേരള മറൈൻ ഫിഷിംഗ് റെഗുലേഷൻ ആക്ട്

1883. ശ്രീ.ടി.എൻ. പ്രതാപൻ
,, അൻവർ സാദത്ത്
,, ഹൈബി ഈഡൻ
,, ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടൽ രക്ഷാപ്രവർത്തനം, കടൽ പട്രോളിംഗ് എന്നിവ കെ.എം.എഫ്.ആർ ആക്ട് പ്രകാരം ശക്തമാക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) കേരളത്തിന്റെ 9 തീരദേശ ജില്ലകളിലും ഫിഷറീസ് സ്റ്റേഷനുകൾ സ്ഥാപിക്കുവാൻ നടപടി കൈക്കൊള്ളുമോ;

(സി) കടൽ സുരക്ഷ, പട്രോളിംഗ്, തീരം വഴിയുള്ള ഭീകരപ്രവർത്തന ഭീഷണി, പ്രതിരോധം എന്നിവ ശക്തമായി നടപ്പാക്കുവാൻ ഫിഷറീസ് സ്റ്റേഷൻ മേധാവികളായി ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർമാരെ നിയമിക്കുമോ ?

വനാമി ചെമ്മീൻ, കാര ചെമ്മീൻ എന്നിവയ്ക്ക് ഇ.എച്ച്.പി അസുഖം

1884. ശ്രീ.സി.കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിൽ ചില പ്രദേശങ്ങളിൽ വനാമി ചെമ്മീൻ, കാര ചെമ്മീൻ എന്നിവയ്ക്ക് ഇ.എച്ച്.പി അസുഖം പിടിപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇത് പ്രതിരോധിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

തീരദേശ റോഡുകൾ

1885. ശ്രീ.ആർ . സെൽവരാജ്
,, വി.പി.സജീന്ദ്രൻ
,, പി.സി വിഷ്ണുനാഥ്
,, ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശ റോഡുകൾ നിർമ്മിക്കുവാൻ കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പിലാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

## നാരൻ ചെമ്മീൻ ഉൽപ്പാദനം

1886. **ശ്രീ.സി.കൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ തദ്ദേശീയ ഇനമായ നാരൻ ചെമ്മീൻ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി ഫിഷറീസ് വകുപ്പ് എന്തെങ്കിലും പ്രത്യേക പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രത്യേക പദ്ധതി നടപ്പിലാക്കാൻ നടപടികൾ സ്വീകരിക്കുമോ;

(ബി) മത്സ്യ വകുപ്പിന്റെയോ അനുബന്ധ ഏജൻസികളുടെയോ നിയന്ത്രണത്തിൽ ഉള്ള ഏതൊക്കെ ഹാച്ചറികളിൽ നിലവിൽ നാരൻ ചെമ്മീൻ വിത്തുൽപ്പാദനം നടത്തുന്നുണ്ടെന്ന് വിശദമാക്കാമോ;

(സി) 2014-15 വർഷത്തിൽ മത്സ്യസമൃദ്ധി പദ്ധതി വഴി എത്ര നാരൻ ചെമ്മീൻ വിത്തുകൾ കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ടെന്നും ഇതുമായി ബന്ധപ്പെട്ട് എത്ര ടൺ ഉൽപ്പാദനം ഉണ്ടായിട്ടുണ്ടെന്നും ജില്ല തിരിച്ച് വിശദമാക്കാമോ?

## ഫിഷറീസ് തീരദേശ വകുപ്പിന്റെ പദ്ധതികൾ

1887. **ശ്രീ.കെ.കെ.നാരായണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ധർമ്മടം നിയോജകമണ്ഡലത്തിൽ ഫിഷറീസ് വകുപ്പിന്റെ കീഴിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ ഏതെല്ലാം പദ്ധതികൾ പൂർത്തീകരിച്ചെന്നും, ഇനി എന്തെല്ലാം പൂർത്തീകരിക്കാൻ ബാക്കിയുണ്ടെന്നും വിശദമാക്കാമോ?

## അമ്പലപ്പുഴ മണ്ഡലത്തിലെ തീരദേശ റോഡുകൾ

1888. **ശ്രീ.ജി.സുധാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ മണ്ഡലത്തിലെ തീരദേശ റോഡുകൾ അറ്റകുറ്റപണികൾ നടത്തുന്നതിനായി എത്ര പ്രൊപ്പോസലുകൾ പരിഗണനയിലുണ്ടെന്നും അവ ഏതൊക്കെയാണെന്നും വിശദമാക്കാമോ;

(ബി) പ്രസ്തുത റോഡുകളുടെ അറ്റകുറ്റപണികൾ നടത്തുന്നതിനായ് ഭരണാനുമതി ലഭിക്കാൻ നടപടി സ്വീകരിക്കുമോ?

<u>കൽപ്പറ്റ നിയോജകമണ്ഡലത്തിലെ മത്സ്യബന്ധന വകുപ്പ് പദ്ധതികൾ</u>

1889. ശ്രീ.എം.വി.ശ്രേയാംസ് കുമാർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ മത്സ്യബന്ധന വകുപ്പ് മുഖേന കൽപ്പറ്റ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ വികസന പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾക്കായി കഴിഞ്ഞ അഞ്ച് വർഷങ്ങളിലായി വകയിരുത്തിയ തുക, ചെലവഴിച്ച തുക എന്നിവ എത്രയെന്ന് ഇനം തിരിച്ച് വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത പദ്ധതികളിൽ ഇനിയും പൂർത്തിയാക്കാനുള്ള പ്രവൃത്തികൾ ഏതെല്ലാമെന്നും ആയതിനു വകയിരുത്തിയ തുക എത്രയെന്നും വ്യക്തമാക്കുമോ?

<u>മത്സ്യബന്ധനം</u>

1890. ശ്രീ.ടി.എൻ. പ്രതാപൻ
,, കെ.മുരളീധരൻ
,, കെ.എസ്.ശബരീനാഥൻ
,, പി.സി വിഷ്ണുനാഥ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധനത്തിനുവേണ്ടി സബ്സിഡി നിരക്കിൽ നൽകുന്ന മണ്ണെണ്ണ ഉലോം പരിമിതമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പാവപ്പെട്ട മത്സ്യത്തൊഴിലാളികൾ കരിഞ്ചന്തയിൽ നിന്നും വൻ വില കൊടുത്ത് മണ്ണെണ്ണ വാങ്ങുന്നത് ഒഴിവാക്കുവാൻ സബ്സിഡി നിരക്കിൽ നൽകുവാൻ നടപടി സ്വീകരിക്കുമോ ;

(സി) പ്രതിമാസം എത്ര ലിറ്റർ മണ്ണെണ്ണ സബ്സിഡി നിരക്കിൽ മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്യുന്നുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഡി) നിലവിൽ ഏതൊക്കെ ഏജൻസികൾ മുഖേനയാണ് മണ്ണെണ്ണ വിതരണം നടത്തുന്നത്;

(ഇ) മത്സ്യത്തൊഴിലാളികളുടെ സൗകാര്യാർത്ഥം കൂടുതൽ ബങ്കുകൾ സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ ?

<u>അക്വേറിയങ്ങൾ സ്ഥാപിക്കുവാൻ നടപടി</u>

1891. ശ്രീ.ടി.എൻ. പ്രതാപൻ
,, തേറമ്പിൽ രാമകൃഷ്ണൻ
,, വി.പി.സജീന്ദ്രൻ
,, എം.പി.വിൻസെൻറ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ടൂറിസം കേന്ദ്രങ്ങളിൽ വിനോദസഞ്ചാരികളെ കൂടുതലായി ആകർഷിക്കുന്നതിനായി ഫിഷറീസ് വകുപ്പിന്റെ മേൽനോട്ടത്തിൽ അക്വേറിയങ്ങൾ സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) പ്രസ്തുത അക്വേറിയങ്ങളിൽ അലങ്കാര മത്സ്യങ്ങൾക്കു പുറമേ, നാടൻ മത്സ്യയിനങ്ങളെ കൂടി ഉൾപ്പെടുത്തി, അവയുടെ ഗുണഗണങ്ങളെക്കുറിച്ച് പൊതുജനങ്ങൾക്ക് അവബോധം സൃഷ്ടിക്കുവാൻ നടപടി സ്വീകരിക്കുമോ ;

(സി) നിലവിൽ ഫിഷറീസ് വകുപ്പിന് ഏതൊക്കെ ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ അക്വേറിയങ്ങൾ ഉണ്ട്?

<u>മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ</u>

1892. ശ്രീ.എ.എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീമതി അംബിക, കുട്ടുങ്കൽ കാക്കതുരുത്ത്, എരമല്ലൂർ, എഴുപുന്ന പഞ്ചായത്ത് എന്നയാൾ മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷനിൽ നൽകിയ അപേക്ഷയിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയെന്നു അറിയിക്കാമോ;

(ബി) വായ്പ തുക തിരിച്ചടയ്ക്കാത്തതിനെ തുടർന്ന് പ്രസ്തുത അപേക്ഷകയ്ക്കെതിരെ ജപ്തി നടപടികൾ ആരംഭിച്ചിരിക്കുന്ന സാഹചര്യത്തിൽ പ്രസ്തുത സഹായം അടിയന്തരമായി ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

<u>മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ</u>

1893. ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ എത്ര പേർക്ക് എത്ര തുക കടാശ്വാസമായി അനുവദിക്കുന്നതിന് ശിപാർശ ചെയ്തിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ അപേക്ഷകളുടെ പരിഗണനക്കായി എത്ര പ്രാവശ്യം സിറ്റിംഗ് നടത്തിയിട്ടുണ്ടെന്നും എത്ര അപേക്ഷകൾ പരിഗണിച്ചിട്ടുണ്ടെന്നും ഇനിയും പരിഗണിക്കാത്ത എത്ര അപേക്ഷകൾ നിലവിലുണ്ടെന്നും വിശദമാക്കുമോ?

## മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ

1894. **ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ സിറ്റിങ്ങ് നടത്തി എത്ര റിപ്പോർട്ടുകൾ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്;

(ബി) പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എത്ര കോടി രൂപ കടാശ്വാസമായി നൽകേണ്ടതുണ്ട്; വിശദാംശം അറിയിക്കാമോ; നാളിതുവരെ ഈ ഇനത്തിൽ എത്ര രൂപ നൽകിയിട്ടുണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

## മത്സ്യത്തൊഴിലാളികളുടെ ജീവിത നിലവാരം

1895. **ശ്രീ.റ്റി.യു. കുരുവിള**
**,, മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികളുടെ ജീവിത നിലവാരം ഉയർത്തുന്നതിന് ഈ സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) മത്സ്യത്തൊഴിലാളികളുടെ കടബാദ്ധ്യതകൾ എഴുതിത്തള്ളുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ?

## മത്സ്യമാർക്കറ്റിന്റെ ആധുനികവൽക്കരണം

1896. **ശ്രീ.മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ മാഞ്ഞൂർ പഞ്ചായത്തിൽ മത്സ്യമാർക്കറ്റ് ആധുനികവൽക്കരിക്കുന്നതു സംബന്ധിച്ച് നിലവിലുള്ള 7245/സി2/2015 ഫിഷറീസ് നമ്പർ ഫയലിന്റെ പുരോഗതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഫയലിൽ തീർപ്പുകൽപ്പിക്കുന്നതിനുള്ള കാലതാമസം വ്യക്തമാക്കാമോ?

<u>വ്യോമയാന സ്ഥാപനങ്ങളുടെ സുരക്ഷ</u>

1897. ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി
,, പി.കെ.ബഷീർ
,, അബ്ദുറഹിമാൻ രണ്ടത്താണി
,, കെ.എം.ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എയർപോർട്ടുകളുടെയും, ആകാശ പരിധിയുടെയും സുരക്ഷ ഉറപ്പാക്കുന്ന കാര്യത്തിൽ സംസ്ഥാന സർക്കാരിനുള്ള ഉത്തരവാദിത്തങ്ങൾ വിശദമാക്കുമോ;

(ബി) പത്താൻകോട്ട് വ്യോമതാവള ആക്രമണത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനതിർത്തിക്കുളിലെ വ്യോമയാന സ്ഥാപനങ്ങളുടെ സുരക്ഷയും വ്യോമയാന നിയമങ്ങളുടെ കർശന നടപ്പാക്കലും ഉറപ്പുവരുത്താൻ സർക്കാരിന്റെ ഭാഗത്തുനിന്നും സ്വീകരിക്കേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കുമോ ?

<u>സിവിൽ പോലീസ് ഓഫീസറുടെ ഒഴിവുകൾ</u>

1898. ശ്രീ.എ.എ.അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പോലീസിൽ സിവിൽ പോലീസ് ഓഫീസർ തസ്തികയിൽ ഇപ്പോൾ എത്ര ഒഴിവുകളാണുള്ളത്; ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഇതിൽ എത്ര ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്;

(സി) മുഴുവൻ ഒഴിവുകളിലേക്കും നിയമനം നടത്താൻ അടിയന്തര നടപടി സ്വീകരിക്കുമോ?

<u>പാററൂർ ഫ്ലാറ്റ് നിർമ്മാണം</u>

1899. ശ്രീ.കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറ്റൂരിൽ സർക്കാർ ഭൂമി കയ്യേറി ഫ്ലാറ്റ് നിർമ്മിച്ച സംഭവത്തിൽ എഫ്.ഐ.ആർ ഫയൽ ചെയ്യുന്നത് സംബന്ധിച്ച വിജിലൻസിന്റെ നിയമോദേഷ്ടാവിന്റെ നിയമോപദേശം എന്തായിരുന്നു; ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത നിയമോപദേശ പ്രകാരം നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ;

(സി) ഭൂമികയ്യേറ്റക്കേസ്സിൽ എഫ്.ഐ.ആർ രജിസ്റ്റർ ചെയ്യാൻ അടിയന്തര നടപടി സ്വീകരിക്കുമോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

<u>പ്രവീൺ തൊഗാഡിയ പ്രതിയായിരുന്ന കേസ്സ്</u>

1900. **ശ്രീ.കെ.കെ.നാരായണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവീൺ തൊഗാഡിയ പ്രതിയായിരുന്ന കേസ്സ് പിൻവലിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് ആരുടെ അപേക്ഷയിന്മേലാണെന്നും ആർക്കാണ് അപേക്ഷ നൽകിയതെന്നും വ്യക്തമാക്കാമോ;

(സി) പ്രസ്തുത കേസ്സ് പിൻവലിച്ചതുമായി ബന്ധപ്പെട്ട ഉത്തരവ് ലഭ്യമാക്കാമോ?

<u>പിൻവലിച്ച വിജിലൻസ് കേസുകൾ</u>

1901. **ശ്രീ.കോടിയേരി ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ ഏതൊക്കെ നമ്പറുകളിലുള്ള ഏതൊക്കെ സ്വഭാവമുള്ള വിജിലൻസ് കേസുകളാണ് പിൻവലിച്ചതെന്ന് വിശദമാക്കാമോ;

<u>റോഡപകടങ്ങൾ</u>

1902. **ശ്രീ.വി.എസ്.സുനിൽ കുമാർ**
**,, വി.ശശി**
**ശ്രീമതി.ഗീതാ ഗോപി**
**ശ്രീ.കെ.അജിത് :** താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡപകട നിവാരണം ലക്ഷ്യമിട്ട് പോലീസ്,പൊതുമരാമത്ത്, മോട്ടോർ വാഹനം, ആരോഗ്യം തുടങ്ങിയ വകുപ്പുകൾ ഏകോപിപ്പിച്ച് എന്തെങ്കിലും നടപടികൾ ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ ?

<u>ഐ.ജി. ടി. ജെ. ജോസിനെതിരെയുള്ള അന്വേഷണം</u>

1903. **ശ്രീമതി.കെ.കെ.ലതിക :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഐ.ജി. റാങ്കിലുള്ള പോലീസ് ഉദ്യോഗസ്ഥനായ ടി. ജെ. ജോസിനെതിരെ എന്തെങ്കിലും അന്വേഷണം വകുപ്പുതലത്തിൽ നടത്തുകയുണ്ടായോ എന്ന് വ്യക്തമാക്കുമോ;

(ബി) ഏതെല്ലാം വിഷയങ്ങളിലാണ് പ്രസ്തുത അന്വേഷണം നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ഓരോ അന്വേഷണത്തിലും എന്തെങ്കിലും കുറ്റങ്ങൾ പ്രസ്തുത വ്യക്തിയുടെ പേരിൽ കണ്ടെത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ഡി) ടിയാന്റെ പേരിൽ വകുപ്പുതലത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വിശദമാക്കുമോ?

<u>സി.ബി.ഐ.ക്ക് വിട്ട കേസുകൾ</u>

1904. **ശ്രീ.കോടിയേരി ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ സംസ്ഥാനത്ത് റജിസ്റ്റർ ചെയ്ത എത്ര കേസുകൾ സി.ബി.ഐ.ക്ക് വിട്ടിട്ടുണ്ടെന്ന് അറിയിക്കുമോ;

(ബി) ഇതിൽ സർക്കാർ നേരിട്ട് വിട്ട കേസുകളും കോടതി നിർദ്ദേശത്തെ തുടർന്ന് വിട്ട കേസുകളും എത്രയെന്ന് വിശദമാക്കാമോ;

(സി) ഇതിൽ എത്ര കേസുകൾ ഇതിനകം സി.ബി.ഐ. ഏറ്റെടുത്തെന്ന് വിശദമാക്കാമോ;

(ഡി) സി.ബി.ഐ. ഏറ്റെടുക്കാത്ത കേസുകളിൽ ഇതുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാരിന് സി.ബി.ഐ. നൽകിയ വിശദീകരണക്കുറിപ്പുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

<u>ഡി.വൈ.എഫ്.ഐ പ്രവർത്തകരായ സുജിത്ത്, അഭിലാഷ്, നാരായണൻ ഇവർക്കെതിരെ ആക്രമണം</u>

1905. **ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ഇക്കഴിഞ്ഞ ഡിസംബർ മാസത്തിൽ അരവത്ത് ഡി.വൈ.എഫ്.ഐ പ്രവർത്തകരായ സുജിത്ത്, അഭിലാഷ്, നാരായണൻ എന്നിവരെ ആക്രമിച്ച് പരിക്കേൽപ്പിച്ച സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; ആരൊക്കെയാണ് പ്രതികൾ;

വിശദാംശങ്ങൾ അറിയിക്കാമോ;

(സി) എല്ലാ പ്രതികളെയും പിടികൂടിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

<u>എസ്.സി/എസ്.ടി, ആദിവാസി വിഭാഗങ്ങൾക്കെതിരെയുള്ള അതിക്രമങ്ങൾ</u>

1906. ശ്രീ.എ.കെ.ബാലൻ

,, പുരുഷൻ കടലുണ്ടി

,, കെ.വി.വിജയദാസ്

,, എസ്.രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.സി/എസ്.ടി, ആദിവാസി വിഭാഗങ്ങൾ സംസ്ഥാനത്ത് അരക്ഷിതരായിരിക്കുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ സർക്കാരിന്റെ കാലത്ത് പ്രസ്തുത വിഭാഗങ്ങളിൽപ്പെട്ടവർ അതിക്രമങ്ങൾക്ക് ഇരയായതിന്റെ വിശദാംശങ്ങൾ ലഭ്യമാണോ; എങ്കിൽ വിശദമാക്കാമോ;

(സി) പ്രസ്തുത വിഭാഗങ്ങൾക്കെതിരെയുണ്ടായ അതിക്രമങ്ങളിൽ പോലീസ് പ്രതിസ്ഥാനത്തുള്ള കേസുകൾ ഉണ്ടോ; വെളിപ്പെടുത്താമോ;

(ഡി) 1989 ലെ ഷെഡ്യൂൾഡ് കാസ്റ്റ് ആന്റ് ഷെഡ്യൂൾഡ് ട്രൈബ്സ് പ്രിവൻഷൻ ഓഫ് അട്രോസിറ്റീസ് ആക്ട് സംസ്ഥാനത്ത് ഫലപ്രദമായി നടപ്പിലാക്കാൻ തയ്യാറാകുമോ; പ്രസ്തുത ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത കേസുകളുടെ സ്ഥിതിവിവരകണക്കുകൾ ശേഖരിക്കാറുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>വടകര സബ് ജയിൽ</u>

1907. ശ്രീ.സി.കെ.നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വളരെ പരിമിതമായ സൗകര്യങ്ങളോടുകൂടി വർഷങ്ങളായി പ്രവർത്തിച്ചുവരുന്ന വടകര സബ്ജയിൽ മറ്റൊരു സ്ഥലത്തേക്ക് മാറ്റുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കുമോ;

(ബി) ഇറിഗേഷൻ വകുപ്പ് ജയിൽ നിർമ്മിക്കാൻ അനുവദിച്ച സ്ഥലം ജയിൽ വകുപ്പിന് ലഭിക്കാൻ വേണ്ടി ബന്ധപ്പെട്ട വകുപ്പുമായി അടിയന്തരമായി ആലോചിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

<u>കേരള സിവിൽ പോലീസ് എസ് ഐ അംഗീകൃത അംഗബലം</u>

1908. **ശ്രീ.ജി.എസ്.ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2010-ൽ കേരള സിവിൽ പോലീസ് രൂപീകരിച്ചതിന് ശേഷം SI തസ്തികയിൽ കേരള സിവിൽ പോലീസ് കേഡറിൽ നിലവിൽ വന്ന ആദ്യ റാങ്ക് ലിസ്റ്റ് ഏതാണ്;

(ബി) 31.12.2015-ൽ വരെയുള്ള കണക്കുകൾ പ്രകാരം SI (കേരള സിവിൽ പോലീസ്) തസ്തികയുടെ Sanctioned Strength എത്രയാണ്;

(സി) നിലവിൽ നേരിട്ട് നിയമനം ലഭിച്ച എത്ര SI മാർ ജോലി ചെയ്യുന്നുണ്ട്; നിലവിൽ പ്രമോഷൻ വഴി നിയമനം ലഭിച്ച എത്ര SI മാർ വകുപ്പിൽ ജോലിനോക്കുന്നുണ്ട്?

## കേരള സിവിൽ പോലീസ് കേഡർ

1909. **ശ്രീമതി.പി. അയിഷാ പോറ്റി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2010-ൽ കേരള സിവിൽ പോലീസ് കേഡർ നിലവിൽ വന്നതിനുശേഷം നിലവിൽ വന്ന ആദ്യ എസ്.ഐ. (കെ.സി.പി) റാങ്ക് ലിസ്റ്റ് ഏതാണ്;

(ബി) 2010-ൽ കേരള സിവിൽ പോലീസ് കേഡർ രൂപം കൊണ്ടശേഷം എത്ര എസ്.ഐ. തസ്തികകൾ കെ.സി.പി.യിലേക്ക് പുതിയതായി സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്?

## സബ് ഇൻസ്പെക്ടർമാരുടെ എണ്ണം

1910. **ശ്രീ.എ. കെ. ശശീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1.12.2014 ൽ കേരള പോലീസിൽ സബ്ഇൻസ്പെക്ടർമാരുടെ (ജി.ഇ)എത്ര തസ്തികകൾ നിലവിലുണ്ട്;

(ബി) 1.12.2014 ന ശേഷം സബ്ഇൻസ്പെക്ടർമാരുടെ എത്ര തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്; ബന്ധപ്പെട്ട ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) പോലീസ് സേനയിൽ 28 വർഷം പൂർത്തീകരിച്ച എ.എസ്.ഐ. മാരുടെ പോസ്റ്റ് എസ്.ഐ.മാരാക്കി അപ്ഗ്രേഡ് ചെയ്തതു വഴി 2015 മേയ് 31 വരെ എത്രപേർ ഈ കാറ്റഗറിയിൽ ജോലി ചെയ്തു വരുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

## ശ്രീ. ടി. പി. ശ്രീനിവാസനെ ആക്രമിച്ച കേസ്

1911. **ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നയതന്ത്ര വിദഗ്ധൻ ശ്രീ. ടി. പി. ശ്രീനിവാസനെ ആക്രമിച്ച സംഭവത്തിൽ എത്രപേർക്കെതിരെ കേസ്സെടുത്തുവെന്നും ഏതെല്ലാം വകുപ്പുകളാണ് ഇവരുടെ പേരിൽ ചേർത്തതെന്നും വിശദമാക്കുമോ;

(ബി) എസ്.എഫ്.ഐ. പ്രവർത്തകൻ കരണത്തടിച്ചപ്പോൾ തടയാൻ പോലീസ് വേണ്ടവിധം ശ്രമിച്ചില്ല എന്ന ആക്ഷേപം ശ്രദ്ധയിൽവന്നിട്ടുണ്ടോ; എങ്കിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത സംഭവത്തിൽ എന്തെങ്കിലും ഗൂഢാലോചന നടന്നിട്ടുണ്ടോയെന്ന് അന്വേഷിക്കുമോ?

<u>ശ്രീ. ടി. പി. ശ്രീനിവാസനെതിരെയുള്ള ആക്രമണം</u>

1912. ശ്രീ.കെ.അച്ചുതൻ
,, കെ.എസ്.ശബരീനാഥൻ
,, ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആഗോള വിദ്യാഭ്യാസ സമ്മേളനത്തിന് എത്തിയ വിദ്യാഭ്യാസ കൗൺസിൽ ചെയർമാൻ ശ്രീ. ടി. പി. ശ്രീനിവാസനെ എസ് എഫ ഐ നേതാക്കൾ മർദ്ദിച്ച സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(ബി) പ്രസ്തുത സംഭവം സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത സംഭവത്തിൽ ആർക്കെല്ലാമെതിരെ നടപടികൾ എടുക്കുകയുണ്ടായി;

(ഡി) പ്രസ്തുത സംഭവുമായി ബന്ധപ്പെട്ടവരുടെ രാഷ്ട്രീയ ബന്ധവും ക്രിമിനൽ റെക്കോർഡും എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ?

<u>ശ്രീ. ടി.പി ശ്രീനിവാസൻ ആക്രമിക്കപ്പെട്ട സംഭവം</u>

1913. ശ്രീ.സി.മോയിൻ കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീ. ടി.പി ശ്രീനിവാസനെ കൈയേറ്റം ചെയ്തത് തടയാതെ, നോക്കി നിന്ന പോലീസ് ഉദ്യോഗസ്ഥർക്കെതിരെ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പൗരന് സംരക്ഷണം നല്കാനും ക്രിമിനൽ നടപടികൾ തടയാനും ഉത്തരവാദിത്തവും ചുമതലയും നല്കപ്പെട്ടിട്ടുള്ള ഉദ്യോഗസ്ഥർ, കൺമുമ്പിൽ കുറ്റകൃത്യം നടക്കുമ്പോഴും കാഴ്ചക്കാരായി നിന്ന സ്ഥിതിവിശേഷം ഗൗരവമായി കണ്ട് നടപടി സ്വീകരിക്കുമോ?

<u>ശ്രീ. ജേക്കബ് തോമസ്, ഐ.പി.എസ് നെതിരെയുള്ള പരാതികൾ</u>

1914. **ശ്രീ.വി.പി.സജീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീ ജേക്കബ് തോമസ്, ഐ.പി.എസ് നെതിരെ അന്വേഷണത്തിനായി എത്ര പരാതികൾ ഇതുവരെ ലഭിച്ചിട്ടുണ്ട്;

(ബി) ഏതെല്ലാം പരാതികളിൽ അന്വേഷണം പൂർത്തീകരിച്ചിട്ടുണ്ട്;

(സി) അന്വേഷണം നടത്തിയിട്ടുള്ളവയുടെ അന്വേഷണ റിപ്പോർട്ട് ലഭ്യമാക്കാമോ;

(ഡി) കർണാടകയിൽ വസ്തു വാങ്ങിയതും അതിലെ മരം മുറിച്ചതും സംബന്ധിച്ച് പരാതി ലഭിച്ചിട്ടുണ്ടോ; പ്രസ്തുത പരാതിയിന്മേലുള്ള അന്വേഷണ വിവരങ്ങൾ വ്യക്തമാക്കുമോ?

<u>ആർ.എസ്.എസ് പ്രവർത്തകർ പ്രതികളായ കേസ്സുകൾ</u>

1915. **ശ്രീ.കെ.കെ.നാരായണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് ആർ.എസ്.എസ്./ബി.ജെ.പി./എ.ബി.വി.പി. /യുവമോർച്ച പ്രവർത്തകർ പ്രതികളായ എത്ര കേസ്സുകൾ പിൻവലിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കേസ്സുകളേതെല്ലാമെന്നും ബന്ധപ്പെട്ട പ്രതികൾ ആരെല്ലാമെന്നും വിശദമാക്കാമോ?

<u>ശ്രീ.സുനീഷ് ജോസഫിനെതിരെ ആക്രമണം</u>

1916. **ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ കുറ്റിക്കോൽ ഗ്രാമ പഞ്ചായത്ത് ക്ഷേമകാര്യ സ്ഥിരം സമിതി ചെയർമാൻ ശ്രീ.സുനീഷ് ജോസഫിനെ ഇക്കഴിഞ്ഞ ഡിസംബർ മാസത്തിൽ ബന്തടുക്കയിൽ വച്ച് ആക്രമിച്ച് പരിക്കേൽപ്പിച്ച സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; ആരൊക്കെയാണ് പ്രതികൾ; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) ഈ പ്രതികൾ ഏതെങ്കിലും രാഷ്ട്രീയപാർട്ടിയുമായി ബന്ധമുള്ളവരാണോ;

വിശദാംശങ്ങൾ അറിയിക്കാമോ?

ബാർ കോഴക്കേസ്

1917. ശ്രീ.ബെന്നി ബെഹനാൻ

,, സി.പി.മുഹമ്മദ്

,, ജോസഫ് വാഴയ്ക്കൻ

,, കെ.അച്ചുതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാർ കോഴക്കേസ് അന്വേഷിച്ച എസ്.പി ആർ. സുകേശൻ ബാർ ഉടമകളുമായി ചേർന്ന് സർക്കാരിനെതിരെ ഗൂഢാലോചന നടത്തിയെന്നും ഇത് ക്രൈം ബ്രാഞ്ച് അന്വേഷിക്കണമെന്നും വിജിലൻസ് ഡയറക്ടർ ഗവൺമെന്റിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത റിപ്പോർട്ടിന്റെ വിശദാംശം ലഭ്യമാക്കുമോ;

(സി) ഇത് സംബന്ധിച്ച് എസ്.പി. ക്കെതിരെ ഏതെല്ലാം രീതിയിലുള്ള അന്വേഷണമാണ് നടത്താൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ ?

സൈബർ ഡോം പദ്ധതി

1918. ശ്രീ.ഹൈബി ഈഡൻ

,, പി.എ.മാധവൻ

,, ലൂഡി ലൂയിസ്

,, ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സൈബർ ഡോം പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

പോലീസ് വകുപ്പിന്റെ നവീകരണം

1919. ശ്രീ.പി.കെ.ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഓരോ വർഷവും പോലീസ് വകുപ്പിന്റെ നവീകരണവുമായി ബന്ധപ്പെട്ട് എത്ര തുക ചെലവാക്കിയിട്ടുണ്ടെന്ന്

വ്യക്തമാക്കാമോ;

(ബി) പ്രസ്തുത തുക ഉപയോഗിച്ച് ഓരോ വർഷവും നടത്തിയ നവീകരണ പ്രവർത്തനങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് വ്യക്തമാക്കാമോ?

അരൂർ മണ്ഡലത്തിലെ പെരുമ്പയത്ത് പോലീസ് എയ്ഡ് പോസ്റ്റ്

1920. **ശ്രീ.എ.എം. ആരിഫ് :** താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ മണ്ഡലത്തിലെ ദ്വീപ് പഞ്ചായത്തായ പെരുമ്പയത്ത് ഒരു പോലീസ് എയ്ഡ് പോസ്റ്റ് സ്ഥാപിക്കണമെന്ന ആവശ്യത്തിൻമേൽ എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

ഗുണ്ടാ ആക്രമണങ്ങൾ

1921. **ശ്രീ.എ.കെ.ബാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം റിപ്പോർട്ടു ചെയ്യപ്പെട്ടിട്ടുള്ള ഗുണ്ടാ ആക്രമണങ്ങൾ എത്ര; ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ നൽകുമോ;

(ബി) പ്രസ്തുത ആക്രമണങ്ങളിൽ എത്ര പേർ കൊല്ലപ്പെട്ടിട്ടുണ്ട്; എത്ര പേർക്ക് പരിക്കേറ്റിട്ടുണ്ട്; പൊതുപ്രവർത്തകർ, സ്ത്രീകൾ, എസ്.സി., എസ്.റ്റി, എന്നിവരുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ഇതുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; എത്ര പേരെ പ്രതിയാക്കി; എത്ര പേരെ അറസ്റ്റ് ചെയ്തു; എത്ര പേരെ ഗുണ്ടാ ലിസ്റ്റിൽ ഉൾപ്പെടുത്തി; എത്ര പേർ ശിക്ഷിക്കപ്പെട്ടു; ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) ഗുണ്ടാ ആക്രമണങ്ങളിൽ കൊല്ലപ്പെട്ട നിരപരാധികളുടെ ആശ്രിതർക്ക് ധനസഹായം അനുവദിച്ചിട്ടുണ്ടോ; എങ്കിൽ എത്ര പേർക്ക് അനുവദിച്ചു; ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ നൽകുമോ?

പോലീസ് സേനാംഗങ്ങളുടെ നിയമനം

1922. **ശ്രീ.സാജു പോൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് സേനാംഗങ്ങളെ നിയമിക്കുന്നതു എപ്രകാരമാണെന്നതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) റിപ്പോർട്ട് ചെയ്ത ഒഴിവുകളിൽ നിയമനം നടത്താതിരിക്കാൻ സർക്കാർ പി.എസ്.സി.യെ സമീപിച്ചിട്ടുണ്ടോ; വിശദവിവരം നൽകാമോ;

(സി) ജനറൽ എക്സിക്യൂട്ടീവ് വിഭാഗത്തിൽ നേരിട്ട് നിയമനം ലഭിച്ച എത്ര സബ് ഇൻസ്പെക്ടർമാർ ജോലി ചെയ്യുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രൊമോഷൻ വഴി പ്രിൻസിപ്പൽ സബ് ഇൻസ്പെക്ടർമാരായി എത്ര പേർ ജോലിചെയ്യുന്നുണ്ടെന്ന് അറിയിക്കുമോ;

(ഇ) ജനറൽ എക്സിക്യൂട്ടീവിൽ എസ്.ഐ.മാരുടെ ആകെ അംഗബലവും അതിൽ നേരിട്ട് നിയമനം ലഭിച്ചവർ എത്രയെന്നും അറിയിക്കുമോ?

## പോലീസ് യൂണിവേഴ്സിറ്റി

1923. ശ്രീ.ഐ.സി.ബാലകൃഷ്ണൻ
,, എ.റ്റി.ജോർജ്
,, സി.പി.മുഹമ്മദ്
,, ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് യൂണിവേഴ്സിറ്റി സ്ഥാപിക്കുന്നതിന് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

## പോലീസ് സ്റ്റേഷനുകളുടെ അധികാരപരിധികളുടെ പുന:ക്രമീകരണം

1924. ശ്രീ.റ്റി.എ.അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ പോലീസ് സ്റ്റേഷനുകളിലെ അധികാര പരിധികൾ പുന:ക്രമീകരിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ മങ്കട നിയോജക മണ്ഡലത്തിലെ മലപ്പുറം, മങ്കട, കൊളത്തൂർ, പെരിന്തൽമണ്ണ പോലീസ് സ്റ്റേഷനുകളുടെ അധികാര പരിധികൾ പുന:ക്രമീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## സോളാർ കോഴ ആരോപണം

1925. **ശ്രീ.ഇ.പി.ജയരാജൻ**

**,, കെ.കുഞ്ഞിരാമൻ (ഉദുമ)**

**,, കെ.കെ.ജയചന്ദ്രൻ**

**,, സാജു പോൾ :** താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സോളാർ കോഴ ആരോപണങ്ങളെത്തുടർന്ന്, ഡൽഹി പോലീസ് കേസ് രജിസ്റ്റർ ചെയ്തതായി സർക്കാരിന് വിവരം ലഭിച്ചിട്ടുണ്ടോ; ഡൽഹിയിലും സംസ്ഥാനത്തും കോഴ നൽകിയതായുള്ള ആരോപണം നിലനിൽക്കെ, സംസ്ഥാന വിജിലൻസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്താതിരിക്കുന്നത് എന്തുകൊണ്ടാണ്?

## നാഷണൽ ക്രൈം റെക്കോർഡ്സ് ബ്യൂറോ

1926. **ശ്രീ.ഇ.പി.ജയരാജൻ :** താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാഷണൽ ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെ 2013,2014,2015 വർഷങ്ങളിലെ റിപ്പോർട്ടുകൾ പ്രകാരം താഴെപ്പറയുന്ന കുറ്റകൃത്യങ്ങളുടെ കാര്യത്തിൽ കേരളം എത്രാം സ്ഥാനത്താണ്; ഓരോ കുറ്റകൃത്യങ്ങളുടെയും ആകെ എണ്ണം എത്ര; ഓരോ വർഷവും ഓരോ കുറ്റകൃത്യത്തിലും എത്ര ശതമാനം വർദ്ധനവ്/കുറവ് രേഖപ്പെടുത്തിയിട്ടുണ്ട്; (a)സ്റ്റേറ്റിനെതിരായ കുറ്റകൃത്യങ്ങൾ. കുറ്റകൃത്യങ്ങളുടെ സ്വഭാവം വിശദീകരിക്കുമോ; (b) കൊലപാതകങ്ങൾ (c) കൊലപാതക ശ്രമങ്ങൾ (d) ആത്മഹത്യകൾ (e) കർഷക ആത്മഹത്യകൾ (f) ലൈംഗികാതിക്രമങ്ങൾ (g)സ്ത്രീകൾക്കു നേരെയുള്ള അതിക്രമങ്ങൾ (h)കുട്ടികൾക്കു നേരെയുള്ള അതിക്രമങ്ങൾ (i) ഗുണ്ടാ ആക്രമണങ്ങൾ (j) പണം തട്ടിപ്പ് കേസുകൾ (k) സ്വത്ത് തട്ടിപ്പ കേസ്സുകൾ (l)പട്ടികവർഗ്ഗ വിഭാഗങ്ങൾക്കു നേരെയുള്ള അതിക്രമങ്ങൾ (m) പട്ടികജാതി വിഭാഗങ്ങൾക്കു നേരെയുള്ള അതിക്രമങ്ങൾ (n) കൗമാരക്കാരായ പെൺകുട്ടികൾക്കു നേരെയുള്ള അതിക്രമങ്ങൾ

## നാഷണൽ ക്രൈം റിക്കാർഡ്സ് ബ്യൂറോ

1927. **ശ്രീ.എളമരം കരീം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുറ്റകൃത്യങ്ങൾ വർദ്ധിച്ചു വരുന്നതായി നാഷണൽ ക്രൈം റിക്കാർഡ്സ് ബ്യൂറോ ചൂണ്ടിക്കാട്ടിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) എത്ര കേസ്സുകളിന്മേൽ ഫോറൻസിക് പരിശോധനാ ഫലം അറിയാനുണ്ടെന്നും ഇവയിൽ കാലപഴക്കം ചെന്ന എത്ര കേസ്സുകളുണ്ടെന്നും വ്യക്തമാക്കുമോ;

(സി) ഫോറൻസിക് പരിശോധനാ ഫലം കാലതാമസം കൂടാതെ ലഭ്യമാക്കുന്നതിനും ഇത്തരം ലാബുകളിൽ അത്യാധുനിക സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനുമായി എന്തെല്ലാം നടപടികൾ സ്വീകരിക്കുന്നുണ്ടെന്ന് വിശദമാക്കുമോ?

<u>നഗരൂർ പോലീസ് സ്റ്റേഷൻ അനുവദിക്കാൻ നടപടി</u>

1928. **ശ്രീ.ബി.സത്യൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ നിലവിൽ വന്നശേഷം എവിടെയെല്ലാമാണ് പുതിയ പോലീസ് സ്റ്റേഷനുകൾ അനുവദിച്ചതെന്നും, ഇതിൽ ഏതെല്ലാം പ്രവർത്തനമാരംഭിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(ബി) നഗരൂർ കേന്ദ്രമായി പോലീസ് സ്റ്റേഷൻ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(സി) ഏതെല്ലാം പ്രദേശമാണ് നഗരൂർ പോലീസ് സ്റ്റേഷൻ പരിധിയായി തീരുമാനിച്ചിട്ടുള്ളത്;

(ഡി) നഗരൂർ ഗ്രാമപഞ്ചായത്ത് കെട്ടിടവും മറ്റ് ഭൗതിക സാഹചര്യങ്ങളുമൊരുക്കാമെന്ന് തീരുമാനമെടുത്ത നഗരൂർ പോലീസ് സ്റ്റേഷൻ എത്രയും പെട്ടെന്ന് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കാമോ?

<u>നടപ്പാത കൈയേറുന്ന സമരക്കാർക്കെതിരെ നടപടി</u>

1929. **ശ്രീ.വി.എം.ഉമ്മർ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നടപ്പാതകൾ കൈയ്യേറി സമരം നടത്തുന്നതും, മറ്റു തരത്തിലുള്ള തടസ്സങ്ങൾ സൃഷ്ടിക്കുന്നതും ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(ബി) ഇത്തരം സംഭവങ്ങൾക്കെതിരെ എവിടെയെങ്കിലും പോലീസ് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

<u>സ്കൂൾ, കോളേജ് കേന്ദ്രീകരിച്ച് ലഹരി വസ്തുക്കളുടെ വില്പന</u>

1930. **ശ്രീ.എം.ചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ, കോളേജ് എന്നിവ കേന്ദ്രീകരിച്ച് വില്പന നടത്തുന്ന ലഹരി വസ്തുക്കളുടെ ഉറവിടം കണ്ടെത്തുവാൻ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) ഇവയുടെ ഉപയോഗത്തിനെതിരെ സ്കൂൾ, കോളേജ് തലങ്ങളിൽ ബോധവൽക്കരണം നടത്താറുണ്ടോ?

(സി) വിദ്യാഭ്യാസ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് നടത്തുന്ന ലഹരിയുടെ വില്പന തടയുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

## കസ്റ്റഡി മരണം

1931. ശ്രീ.എം.ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015 വർഷത്തിൽ എത്ര കസ്റ്റഡി മരണം സംഭവിച്ചിട്ടുണ്ടെന്നു വ്യക്തമാക്കാമോ;എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ബി) എത്ര പേർക്കെതിരെ ഔദ്യോഗിക തലത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ട്;

(സി) കസ്റ്റഡി മരണം തടയുന്നതിന് ഔദ്യോഗിക തലത്തിൽ എന്തെങ്കിലും വകുപ്പ്തല നടപടിക്ക് ശുപാർശ നൽകിയിട്ടുണ്ടോ?

## ജനമൈത്രി പൊലീസ്

1932. ശ്രീ.എം.പി.വിൻസെൻറ് : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനമൈത്രി പോലീസിൽ വിവിധ വിഭാഗങ്ങളിലുള്ള ആളുകളുടെ സന്തുലിത പ്രാതിനിധ്യം സമിതിയിൽ ഉറപ്പ് വരുത്തുമോ എന്നറിയിക്കാമോ?

## സൈമൽ പദ്ധതി

1933. ശ്രീ.ഡൊമിനിക് പ്രസന്റേഷൻ
,, വർക്കല കഹാർ
,, തേറമ്പിൽ രാമകൃഷ്ണൻ
,, സി.പി.മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സൈമൽ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്?

<u>മാഫിയകളെ അമർച്ച ചെയ്യുന്നതിന് നടപടി</u>

1934. ശ്രീ.വർക്കല കഹാർ
,, പി.എ.മാധവൻ
,, ആർ . സെൽവരാജ്
,, പി.സി വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാഫിയകളെ അമർച്ച ചെയ്യുന്നതിന് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്?

<u>മുഹമ്മദ് ഫൈസലിന്റെ പരാതി</u>

1935. ശ്രീ.പി.ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം പോലീസ് സ്റ്റേഷനിൽ 160672/2015 നമ്പർ പ്രകാരം രജിസ്റ്റർ ചെയ്ത മുഹമ്മദ് ഫൈസലിന്റെ പരാതിയിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ;

(ബി) പരാതി തുടരന്വേഷണത്തിനായി സൈബർ സെല്ലിലേക്ക് അയച്ചു കൊടുത്തിരുന്നോ എന്നറിയിക്കാമോ;

(സി) എങ്കിൽ അതിൽ സൈബർ സെൽ നടത്തിയ അന്വേഷണ പുരോഗതി വെളിപ്പെടുത്താമോ;

(ഡി) നഷ്ടപ്പെട്ട വസ്തുക്കൾ സംബന്ധിച്ച് എന്തെങ്കിലും വിവരം ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കണ്ടെത്തുന്നതിന് ഊർജ്ജിത ശ്രമങ്ങൾ നടത്തുമോ?

<u>ആഭ്യന്തര, ആരോഗ്യ മന്ത്രിമാർക്കെതിരെയുള്ള കോഴയാരോപണം</u>

1936. ശ്രീ.എസ്.ശർമ്മ
,, പി.കെ.ഗുരുദാസൻ
,, കെ.കുഞ്ഞമ്മത് മാസ്റ്റർ
,, കെ.വി.അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ നിർദ്ദേശ പ്രകാരം കെ.പി.സി.സി പ്രസിഡന്റ് ആയിരിക്കെ ശ്രീ.രമേശ് ചെന്നിത്തല 2 കോടി രൂപയും, നെയ്യാറ്റിൻകര ഉപതെരഞ്ഞെടുപ്പിനു മുമ്പായി ശ്രീ.വി.എസ്. ശിവകുമാർ 25 ലക്ഷം രൂപയും വാങ്ങിയെന്ന ബാർ ഹോട്ടൽ അസോസിയേഷൻ പ്രസിഡന്റ് ഡോ.ബിജു രമേശിന്റെ വെളിപ്പെടുത്തൽ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സ്വസ്ഥമായി കച്ചവടം നടത്താനും ബാർ ലൈസൻസ് ഫീസ് കൂട്ടാതിരിക്കാനും വേണ്ടി മാഫിയ പിരിവായിട്ടാണ് പ്രസ്തു പണം നൽകിയതെന്ന ആരോപണത്തെക്കുറിച്ച് അറിയാമോ;

(സി) പ്രസ്തുത ആരോപണം സംബന്ധിച്ച് ഏത് നിലയിലുള്ള അന്വേഷണത്തിനാണ് സർക്കാർ നടപടി സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) ആക്ഷേപം ഉന്നയിച്ച ആളിൽ നിന്നും മൊഴി എടുത്തിട്ടുണ്ടോ?

## നരിക്കുനി പോലീസ് സ്റ്റേഷൻ

1937. **ശ്രീ.വി.എം.ഉമ്മർ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുവള്ളി നിയോജകമണ്ഡലത്തിലെ നരിക്കുനി ആസ്ഥാനമായി പുതിയ പോലീസ് സ്റ്റേഷൻ ആരംഭിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നരിക്കുനി ആസ്ഥാനമായി പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിന് എന്തെങ്കിലും തരത്തിലുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ?

## ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം

1938. **ശ്രീ.എസ്.ശർമ്മ**

**,,** കോലിയക്കോട് എൻ. കൃഷ്ണൻ നായർ

**,,** ബി.ഡി. ദേവസ്സി

**,,** കെ. ദാസൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത്, ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം ലഭിക്കുന്നുണ്ടോ; ഇല്ലെങ്കിൽ സാഹചര്യം സംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ടോ ; വിശദമാക്കാമോ ;

(ബി) കൊലപാതകങ്ങളും സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുള്ള അതിക്രമങ്ങളും കവർച്ചയും അഴിമതികളും കുറ്റകൃത്യങ്ങളും വർദ്ധിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പോലീസ് സംവിധാനം കാര്യക്ഷമമാണോ ;ഇല്ലെങ്കിൽ കാരണം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) കുറ്റകൃത്യങ്ങൾ കണ്ടെത്തുന്നത് തെളിയിക്കുന്നതിലും പോലീസിനെ കാര്യക്ഷമമാക്കുന്നതിലും വിഘാതം സൃഷ്ടിക്കുന്ന ഘടകങ്ങൾ എന്തെല്ലാമാണ്; നിലവിലുള്ള നിയമങ്ങളും മനുഷ്യാവകാശ പരിരക്ഷയും ഉറപ്പാക്കാൻ തയ്യാറാകുമോ ; വിശദമാക്കാമോ ?

<u>വർഗ്ഗീയ സംഘട്ടനങ്ങൾ</u>

1939. **ശ്രീ.എളമരം കരീം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർഗ്ഗീയ വികാരം ഇളക്കി വിടാൻ ശ്രമിച്ച എത്ര പേരെ ഈ സർക്കാരിന്റെ കാലത്ത് അറസ്റ്റ് ചെയ്തുവെന്നും ഏതെല്ലാം സംഘടനകളെ നിയമ വിരുദ്ധ പ്രവർത്തനത്തിന്റെ പേരിൽ നിരോധിച്ചുവെന്നും വ്യക്തമാക്കുമോ;

(ബി) ഈ സർക്കാരിന്റെ കാലത്തുണ്ടായ വർഗ്ഗീയ സംഘട്ടനങ്ങളുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ വ്യക്തമാക്കുമോ?

<u>കുട്ടികളെ തട്ടിക്കൊണ്ടു പോകൽ</u>

1940. **ശ്രീ.കെ.എൻ.എ.ഖാദർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുട്ടികളെ കച്ചവടം ചെയ്യുന്നത് വർദ്ധിക്കുന്നതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇപ്രകാരം കുട്ടികളെ തട്ടിക്കൊണ്ടു പോയി കച്ചവടം നടത്തുന്ന ഏജന്റുമാർ പ്രവർത്തിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇതിനെതിരായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

<u>ജനങ്ങളുടെ സംരക്ഷണവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ</u>

1941. **ശ്രീ.എളമരം കരീം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനങ്ങളുടെ ജീവിതത്തിനും സ്വത്തിനും സഞ്ചാര സ്വാതന്ത്ര്യത്തിനും സംരക്ഷണം നൽകുന്നതിൽ വീഴ്ച ഉണ്ടാകുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കൊള്ളയും പിടിച്ചുപറിയും പീഡനങ്ങളും കവർച്ചയും ഗുണ്ടാ ആക്രമണങ്ങളും ബലാത്സംഗങ്ങളും സംസ്ഥാനത്ത് നിത്യ സംഭവങ്ങളായിരിക്കുകയും, ജനങ്ങൾ ഭീതിയിൽ അകപ്പെട്ടിരിക്കുകയുമാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) വീടുകളിൽ കിടന്നുറങ്ങാനും സ്ത്രീകൾക്കും പെൺകുട്ടികൾക്കും നാട്ടിലിറങ്ങി നടക്കാനും കഴിയാത്തതും വഴിയാത്രക്കാരെ ഗുണ്ടാ സംഘങ്ങൾ പട്ടാപ്പകൽ അടിച്ചുകൊല്ലുന്നതുമായ അന്തരീക്ഷം സംജാതമായെന്ന ആക്ഷേപം പരിശോധിക്കുകയുണ്ടായോ;

(ഡി) ഫലപ്രദമായ നിയമ നടപടി ഉണ്ടാകാത്തതിനാൽ പീഡനക്കാരും പിടിച്ചുപറിക്കാരും ഗുണ്ടകളും മോഷ്ടാക്കളും നാട്ടിൽ ഏറിവരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

ഓപ്പറേഷൻ സുരക്ഷ പദ്ധതി

1942. ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി
,, ബെന്നി ബെഹനാൻ
,, ജോസഫ് വാഴയ്ക്കൻ
,, കെ.ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഓപ്പറേഷൻ സുരക്ഷ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്?

കുന്ദമംഗലം പോലീസ് സ്റ്റേഷൻ

1943. ശ്രീ.പി.ടി.എ. റഹീം : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്ദമംഗലം പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്ന പ്രവൃത്തി ആരംഭിച്ചിട്ടുണ്ടോ; ആയതിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

പുതുക്കാട് പോലീസ് ക്വാർട്ടേഴ്സ് നിർമ്മാണം

1944. പ്രൊഫ. സി.രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് പഴയ പോലീസ് സ്റ്റേഷൻ കെട്ടിടം നിൽക്കുന്ന സ്ഥലത്ത് പോലീസ് ക്വാർട്ടേഴ്സ് നിർമ്മിക്കണമെന്ന നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത വിഷയം പരിഗണനയിലുണ്ടോ എന്നറിയിക്കുമോ?

(സി) എങ്കിൽ ഇതിൻമേൽ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ?

## സ്ത്രീപീഡന കേസുകൾ

1945. **ശ്രീ.ഇ.ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ അധികാരമേറ്റശേഷം സംസ്ഥാനത്താകെ എത്ര സ്ത്രീപീഡന കേസുകളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളതെന്ന് വർഷം, ജില്ല ഇവ തിരിച്ച് കണക്കുകൾ ലഭ്യമാക്കാമോ;

(ബി) ഇതിൽ എത്ര കേസുകളാണ് കോടതിയിൽ കുറ്റപത്രം സമർപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) ഇതിൽ എത്ര പേരെ അറസ്റ്റ് ചെയ്തിട്ടുണ്ടെന്നും എത്ര പേർ ശിക്ഷിക്കപ്പെട്ടിട്ടുണ്ടെന്നും പറയാമോ?

## വിജിലൻസ് അന്വേഷണം

1946. **ശ്രീ.പി.ശ്രീരാമകൃഷ്ണൻ**
**,, കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)**
**,, കെ.സുരേഷ് കുറുപ്പ്**
**,, വി.ശിവൻകുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എക്സൈസ് വകുപ്പ് മന്ത്രിക്കെതിരായ ബാർകോഴ ആരോപണം സംബന്ധിച്ചുള്ള ത്വരിതാന്വേഷണം വിജിലൻസ് പുനരാരംഭിച്ചിട്ടുണ്ടോ;

(ബി) അന്വേഷണം ഇപ്പോൾ ഏത് ഘട്ടത്തിലാണ് ;അന്വേഷണം നടത്തുന്നത് ആരുടെ നേതൃത്വത്തിലാണ് ;ബാർകോഴ സംബന്ധിച്ചുയർന്നുവന്ന ഏതെല്ലാം പരാതികളെകുറിച്ചാണ് അന്വേഷിക്കുന്നത്; പരാതിക്കാരുടെയും ബാർ ഉടമകളുടെയും മൊഴികളും തെളിവുകളും പൂർണ്ണമായും ശേഖരിച്ചിട്ടുണ്ടോ;

(സി) മന്ത്രിക്കെതിരായ മൊഴികളും തെളിവുകളും ശേഖരിക്കാൻ കൂട്ടാക്കുന്നില്ലെന്ന ആക്ഷേപം ഉണ്ടായത് ഇപ്പോഴത്തെ അന്വേഷണ ഉദ്യോഗസ്ഥർ പരിഗണിച്ചിട്ടുണ്ടോ; അന്വേഷണം പൂർത്തീകരിക്കുന്നതിനും എഫ്.ഐ.ആർ രജിസ്റ്റർ ചെയ്യുന്നതിനും തടസ്സങ്ങൾ നിലനില്ക്കുന്നുണ്ടോ; ആരോപിക്കപ്പെട്ടവർ

മന്ത്രിസ്ഥാനത്ത് തുടരുന്നത് അന്വേഷണത്തെയും സ്വതന്ത്രമായി മൊഴി നൽകുന്നതിനെയും സ്വാധീനിക്കുമെന്ന ആക്ഷേപം പരിഗണിച്ചിട്ടുണ്ടോ?

കാസർകോട് ജില്ലയിലെ കൊലപാതക-മോഷണക്കേസ്സുകൾ

1947. **ശ്രീ. എൻ .എ.നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാസർകോട് ജില്ലയിൽ എത്ര കൊലപാതക മോഷണക്കേസ്സുകൾ ഉണ്ടായിട്ടുണ്ട്; പോലീസ് സ്റ്റേഷനുകൾ തിരിച്ചുള്ള കണക്ക് നൽകാമോ;

(ബി) ഈ കേസ്സുകളിൽ എത്ര പ്രതികളെ പിടികൂടിയിട്ടുണ്ട് ; പ്രതികളിൽ ആരെയെങ്കിലും അറസ്റ്റ് ചെയ്യാൻ ബാക്കിയുണ്ടോ എന്നറിയിക്കുമോ;

(സി) 2006-11 വർഷങ്ങളിൽ കാസർകോട് ജില്ലയിൽ ഉണ്ടായ കൊലപാതക-മോഷണക്കേസ്സുകൾ എത്രയാണെന്ന് വ്യക്തമാക്കാമോ;

പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കെതിരെയുള്ള അതിക്രമങ്ങൾ

1948. **ശ്രീ.എളമരം കരീം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കെതിരെയുള്ള അതിക്രമങ്ങൾ സംസ്ഥാനത്ത് വർദ്ധിച്ചു വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഇപ്രകാരം എത്ര കേസ്സുകൾ (ജില്ല അടിസ്ഥാനത്തിൽ) രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) പട്ടികജാതി വിഭാഗത്തിനെതിരെ ഉള്ള അതിക്രമങ്ങൾ തടയുന്നതിനും കുറ്റവാളികൾക്കെതിരെ സമയബന്ധിതമായി ശിക്ഷാ നടപടികൾ സ്വീകരിക്കുന്നതിനും തയ്യാറാകുമോ;

(ഡി) പ്രസ്തുത വിഭാഗങ്ങൾക്കെതിരെ അതിക്രമങ്ങൾ ഉണ്ടാകുമ്പോൾ 1989-ലെ അതിക്രമങ്ങൾ തടയൽ ആക്ട് പ്രകാരം കേസ്സ് രജിസ്റ്റർ ചെയ്യാൻ പോലീസ് തയ്യാറാകാത്ത സ്ഥിതിവിശേഷം റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

കാഞ്ഞങ്ങാട് ട്രാഫിക് യൂണിറ്റ്

1949. **ശ്രീ.ഇ.ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് അനുവദിച്ച ട്രാഫിക് യൂണിറ്റിന്റെ പ്രപ്പോസൽ തയ്യാറാക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് പറയാമോ;

(ബി) പുതുതായി തസ്തികകൾ സൃഷ്ടിച്ച് യൂണിറ്റിന് ആവശ്യമായ നിയമനങ്ങൾ നടത്തുമോ;

(സി) യൂണിറ്റിന് പുതിയ വാഹനം അനുവദിക്കുമോയെന്ന് വ്യക്തമാക്കുമോ?

എടപ്പാളിൽ പുതിയ പോലീസ് സ്റ്റേഷൻ

1950. ശ്രീ.പി.ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊന്നാനി പോലീസ് സബ് ഇൻസ്പെക്ടർ ഓഫീസിന്റെ പ്രവർത്തന പരിധി എത്ര കിലോമീറ്റർ ചുറ്റളവിലാണെന്ന് വിശദമാക്കുമോ;

(ബി) പൊന്നാനിയിൽ നിന്ന് മാണൂർ, അണ്ണക്കമ്പാട് എന്നീ വിദൂര പ്രദേശങ്ങളിലേക്ക് എത്തിപ്പെടുന്നതിന്റെ പ്രയാസങ്ങളും, സമയ ദൈർഘ്യവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുമൂലം ഇവിടെയുള്ള ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധിച്ചിട്ടുണ്ടോ;

(സി) എങ്കിൽ പൊന്നാനി സ്റ്റേഷന്റെയും, ചങ്ങരംകുളം സ്റ്റേഷന്റെയും ഭാഗങ്ങൾ ചേർത്ത് എടപ്പാളിൽ പുതിയ പോലീസ് സ്റ്റേഷൻ നിർമ്മിക്കാൻ നടപടി എടുക്കുമോ;

(ഡി) പൊന്നാനി സ്റ്റേഷന് മതിയായ വാഹന സൗകര്യം ഇല്ലാത്തതു മൂലം ക്രമസമാധാന പാലനം നടത്തുന്നതിന് പ്രയാസപ്പെടുന്നത് ശ്രദ്ധിച്ചിട്ടുണ്ടോ;

(ഇ) എങ്കിൽ പൊന്നാനി പോലീസ് സ്റ്റേഷന് പുതിയ വാഹനം അനുവദിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

രജിസ്റ്റർ ചെയ്ത രാഷ്ട്രീയപരമായ കേസുകൾ

1951. ശ്രീ.ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം പോലീസ് രജിസ്റ്റർ ചെയ്തിട്ടുള്ള രാഷ്ട്രീയപരമായ കേസുകളുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കേസുകളിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) പിൻവലിച്ച കേസുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) പിൻവലിക്കുന്നതിനുള്ള കാരണം വ്യക്തമാക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ആറ്റിങ്ങൽ മേഖലയിലെ കുറ്റകൃത്യങ്ങൾ

1952. **ശ്രീ.ബി.സത്യൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ ഡി.വൈ.എസ്.പി.യുടെ പരിധിയിൽ വരുന്ന മേഖലയിൽ വ്യാപകമായി കുറ്റകൃത്യങ്ങളുടെ എണ്ണം വർദ്ധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് പരിഹരിക്കുവാൻ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(സി) കുറ്റകൃത്യങ്ങളിലെ സ്വഭാവത്തിലെ വൈരുദ്ധ്യവും, എണ്ണത്തിലുണ്ടായിരിക്കുന്ന വർദ്ധനവും കണക്കിലെടുത്ത് ആറ്റിങ്ങൽ മേഖലയെ ഒരു എ.എസ്.പി.യുടെ നിയന്ത്രണത്തിൽ കൊണ്ടുവരുന്നതിന് നടപടി സ്വീകരിക്കുമോ?

## ഐക്കരപ്പടി കേന്ദ്രമായി പോലീസ് സ്റ്റേഷൻ

1953. **ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ ഐക്കരപ്പടി കേന്ദ്രമായി പോലീസ് സ്റ്റേഷൻ വേണമെന്ന ആവശ്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

## അന്യസംസ്ഥാന തൊഴിലാളികൾ പ്രതികളായ കേസുകൾ

1954. **ശ്രീ.പി.കെ.ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്യസംസ്ഥാന തൊഴിലാളികൾ പ്രതികളായ എത്ര കേസുകൾ ഇതിനോടകം രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ; ഇവയുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ബി) അന്യസംസ്ഥാന തൊഴിലാളികൾ പ്രതികളായ നിരവധി കേസുകൾ ഉണ്ടാകുന്ന സാഹചര്യം കണക്കിലെടുത്ത് അവരുടെ പ്രവൃത്തികൾ നിരീക്ഷിക്കുന്നതിനും കുറ്റകൃത്യങ്ങൾ നിയന്ത്രിക്കുന്നതിനും എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ?

## റോഡപകടങ്ങൾ തടയാൻ സ്ഥാപിച്ച ക്യാമറകൾ

1955. **ശ്രീമതി.കെ.എസ്.സലീഖ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ കാലയളവിൽ ആഭ്യന്തരവകുപ്പിനു കീഴിൽ റോഡപകടങ്ങൾ തടയുക, മറ്റ് അതിക്രമങ്ങൾ കണ്ടെത്തുക തുടങ്ങിയ ആവശ്യങ്ങൾക്കായി സംസ്ഥാനത്തുടനീളം എത്ര ക്യാമറകൾ സ്ഥാപിച്ചു; ആയതിന് എത്ര തുക ചിലവായി; ഏതെല്ലാം സ്ഥാപനങ്ങളാണ് ഇവ സ്ഥാപിച്ചത്; ഏതെല്ലാം സ്ഥാപനങ്ങൾക്ക് എത്ര തുക ഇനിയും നൽകുവാനുണ്ട്; വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇവയിൽ നിലവിൽ പ്രവർത്തനക്ഷമമായ ക്യാമറകൾ എത്ര; പ്രവർത്തനരഹിതമായ ക്യാമറകൾ എത്ര; മോഷണം പോയവ എത്ര; വിശദാംശം നൽകുമോ;

(സി) ഇത്തരം ക്യാമറ സംവിധാനത്തിലൂടെ എത്ര കേസ്സുകളിൽ പ്രതികളെയും, പ്രതികൾ ഉപയോഗിച്ച വാഹനങ്ങളെയും, റോഡപകടങ്ങൾ നടത്തിയിട്ട് നിർത്താതെപോയ വാഹനങ്ങളെയും അവ ഓടിച്ചവരെയും കണ്ടെത്തുവാൻ കഴിഞ്ഞു ; വിശദാംശം നൽകുമോ;

(ഡി) പ്രവർത്തനക്ഷമമല്ലാത്ത ക്യാമറകൾ പ്രവർത്തനക്ഷമമാക്കുവാൻ എന്തെല്ലാം നടപടികൾ നാളിതുവരെ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(ഇ) നിലവിൽ ഒന്പത് ജില്ലകളിൽ പോലീസിന്റെ നഗര നിരീക്ഷണത്തിനുള്ള ക്യാമറ സംവിധാനത്തിൽ വീഴ്ച വന്നതായി കരുതുന്നുണ്ടോ; എങ്കിൽ എന്താണ് കാരണം; വിശദാംശം നൽകുമോ;

(എഫ്) പ്രസ്തുത ക്യാമറകളുടെ നിരീക്ഷണം, നിയന്ത്രണം എന്നിവയ്ക്കായി നിയോഗിച്ചിട്ടുള്ള ഉന്നത ഉദ്യോഗസ്ഥർ ആരെല്ലാമാണ്; ഇവരുടെ പ്രവർത്തന വീഴ്ചമൂലം പല ക്യാമറകളും തകരാറിലായി എന്നത് പരിശോധിച്ചുവോ; എങ്കിൽ എന്തുകൊണ്ടാണ് തകരാറിലായത് എന്ന് വ്യക്തമാക്കുമോ?

## മാവോയിസ്റ്റ് പ്രവർത്തനം

1956. **ശ്രീ.മുല്ലക്കര രത്നാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവോയിസ്റ്റ് പ്രവർത്തനം സംബന്ധിച്ച് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൻ പ്രകാരം എത്ര പേരെ കരുതൽ തടങ്കലിൽ പാർപ്പിച്ചിട്ടുണ്ട് എന്ന് വെളിപ്പെടുത്താമോ?

## പാസ്പോർട്ട് - ഓൺലൈൻ വെരിഫിക്കേഷൻ

1957. **ശ്രീ.കെ.എൻ.എ.ഖാദർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാസ്പോർട്ട് വിതരണത്തിനുള്ള പോലീസ് പരിശോധനാ സംവിധാനം പൂർണ്ണമായും ഓൺലൈനായി നടപ്പിലാക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ ഇത് പൂർണ്ണമായി നടപ്പിൽ വരുത്തുന്നതിന് കഴിയാത്തത് എന്തുകൊണ്ടാണ് ;

(ബി) ഏതൊക്കെ ജില്ലകളിലാണ് ഓൺലൈൻ വെരിഫിക്കേഷൻ സംവിധാനം ഏർപ്പെടുത്താൻ കഴിയാത്തത്;

(സി) പാസ്പോർട്ട് വിതരണം കാര്യക്ഷമമാക്കാൻ എല്ലാ ജില്ലകളിലും ഓൺലൈൻ പോലീസ് വെരിഫിക്കേഷൻ സംവിധാനം പൂർണ്ണമായും നടപ്പിലാക്കുന്നതിനും യഥാസമയം വെരിഫിക്കേഷൻ നടപടികൾ പൂർത്തിയാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

## വാഹനാപകടങ്ങൾ

1958. **ശ്രീമതി.കെ.എസ്.സലീഖ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വാഹന പരിശോധനയും ബോധവത്കരണവും ശക്തമായിട്ടും വാഹനാപകടങ്ങൾ വർദ്ധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ സർക്കാർ കാലയളവിനുള്ളിൽ നാളിതുവരെ എത്ര വാഹനാപകടങ്ങൾ രജിസ്റ്റർ ചെയ്തു; എത്ര പേർ മരണപ്പെട്ടു; എത്ര പേർക്ക് പരിക്കേറ്റു; ഇതുമായി ബന്ധപ്പെട്ട് എത്ര പേരെ അറസ്റ്റ് ചെയ്തു; ഇനിയും എത്ര പേരെ അറസ്റ്റ് ചെയ്യാനുണ്ട്; വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ വന്നതിനു ശേഷം നാളിതുവരെ മദ്യപിച്ച് വാഹനമോടിച്ചതിന്റെ ഫലമായി എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തു; എത്ര പേർ മരണപ്പെട്ടു; എത്ര പേർക്ക് പരിക്കേറ്റു; വിശദമാക്കുമോ;

(ഡി) ഇത്തരത്തിൽ മദ്യപിച്ച് വാഹനം ഓടിച്ച് അപകടം വരുത്തുന്നവരുടെ ലൈസൻസ് എന്നേയ്ക്കുമായി റദ്ദ് ചെയ്യുവാനും ജാമ്യമില്ലാ വകുപ്പ് പ്രകാരം അറസ്റ്റ് ചെയ്ത് ശിക്ഷ വാങ്ങി നൽകുന്നതിനും എന്ത് നടപടി സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ;

(ഇ) വാഹന പരിശോധനയുമായി ബന്ധപ്പെട്ട് നിർത്താതെ പോയ വാഹനങ്ങളെ പിന്തുടരുന്ന പോലീസിന്റെ നടപടിയിൽ പേടിച്ച് നിയന്ത്രണം വിട്ട് ഈ സർക്കാർ കാലയളവിനുള്ളിൽ നാളിതുവരെ എത്ര പേർ മരണപ്പെട്ടു; എത്ര പേർക്ക് പരിക്കേറ്റു ; വ്യക്തമാക്കുമോ;

(എഫ്) ഈ സർക്കാർ കാലയളവിനുള്ളിൽ നാളിതുവരെ ഹെൽമെറ്റ് ധരിക്കാത്തതിന്റെ പേരിൽ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തു; എന്ത് തുക പിഴ ഈടാക്കി;

(ജി) വാഹനമോടിക്കുമ്പോൾ സീറ്റ് ബെൽറ്റ് ധരിക്കാത്തതിന്റെ പേരിൽ ഈ കാലയളവിനുള്ളിൽ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തു; പിഴ ഇനത്തിൽ എത്ര തുക

ഈടാക്കി; റോഡിന്റെ മറവിലും ട്രാഫിക് സിഗ്നലിന്റെ സമീപത്തും വാഹന പിരശോധന നടത്തുന്നതും മൂലം അപകടങ്ങൾ വർദ്ധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടുവോ; എങ്കിൽ ഇതു മൂലം ഈ സർക്കാർ കാലയളവിനുള്ളിൽ എത്ര വാഹനാപകടങ്ങൾ ഉണ്ടായിട്ടുണ്ട്; അതുവഴി എത്ര പേർ മരണപ്പെട്ടു ; ഇതുമായി ബന്ധപ്പെട്ട് എത്ര പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചു; അവർ ആരെല്ലാമെന്ന് വിശദമാക്കുമോ; ഇത്തരം പരിശോധന നിർത്തലാക്കി നൂതന മാർഗ്ഗങ്ങൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

## <u>കുറ്റാരോപിതരായ ഐ.പി.എസ്. ഓഫീസർമാർ</u>

1959. ശ്രീമതി.കെ.എസ്.സലീഖ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് സേനയിൽ ഉണ്ടായ കുറ്റാരോപണങ്ങളും അഭിപ്രായപ്രകടനങ്ങളും പരിശോധിച്ചുവോ ;

(ബി) എങ്കിൽ ഇവയിന്മേൽ സർക്കാരിന് ലഭിച്ച വിവരങ്ങൾ എന്തെന്നും ഇത്തരം സംഭവങ്ങൾ തടയുവാൻ സ്വീകരിച്ച നടപടികൾ എന്തെന്നും വ്യക്തമാക്കുമോ;

(സി) ഐ.പി.എസ്. ഓഫീസറായ ടോമിൻ തച്ചങ്കരി, ഐ.പി.എസ്.വനിതാ ഓഫീസറായ ശ്രീലേഖ എന്നിവർ തമ്മിലുള്ള പ്രശ്നങ്ങൾ എന്തെല്ലാമെന്നും ഇവർ നേരിടുന്ന അന്വേഷണ വിഷയങ്ങൾ എന്തെല്ലാമെന്നും ഇവർക്കുമേൽ എത്ര അന്വേഷണങ്ങൾ പൂർത്തിയായി എന്നും എത്ര അന്വേഷണങ്ങൾ നടക്കുന്നുവെന്നും ഇവരുടെ സർവ്വീസ് കാലയളവിൽ എത്ര ദിവസം സർവ്വീസിൽ നിന്നും പുറത്തു നിൽക്കേണ്ടിവന്നു എന്നും അഴിമതിക്കേസ്സുകളിലെ വിശദാംശം എന്തെന്നും വ്യക്തമാക്കുമോ ;

(ഡി) ഈ സർക്കാർ കാലയളവിൽ ഐ.പി.എസ്. ഓഫീസർമാരുടെ സ്ഥലമാറ്റ ഉത്തരവുകളിൽ എത്രയെണ്ണം കോടതി/സർക്കാർ തലങ്ങളിലും വ്യക്തിപരമായും ചോദ്യം ചെയ്യപ്പെട്ടു ; വിശദാംശം ലഭ്യമാക്കുമോ ;

(ഇ) ഈ സർക്കാർ കാലയളവിൽ പ്രതികളിൽ നിന്നും പിടിച്ചെടുത്ത രേഖകൾ നശിപ്പിച്ചവരും പരീക്ഷകളിൽ കോപ്പിയടിച്ചവരുമായ ആഭ്യന്തര വകുപ്പ് ഉദ്യോഗസ്ഥർ ആരെല്ലാമെന്നും അവരുടെ പേരിൽ എന്തു നടപടികൾ സ്വീകരിച്ചുവെന്നും അവർ ഇപ്പോൾ സർവ്വീസിൽ ഉണ്ടോയെന്നും എങ്കിൽ ഏത് തസ്തികയിൽ ,എവിടെയെന്നും വ്യക്തമാക്കുമോ ;

(എഫ്) കേരള പോലീസിന്റെ നയത്തിനു വിരുദ്ധമായി പ്രവർത്തിക്കുന്ന ഐ.പി.എസ്. ഉദ്യോഗസ്ഥരെ കണ്ടെത്തി, എന്ത് നിയമനടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ ?

<u>പെൺകുട്ടികളെ കാണാതായ കേസുകൾ</u>

1960. **ശ്രീ.ഇ.ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ അധികാരത്തിൽ വന്ന ശേഷം പെൺകുട്ടികളെ കാണാതായിട്ടുള്ള എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ എത്ര പെൺകുട്ടികളെ കണ്ടെത്തിയിട്ടുണ്ടെന്ന് വിശദമാക്കാമോ;

(സി) ഇതിൽ എത്ര കേസുകളിലാണ് കോടതിയിൽ കുറ്റപത്രം സമർപ്പിച്ചിട്ടുള്ളതെന്നും എത്ര പേർ ശിക്ഷിക്കപ്പെട്ടിട്ടുണ്ടെന്നും പറയാമോ?

<u>പന്തീരങ്കാവിൽ പുതിയ പോലീസ് സ്റ്റേഷൻ</u>

1961. **ശ്രീ.പി.ടി.എ. റഹീം :** താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ പന്തീരങ്കാവ് ആസ്ഥാനമായി പുതിയ പോലീസ് സ്റ്റേഷൻ സ്ഥാപിക്കണമെന്ന നിർദ്ദേശം പരിഗണനയിലുണ്ടോ; ഇതിൻമേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

<u>മലക്കപ്പാറയിൽ പോലീസ് സ്റ്റേഷൻ</u>

1962. **ശ്രീ.ബി.ഡി. ദേവസ്സി :** താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട അതിരപ്പിള്ളി പഞ്ചായത്തിലെ മലക്കപ്പാറയിൽ പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം പണിയുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനായി അടിയന്തിര നടപടി സ്വീകരിക്കുമോ ?

<u>വടശ്ശേരിക്കരയിൽ പോലീസ് സർക്കിൾ ഇൻസ്പെക്ടർ കാര്യാലയം</u>

1963. **ശ്രീ.രാജു എബ്രഹാം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടശ്ശേരിക്കരയിൽ പോലീസ് സർക്കിൾ ഇൻസ്പെക്ടർ കാര്യാലയം നിർമ്മിക്കുന്നതിനായി എത്ര സെന്റ് ഭൂമിയാണ് വിട്ടുകിട്ടിയിട്ടുള്ളത് ; പ്രസ്തുത ഭൂമിയിൽ നിർമ്മാണ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ ;

(ബി) കെട്ടിടം നിർമ്മിക്കുന്നതിന് എന്ത് തുകയാണ് അനുവദിച്ചിട്ടുള്ളത് ; എന്തൊക്കെ

സൗകര്യങ്ങളാണ് കെട്ടിടത്തിൽ ഉണ്ടാവുക ;

(സി) നിർമ്മാണപ്രവൃത്തി ടെൻഡർ ചെയ്തിട്ടുണ്ടോ ; ആരാണ് നിർമ്മാണം ഏറ്റെടുത്തിട്ടുള്ളത് ;

(ഡി) എത്ര നാളുകൾക്കകം പണി പൂർത്തീകരിക്കാനാണ് കരാർ വച്ചിട്ടുള്ളത് ; നിർമ്മാണത്തിന്റെ മേൽനോട്ടം നിർവ്വഹിക്കുന്നത് ആരാണ് ; വിശദാംശം ലഭ്യമാക്കുമോ ?

## സിഗ്നൽലൈറ്റുകളിൽ സിസിടിവി ക്യാമറകൾ

1964. **ശ്രീ.ആർ. രാജേഷ് :** താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ മിച്ചൽ ജംഗ്ഷൻ, തട്ടാരമ്പലം ജംഗ്ഷൻ, ചാരുംമൂട് ജംഗ്ഷൻ എന്നിവിടങ്ങളിൽ സ്ഥാപിച്ചിട്ടുള്ള സിഗ്നൽലൈറ്റുകളിൽ സിസിടിവി ക്യാമറകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

## ചെക്ക്‌പോസ്റ്റുകളിലൂടെ കള്ളക്കടത്ത്

1965. **ശ്രീ.വി.ചെന്താമരാക്ഷൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ അതിർത്തി ചെക്ക്‌പോസ്റ്റുകളിലൂടെ വൻതോതിൽ കള്ളക്കടത്ത് നടക്കുന്നുണ്ട് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കള്ളക്കടത്ത് തടയുന്നതിന് ആഭ്യന്തര വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികളാണ് എന്തെല്ലാമാണ് എന്ന് വിശദമാക്കുമോ;

(സി) ചെക്ക്‌പോസ്റ്റുകൾ കേന്ദ്രീകരിച്ച് വിജിലൻസ് പരിശോധന നടത്തിയിട്ടുണ്ടോ; ഇതുമായി ബന്ധപ്പെട്ട് എത്രപേർക്കെതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്; വിശദാംശം നൽകുമോ;

(ഡി) കള്ളക്കടത്ത് തടയുന്നതിന് പ്രത്യേക പോലീസ് സ്ക്വാഡ് രൂപീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

## കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ

1966. **ശ്രീ.ബാബു എം. പാലിശ്ശേരി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന 2011 മുതൽ എത്ര കുട്ടികൾക്കെതിരെ അതിക്രമങ്ങൾ നടന്നിട്ടുണ്ട് എന്നറിയിക്കാമോ ;

(ബി) കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ ഇല്ലായ്മ ചെയ്യുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;വിശദാംശം വ്യക്തമാക്കുമോ ?

## ശുഭയാത്ര **2015** പദ്ധതി

1967. **ശ്രീ.കെ.അച്ചുതൻ**

**,,** വർക്കല കഹാർ

**,,** എം.എ. വാഹീദ്

**,,** പി.സി വിഷ്ണുനാഥ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ശുഭയാത്ര 2015 പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികളാണ് എടുത്തിട്ടുള്ളത്?

## പുതിയ ഫയർ സ്റ്റേഷൻ

1968. **ശ്രീ.കെ.ബി.ഗണേഷ് കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനാപുരം താലൂക്കിൽ ആരംഭിച്ച ഫയർ സ്റ്റേഷനിൽ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നുണ്ടോ എന്നറിയിക്കാമോ;

(ബി) ഫയർ സ്റ്റേഷനിൽ അത്യാവശ്യമായ ആധുനിക ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ നിലവിലുണ്ടോ എന്നറിയിക്കാമോ;

(സി) ഫയർ സ്റ്റേഷനിൽ ആംബുലൻസും ബോട്ടും ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നുണ്ടോ; എങ്കിൽ എന്ന് പ്രാവർത്തികമാകുമെന്ന് വ്യക്തമാക്കുമോ?

## ആലപ്പുഴ ഫയർ സ്റ്റേഷൻ

1969. **ശ്രീ.ജി.സുധാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആലപ്പുഴ ഫയർ സ്റ്റേഷന് എന്തെല്ലാം ഉപകരണങ്ങൾ ലഭ്യമാക്കി എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഫയർ സ്റ്റേഷന്റെ കാര്യക്ഷമമായ പ്രവർത്തനത്തിനായി എന്തെല്ലാം

ഉപകരണങ്ങൾ ലഭ്യമാക്കണമെന്ന് അഭ്യർത്ഥിച്ചിരുന്നു;

(സി) പ്രസ്തുത ഉപകരണങ്ങൾ ലഭ്യമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ?

നെടുങ്കണ്ടം ഫയർ സ്റ്റേഷൻ

1970. ശ്രീ.കെ.കെ.ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുങ്കണ്ടത്ത് ഫയർ സ്റ്റേഷൻ അനുവദിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദീകരിക്കാമോ;

(ബി) ഫയർ സ്റ്റേഷനിനായി റവന്യൂ വകുപ്പ് വിട്ട് നൽകാമെന്ന് പറഞ്ഞിരിക്കുന്ന സ്ഥലം വകുപ്പ് ഏറ്റെടുത്തിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതുമായി ബന്ധപ്പെട്ട് വകുപ്പ് നാളിതു വരെ നടത്തിയിട്ടുള്ള നടപടികൾ, അയച്ചിട്ടുള്ള നിർദ്ദേശങ്ങൾ എന്നിവ സംബന്ധിച്ച വിശദീകരണം നൽകാമോ?

ബാങ്കിൽ നിന്നും മടങ്ങിയ സോളാർ കമ്പനി ചെക്കുകൾ

1971. ശ്രീ.കെ.സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് കൊച്ചിയിലെ ടീം സോളാർ കമ്പനിയോ സരിതാ നായരോ നൽകിയിരുന്ന എത്ര ചെക്കുകളാണ് ബാങ്കിൽ നിന്നും മടങ്ങിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) 2011 ആഗസ്റ്റ് 8 ന് മുഖ്യമന്ത്രിയുടെ ആഫീസിൽ സോളാർ കമ്പനി പ്രതിനിധികളിൽ നിന്നും ലഭിച്ച ചെക്ക് എത്ര ലക്ഷത്തിന്റേതായിരുന്നു; ഇത് ധനകാര്യ വകുപ്പിലെ മോണിറ്ററിംഗ് സെൽ വഴി ബാങ്കിന് കൈമാറുകയും ബാങ്കിൽ നിന്ന് ചെക്ക് മടങ്ങുകയും ചെയ്തിരുന്നുവോ;

(സി) ചെക്ക് മുഖ്യമന്ത്രിയ്ക്ക് നൽകുന്ന ഫോട്ടോ ഉപയോഗിച്ചുകൊണ്ട് സോളാർ കമ്പനിയും സരിതയും തട്ടിപ്പ് നടത്തിയതായി ശ്രദ്ധയിൽപ്പെട്ടിരുന്നുവോ;

(ഡി) ചെക്ക് നൽകി കബളിപ്പിച്ചവർക്കെതിരെ സ്വീകരിച്ചിരുന്ന നടപടി എന്തായിരുന്നു ; ഇത് സംബന്ധിച്ച് പോലീസ് കേസ്സ് രജിസ്റ്റർ ചെയ്തിട്ടുണ്ടായിരുന്നുവോ?

വിജിലൻസ് അന്വേഷണം

1972. ശ്രീ.വി.ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിൽ വിജിലൻസ് അന്വേഷണം നടന്നിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതു വിഷയങ്ങളെ സംബന്ധിച്ചാണ് അന്വേഷണം നടന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഇതുമായി ബന്ധപ്പെട്ട് കൗൺസിലിലോ, ശാസ്ത്ര സാങ്കേതിക വകുപ്പിലോ വിജിലൻസ് ഉദ്യോഗസ്ഥർ തെളിവെടുപ്പ് നടത്തിയോ എന്നും ഏതെങ്കിലും ഫയലുകൾ അന്വേഷണത്തിനായി കൊണ്ടുപോയിട്ടുണ്ടോ എന്നും വിശദമാക്കുമോ?

ഡി.വൈ.എസ്.പി ക്കെതിരായ പരാതി

1973. **ശ്രീമതി.കെ.കെ.ലതിക :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) താമരശ്ശേരി ഡി.വൈ.എസ്.പി യായിരുന്ന ശ്രീ. ജയ്സൺ എബ്രഹാം നാദാപുരം പാറക്കടവ് പീഡനക്കേസിൽ ഇടപെട്ടത് സംബന്ധിച്ച് നൽകിയ പരാതിയിൽ ഇതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) പരാതി സംബന്ധമായി അന്വേഷണം നടത്തിയത് ഏത് ഉദ്യോഗസ്ഥനാ ണെന്ന് വിശദമാക്കാമോ?

ബാർ കോഴ കേസ് വിജിലൻസ് കോടതി ഉത്തരവിനെതിരെ അപ്പീൽ

1974. **ശ്രീ.സാജു പോൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാർ കോഴ കേസിൽ തുടരന്വേഷണം നടത്തുവാൻ തിരുവനന്തപുരം വിജിലൻസ് കോടതിയുടെ 29.10.2015-ലെ ഉത്തരവിനെതിരെ ഹൈക്കോടതിയിൽ വിജിലൻസ് അപ്പീലിന് പോകുന്നതിന് ആരുടെ അനുമതി വാങ്ങിച്ചിരുന്നു എന്നു വ്യക്തമാക്കുമോ;

(ബി) മുഖ്യമന്ത്രി, ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി, നിയമമന്ത്രി, നിയമ വകുപ്പ് സെക്രട്ടറി, ആഭ്യന്തരവും വിജിലൻസും വകുപ്പു സെക്രട്ടറി, അഡ്വക്കേറ്റ് ജനറൽ എന്നിവരുടെ അനുമതി വാങ്ങിച്ചതിനുശേഷമാണോ വിജിലൻസ് ഹൈക്കോടതിയിൽ അപ്പീലിന് പോയത് എന്നു വ്യക്തമാക്കുമോ;

(സി) ബാർ കോഴ കേസിൽ തിരുവനന്തപുരം വിജിലൻസ് കോടതിയുടെ തുടരന്വേഷണ വിധിക്കെതിരെ ഹൈക്കോടതിയിൽ വിജിലൻസിനുവേണ്ടി സുപ്രീം കോടതിയിലെ സീനിയർ അഭിഭാഷകൻ ശ്രീ.കപിൽ സിബൽ ഹാജരായതിന് ഫീസിനത്തിൽ എത്ര രൂപ നൽകി എന്നു വ്യക്തമാക്കുമോ?

(ഡി) ബാർ കോഴ കേസിൽ തിരുവനന്തപുരം വിജിലൻസ് കോടതിയുടെ തുടരന്വേഷണ വിധിക്കെതിരെ ഹൈക്കോടതിയിൽ വിജിലൻസിനുവേണ്ടി സുപ്രീം കോടതിയിലെ സീനിയർ അഭിഭാഷകനായ അദ്ദേഹം ഹാജരായത് ആരുടെ നിർദ്ദേശപ്രകാരമാണ് എന്ന് വ്യക്തമാക്കുമോ?

<u>വിജിലന്റ് കേരള പദ്ധതി</u>

1975. ശ്രീ.ജോസഫ് വാഴയ്ക്കൻ
,, വർക്കല കഹാർ
,, തേറമ്പിൽ രാമകൃഷ്ണൻ
,, ഷാഫി പറമ്പിൽ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിജിലന്റ് കേരള പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഈ പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

<u>വിജിലൻസ് കോടതിയിൽ ലഭിച്ച പൊതുതാല്പര്യ ഹർജിയിന്മേലുള്ള അന്വേഷണം</u>

1976. ശ്രീ.എം.എ.ബേബി
ഡോ.ടി.എം.തോമസ് ഐസക്
ശ്രീ.പി.ടി.എ. റഹീം
,, റ്റി.വി.രാജേഷ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈക്കൂലി കൈപ്പറ്റിയെന്ന് സോളാർ കമ്മീഷന് മുന്നിൽ ശ്രീമതി സരിത നൽകിയ മൊഴിയുടെ അടിസ്ഥാനത്തിൽ വിജിലൻസ് കോടതിയിൽ വന്ന പൊതുതാല്പര്യ ഹർജിയിൽ മുഖ്യമന്ത്രിയ്ക്കും ഊർജ്ജവകുപ്പ് മന്ത്രിയ്ക്കും എതിരെ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തു അന്വേഷണം നടത്താൻ കോടതി ഉത്തരവിട്ടിരുന്നുവോ;

(ബി) അന്വേഷണം പൂർത്തിയാക്കി ഏത് തീയതിക്ക് മുമ്പായി റിപ്പോർട്ട് ഹാജരാക്കാനായിരുന്നു നിർദ്ദേശം; അന്വേഷണം ഇപ്പോൾ ഏത് ഘട്ടത്തിലാണ്; അന്വേഷണം നടത്തുന്നത് ആരുടെ നേതൃത്വത്തിൽ ആരെല്ലാം അടങ്ങിയ സംഘമാണ്; അന്വേഷണത്തിന്റെ ഭാഗമായി ആരെയൊക്കെ ചോദ്യം ചെയ്യുകയുണ്ടായി;

(സി) വിജിലൻസ് കോടതിയിലെ ഹർജിക്കാരന്റെ ആവശ്യങ്ങൾ എന്തെല്ലാമായിരുന്നു; വെളിപ്പെടുത്തലിനെ തുടർന്ന് വിജിലൻസ് സ്വന്തം നിലയിൽ തന്നെ കേസ്

എടുത്ത് അന്വേഷണം നടത്താതിരുന്നത് എന്തുകൊണ്ടായിരുന്നു; വിജിലൻസ് കോടതിയുടെ ഉത്തരവ് ഹൈക്കോടതി റദ്ദാക്കിയിട്ടുണ്ടോ;

(ഡി) കൈക്കൂലി കൈപ്പറ്റിയെന്ന ഹർജിക്കാരുടെ പരാതിയിന്മേൽ അന്വേഷണം പാടില്ലെന്ന് ഹൈക്കോടതി നിർദ്ദേശിച്ചിട്ടുണ്ടോയെന്നറിയിക്കുമോ ?

## ടൈറ്റാനിയം അഴിമതി

1977. **ശ്രീ.കെ.വി.വിജയദാസ് :** താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൈറ്റാനിയം കേസിൽ നിലവിൽ മുഖ്യമന്ത്രി പ്രതിയാണോ; എങ്കിൽ വിശദാംശം നൽകുമോ;

## വിജിലൻസ് സംവിധാനം

1978. **ശ്രീ.കോടിയേരി ബാലകൃഷ്ണൻ**
**,, പി.ടി.എ. റഹീം**
**ശ്രീമതി.കെ.എസ്.സലീഖ**
**ശ്രീ.രാജു എബ്രഹാം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിജിലൻസ് സംവിധാനം, സ്വതന്ത്ര അധികാരം എന്നീ കാര്യങ്ങൾ പഠിക്കുന്നതിനു വേണ്ടി ഹൈക്കോടതി നിയമിച്ച അമിക്കസ്ക്യൂറിമാരുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് നിലനിൽക്കുന്ന എന്ത് സാഹചര്യം കണക്കിലെടുത്തുകൊണ്ടായിരുന്നു ഹൈക്കോടതി ഇത്തരമൊരു നിലപാടിൽ എത്തിച്ചേർന്നിരുന്നത്;

(സി) വിജിലൻസിന്റെ നവീകരണത്തെക്കുറിച്ച് റിപ്പോർട്ട് സമർപ്പിക്കാനുള്ള ഹൈക്കോടതി നിർദ്ദേശത്തിന്റെയടിസ്ഥാനത്തിൽ വിജിലൻസ് ഡയറക്ടർ തയ്യാറാക്കിയ റിപ്പോർട്ടിന്റെ പകർപ്പ് സഭയുടെ മേശപ്പുറത്ത് ലഭ്യമാക്കാമോ; വിധിക്കെതിരെ സർക്കാർ സ്റ്റേ സമ്പാദിച്ചിരിക്കുന്നതിന്റെ കാരണം വെളിപ്പെടുത്താമോ;

(ഡി) വിജിലൻസിന് സ്വതന്ത്രമായും നിയമാനുസൃതമായും പ്രവർത്തിക്കാൻ സാധിക്കാത്തതിന്റെ സാഹചര്യം വെളിപ്പെടുത്താമോ?

## വിജിലൻസ് അന്വേഷണം

1979. ശ്രീ.കെ.വി.വിജയദാസ് : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇപ്പോഴത്തെ മുഖ്യമന്ത്രിക്കെതിരെ എത്ര വിജിലൻസ് കേസുകൾ നിലവിലുണ്ട്; വിശദവിവരം നൽകുമോ?

<u>വിജിലൻസ് സംവിധാനം</u>

1980. ശ്രീ.എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ വകുപ്പുകളിൽ വർദ്ധിച്ചു വരുന്ന ക്രമക്കേടുകളും അഴിമതികളും തടയാൻ നിലവിലുള്ള വിജിലൻസ് സംവിധാനം എത്രത്തോളം പര്യാപ്തമാണെന്ന് വ്യക്തമാക്കുമോ;

(ബി) വകുപ്പുകളിലെ അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് സംവിധാനം ശക്തിപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ;

(സി) സർക്കാർ വകുപ്പുകളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും രൂപീകരിച്ച വിജിലൻസ് സെല്ലുകളുടെ പ്രവർത്തനം വിശദമാക്കുമോ?

<u>വിജിലൻസ് വകുപ്പിന്റെ പുനക്രമീകരണം</u>

1981. ശ്രീ.എം.പി.വിൻസെൻറ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിജിലൻസ് വകുപ്പിലെ അന്വേഷണ വിഭാഗത്തിൽ വകുപ്പുതല നിയമ പരിജ്ഞാനമുള്ള ഉദ്യോഗസ്ഥരെക്കൂടി നിയമിച്ച് കാര്യക്ഷമമാക്കുമോ;

(ബി) വിജിലൻസ് പ്രത്യേക വിഭാഗമാക്കുമോ?

<u>മന്ത്രിമാർക്കെതിരെ കേസ്സ്</u>

1982. ശ്രീ.ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴിമതി നടത്തിയതുമായി ബന്ധപ്പെട്ട് എത്ര മന്ത്രിമാർക്കെതിരെ കോടതികളിൽ കേസ്സ് നിലനിൽക്കുന്നുണ്ട്;

(ബി) ഏതെല്ലാം മന്ത്രിമാർക്കെതിരെയാണ് കേസ്സ് നിലനിൽക്കുന്നത്; ഇവർക്കെതിരെയുള്ള അഴിമതി ആരോപണത്തിന്റെ വിശദാംശം ലഭ്യമാക്കാമോ?

<u>മന്ത്രിമാർക്കെതിരെയുള്ള വിജിലൻസ് കേസ്</u>

1983. **ശ്രീ.എ.എം. ആരിഫ് :** താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിൽ എത്ര മന്ത്രിമാർക്കെതിരെ വിജിലൻസ് കേസ് നിലവിലുണ്ട്?

<u>ജയിലുകളുടെ നവീകരണം</u>

1984. **ശ്രീ.എം.ചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജയിലുകൾ നവീകരിക്കുന്നതിന് നിർദ്ദേശം സമർപ്പിക്കുവാനായി കമ്മീഷനെ നിയമിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) പല ജയിലുകളിലും വിചാരണ തടവുകാരുടെയും ശിഷാ തടവുകാരുടെയും എണ്ണം ക്രമാതീതമായി വർദ്ധിച്ചതായി കരുതുന്നുണ്ടോ;

(സി) പലയിടത്തും അടിസ്ഥാന സൗകര്യങ്ങൾപോലും ലഭ്യമല്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ജയിലുകളിലെ ജീവനക്കാരുടെ കുറവ് ശ്രദ്ധയിൽ വന്നിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

<u>ജയിലുകളിലുള്ള കുട്ടികളുടെ പരിപാലനം</u>

1985. **ശ്രീ.കെ.എൻ.എ.ഖാദർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജയിലുകളിൽ അമ്മമാർക്കൊപ്പം കഴിയുന്ന കുട്ടികളുടെ വിദ്യാഭ്യാസം, മാനസിക, ശാരീരിക വളർച്ച, ബുദ്ധി വികാസം എന്നിവ ഉറപ്പാക്കുന്നതിന് എന്തെല്ലാം ചെയ്യുന്നുവെന്ന് വ്യക്തമാക്കുമോ;

(ബി) ഇത്തരം കുട്ടികളുടെ സംരക്ഷണത്തിനായും പരിപാലനത്തിനായും പ്രത്യേകിച്ച് ആരെയെങ്കിലും ചുമതലപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഏത് രീതിയിലാണ് ഇവരുടെ പരിപാലനം ഉറപ്പുവരുത്തുന്നതെന്ന് അറിയിക്കുമോ;

(സി) സാമൂഹിക നീതി വകുപ്പ് അംഗനവാടികൾ വഴി ലഭ്യമാക്കുന്ന എല്ലാ ആനുകൂല്യങ്ങളും ഇത്തരം കുട്ടികൾക്ക് ലഭ്യമാക്കുന്നുണ്ടോ; ഇല്ലെങ്കിൽ ഇത് ഉറപ്പുവരുത്തുമോയെന്ന് അറിയിക്കുമോ;

(ഡി) കുട്ടികളെ പാർപ്പിക്കാൻ സൗകര്യമില്ലാത്ത ജയിലുകളിൽ ഇത്തരം തടവുകാരെ

പാർപ്പിക്കുന്നുണ്ടോ; എങ്കിൽ ഇത്തരം തടവുകാരെ സൗകര്യമുള്ള ഇടത്തേയ്ക്ക് മാറ്റുന്ന കാര്യം പരിഗണിക്കുമോ ?

ഗ്രാമപഞ്ചായത്തിന് സ്ഥലം കൈമാറൽ

1986. ശ്രീ.കെ.രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടമുളക്കൽ വില്ലേജിൽ ആയൂർ ജംഗ്ഷന് സമീപം വനം വകുപ്പിന്റെ ഉടമസ്ഥതയിലുള്ള 15 സെന്റ് സ്ഥലം, വനമേഖലയിൽപ്പെട്ടതല്ലെന്നും റവന്യൂ വക സ്ഥലമാണെന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സ്ഥലം അനധികൃതകയ്യേറ്റം മൂലം ഏറെ വർഷക്കാലമായി കാട്ടു പിടിച്ച സ്ഥിതിയിൽ സാമൂഹ്യ വിരുദ്ധരുടെ താവളമായി മാറിയിരിക്കുകയാണ് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത സ്ഥലം വികസന പ്രവർത്തനങ്ങൾക്കായി ഇടമുളക്കൽ ഗ്രാമപഞ്ചായത്തിന് വിട്ട് നൽകണം എന്ന് ആവശ്യപ്പെട്ട് വനം വകുപ്പിനും, വകുപ്പ് മന്ത്രിക്കും നൽകിയ കത്ത് പരിശോധിച്ചോ; ആയതിന്മേൽ എന്ത് നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(ഡി) ഇക്കാര്യങ്ങൾ അടിയന്തിരമായി പരിഗണിച്ച് സ്ഥലം കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

അച്ചൻകോവിൽ റോഡിന് സമീപമുള്ള വനഭൂമി

1987. ശ്രീ.കെ.രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെങ്കോട്ടയ്ക്ക് സമീപം കേരള അതിർത്തിയിൽ അച്ചൻകോവിൽ റോഡിന് സമീപം കേരള വനം വകുപ്പിന്റെ ഉദ്ദേശം പതിനഞ്ചു ഏക്കർ വനഭൂമിയുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത വസ്തുക്കൾ സംരക്ഷിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) ഈ വനഭൂമിയിൽ വനംവകുപ്പ് നേരിട്ട് ടൂറിസം പ്രൊജക്ട് നടപ്പിലാക്കുവാൻ തയ്യാറാകുമോ;

(ഡി) ടൂറിസ്റ്റുകൾക്ക് താമസിക്കുവാൻ കഴിയുന്ന തരത്തിൽ വനംവകുപ്പിന്റെ ചുമതലയിൽ ഇൻസ്പെക്ഷൻ ബംഗ്ലാവ് പണിയുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

## വനം വകുപ്പിലെ താത്കാലിക ജീവനക്കാരെ സ്ഥിരപ്പെട്ടുത്തൽ

1988. **ശ്രീ.കെ.അജിത് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വനം വകുപ്പിൽ താത്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുക വഴി എത്ര പേരെയാണ് ഇതുവരെ സ്ഥിരപ്പെടുത്തിയിട്ടുള്ളതെന്നും ഏതെല്ലം തസ്തികകളിലാണ് സ്ഥിരപ്പെടുത്തൽ നടത്തിയിട്ടുള്ളതെന്നും അതിനായി സ്വീകരിച്ചിട്ടുള്ള മാനദണ്ഡം ഏന്തെന്നും വെളിപ്പെടുത്തുമോ;

(ബി) വനം വകുപ്പിൽ താത്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിന് പുറത്തിറക്കിയ ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കിയോ; കൂടുതൽ ജീവനക്കാരെ സ്ഥിരപ്പെടുത്തുവാൻ ആലോചിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) നിലവിൽ ജോലിചെയ്യുന്നതും 20 വർഷം പൂർത്തിയാക്കിയതുമായ ജീവനക്കാരെ സ്ഥിരപ്പെടുത്തിയ ജീവനക്കാരുടെ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ?

## വനം വകുപ്പിന്റെ സ്ഥലം വിട്ടുകൊടു ക്കൽ

1989. **ശ്രീ.കെ.രാജു :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുളത്തുപ്പുഴ തിങ്കൾകരിക്കം വില്ലേജിലെ എട്ടു ഏക്കർ സ്ഥലം കുളത്തുപ്പുഴ ഗ്രാമപഞ്ചായത്തിന്റെ വികസന ആവശ്യങ്ങൾക്കായി വനംവകുപ്പിൽ നിന്നുംവിട്ടുകൊടുത്തുകൊണ്ടുള്ള സർക്കാർ ഉത്തരവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;എങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) കേന്ദ്ര വനസംരക്ഷണ നിയമം നിലവിൽ വരുന്നതിന് മുമ്പുള്ള മേൽ ഉത്തരവ് പ്രകാരം പ്രസ്തുത സ്ഥലം പഞ്ചായത്തിന് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

## ഔഷധ സസ്യത്തോട്ടം

1990. **ശ്രീ.കെ.രാജു :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുളത്തുപ്പുഴ സഞ്ജീവനി വനത്തിൽ ഇപ്പോൾ എത്ര തരം ഔഷധ സസ്യങ്ങൾ ഉണ്ട് എന്ന് അറിയിക്കാമോ; ഔഷധ സസ്യ തോട്ടത്തിന്റെ മേൽനോട്ട ചുമതലയുള്ള

ഉദ്യോഗസ്ഥൻ ആരാണ് എന്ന് വെളിപ്പെടുത്താമോ;

(ബി) 2015-16-ലെ ബഡ്ജറ്റിൽ ടി തോട്ടത്തിന്റെ ആവശ്യത്തിലേക്കായി എത്ര രൂപ വകയിരുത്തിയിട്ടുണ്ട്; ഈ വർഷം കൂടുതൽ ഔഷധ സസ്യങ്ങൾ വച്ച് പിടിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ?

<u>തടി മില്ലുകൾക്ക് ലൈസൻസ്</u>

1991. ശ്രീ.റ്റി.യു. കുരുവിള

**,, മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തടി മില്ലുകളുടെ ലൈസൻസ് പുതുക്കി നല്കാത്തത് മൂലം മില്ലുടമകൾ അനുഭവിക്കുന്ന വിഷമതകൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുവാൻ എന്തു നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) ഇത്തരം മില്ലുകളുടെ പ്രവർത്തനം സുഗമമായി നടത്തുന്നതിന് അനുകൂലമായി എന്തെങ്കിലും കോടതി വിധികൾ വന്നിട്ടുണ്ടോ; ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ?

<u>വനഭൂമി കയ്യേററം</u>

1992. **ശ്രീ.എം. ഹംസ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ വ്യക്തികൾ വനഭൂമി കയ്യേറിയതുമായി ബന്ധപ്പെട്ട് ഈ സർക്കാർ എത്ര കേസുകൾ രജിസ്റ്റർ ചെയ്തു ; ജില്ലാടിസ്ഥാനത്തിൽ വിശദാംശം ലഭ്യമാക്കാമോ ;

(ബി) വനഭൂമി സംരക്ഷിക്കുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു ; വിശദാംശം ലഭ്യമാക്കാമോ ; എത്ര കയ്യേറ്റങ്ങൾ ഒഴിപ്പിച്ചു ; ജില്ലാടിസ്ഥാനത്തിൽ വിശദാംശം ലഭ്യമാക്കാമോ ;

(സി) വനഭൂമി സംരക്ഷിക്കുന്നതിനും, കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനുമായി എത്ര തുക ചെലവഴിച്ചു ; വിശദാംശം ലഭ്യമാക്കാമോ ?

<u>പുനലൂർ വനം ഡിവിഷൻ പരിധിയിലെ മരങ്ങൾ മുറിയ്ക്കുന്നതിന് അനുമതി</u>

1993. **ശ്രീ.ബി.സത്യൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ പുനലൂർ വനം ഡിവിഷൻ പരിധിയിൽ സർക്കാർ ഉടമസ്ഥതയിൽ ഉള്ള സ്ഥലങ്ങളിൽ നിൽക്കുന്ന മരം മുറിക്കുന്നതിന് അനുമതി നൽകുന്ന ഉദ്യോഗസ്ഥൻ ആരാണെന്നും സെക്ഷൻ ഏതാണെന്നും, വ്യക്തമാക്കാമോ;

(ബി) 2011 ഏപ്രിൽ മുതൽ ഇതുവരെ പുനലൂർ വനം ഡിവിഷന്റെ പരിധിയിൽ ഉള്ള സ്ഥലങ്ങളിലെ മരങ്ങൾ മുറിച്ചു മാറ്റുന്നതിനുള്ള അനുമതിക്കായി എത്ര അപേക്ഷ ലഭിച്ചിട്ടുണ്ട്; ഇതിൽ എത്ര അപേക്ഷകളിന്മേൽ തീരുമാനമെടുത്തിട്ടുണ്ടെന്നും ഇനി എത്ര അപേക്ഷകളിന്മേൽ തീരുമാനം എടുക്കാനുണ്ടെന്നും വ്യക്തമാക്കാമോ;

(സി) പ്രസ്തുത അപേക്ഷകൾ ലഭിച്ച തീയതിയും, അനുമതിയ്ക്കായി കമ്മിറ്റി കൂടിയ തീയതിയും, ഓരോ അപേക്ഷകളിന്മേലും തീരുമാനമെടുത്ത തീയതിയും വ്യക്തമാക്കാമോ;

(ഡി) മരം മുറിയ്ക്കുന്നതിന് അനുമതി ചോദിച്ച് കൊണ്ട് നൽകുന്ന അപേക്ഷകളിന്മേൽ എത്ര ദിവസത്തിനകം മറുപടി നൽകണമെന്നാണ് നിഷ്കർഷിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഇ) പുനലൂർ വനം ഡിവിഷന് കീഴിൽ അനുമതി ആവശ്യപ്പെട്ട് സമർപ്പിയ്ക്കുന്ന അപേക്ഷകളിന്മേൽ നടപടിയെടുക്കുന്നതിന് കാലതാമസം വരുന്നതായി വ്യാപക പരാതിയുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) കാലതാമസം വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ ഏതുതരം അച്ചടക്ക നടപടിയാണ് സ്വീകരിയ്ക്കാറുള്ളതെന്നും, പ്രസ്തുത വനം ഡിവിഷനിൽ ഇക്കാര്യത്തിനായി ഏതൊക്കെ ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടി സ്വീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

<u>മരങ്ങൾ കടത്തുന്നതു തടയാൻ നടപടി</u>

1994. ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി
,, പി.കെ.ബഷീർ
,, കെ.മുഹമ്മദുണ്ണി ഹാജി
,, കെ.എം.ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനമേഖലയിൽ നിന്നും വിലപിടിപ്പുള്ള മരങ്ങൾ മുറിച്ചു കടത്തുന്നതു തടയാൻ എന്തൊക്കെ സംരക്ഷണ നടപടികൾ സ്വീകരിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) മരങ്ങളുടെ വിവരശേഖരണം നടത്തി എണ്ണം തിട്ടപ്പെടുത്തി നമ്പറിട്ടു സൂക്ഷിക്കുന്നതിനുള്ള പദ്ധതി പരിഗണനയിലുണ്ടോ;

(സി) എങ്കിൽ വിലപിടിപ്പുള്ള ചന്ദനം, വീട്ടി തുടങ്ങിയവയുടെ വിവരശേഖരണവും ആധുനിക

ഇലക്ട്രോണിക് സംവിധാനം ഉപയോഗപ്പെടുത്തിയുള്ള സംരക്ഷണ നടപടികളും ഊർജ്ജിതമാക്കുമോ?

പ്രത്യേക വനമേഖലകളിൽ ജോലി ചെയ്യുന്ന ജീവനക്കാർക്കുള്ള ആനുകൂല്യങ്ങൾ

1995. **ശ്രീ.കെ.അജിത് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മറയൂർ, കാന്തല്ലൂർ മേഖലകളിൽ ജോലി ചെയ്യുന്ന വനം വകുപ്പ് ജീവനക്കാർക്ക് മറ്റു മേഖലകളിൽ ജോലി ചെയ്യുന്ന ജീവനക്കാരിൽ നിന്നും കൂടുതലായി എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകി വരുന്നത്; ഓരോ തസ്തികയിലും പ്രസ്തുത രീതിയിൽ നൽകുന്ന ആനുകൂല്യങ്ങളുടെ വിശദാംശം വ്യക്തമാക്കുമോ;

(ബി) ചന്ദന ഡിവിഷനിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് ഏതു വർഷം മുതലാണ് പ്രത്യേക അലവൻസുകൾ നൽകി വരുന്നത്; ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം അലവൻസുകളിൽ വർദ്ധനവ് വരുത്തിയിട്ടുണ്ടോ;എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(സി) ചന്ദന ഡിവിഷനിൽ ജീവനക്കാർക്ക് പ്രത്യേക ആനുകൂല്യം നൽകുന്നതുപോലെ ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം മറ്റേതെങ്കിലും മേഖലകളിൽ വനം വകുപ്പ് ജീവനക്കാർക്ക് പ്രത്യേക അലവൻസുകൾ അനുവദിച്ചിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ മേഖലകളിൽ എന്നു വ്യക്തമാക്കുമോ;

(ഡി) വനം വകുപ്പിന്റെ ചന്ദന ഡിവിഷനിൽ ജീവനക്കാർക്ക് പ്രത്യേക ആനുകൂല്യം നൽകുന്നതുപോലെ മാവോയിസ്റ്റ് ഭീഷണി നിലനിൽക്കുന്ന വനമേഖലകളിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് പ്രത്യേക അലവൻസുകൾ അനുവദിക്കാനുള്ള നടപടി സ്വീകരിക്കുമോ?

അപകടനിലയിലുള്ള മരങ്ങൾ മുറിച്ചു നീക്കാനുള്ള സംവിധാനം

1996. **ശ്രീ.സി.മമ്മൂട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുജനങ്ങൾ കൂടുതലായെത്തുന്ന പ്രദേശങ്ങളിലെ കേടുപാടുള്ളതും, അപകടസാധ്യതയുള്ളതുമായ വൻമരങ്ങൾ മുറിച്ചു നീക്കാനുള്ള സംവിധാനം പ്രവർത്തനക്ഷമമല്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തലസ്ഥാന നഗരിയിൽ എം.ജി റോഡിൽ യൂണിവേഴ്സിറ്റി കോളേജിനു മുന്നിലുൾപ്പെടെയുള്ള അപകടനിലയിലുള്ള മരങ്ങൾ പരിശോധിച്ച് നീക്കം ചെയ്യാൻ അടിയന്തര നിർദ്ദേശം നല്കുമോ?

<u>വനേതരാവശ്യങ്ങൾക്കായി വന ഭൂമി</u>

1997. **ശ്രീ.എസ്.രാജേന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് വനേതരാവശ്യങ്ങൾക്കായി വന ഭൂമി വിട്ടു നൽകിയിട്ടുണ്ടോ; എങ്കിൽ ഓരോ ജില്ലയിലും ഇപ്രകാരം എത്ര വനഭൂമി വിട്ടുനൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇപ്രകാരം വനഭൂമി വിട്ടു നൽകിയിരിക്കുന്നത് എന്തെല്ലാം ആവശ്യങ്ങൾക്കുവേണ്ടിയാണെന്നും ആർക്കെല്ലാമാണെന്നും വ്യക്തമാക്കാമോ?

<u>ജൈവ വൈവിധ്യ മാനേജ് മെന്റ് കമ്മിറ്റികളുടെ പ്രവർത്തനം</u>

1998. **ശ്രീ.തോമസ് ഉണ്ണിയാടൻ**
**,, സി.എഫ്.തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൈവ വൈവിധ്യ മാനേജ് മെന്റ് കമ്മിറ്റികളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ;

(ബി) ജൈവ വൈവിധ്യ വികസനവും സംരക്ഷണവും സംബന്ധിച്ച് ടി കമ്മിറ്റികൾ കൈക്കൊണ്ട നടപടികൾ വ്യക്തമാക്കുമോ;

(സി) ഇതിലൂടെ കൈവരിക്കാൻ കഴിഞ്ഞ നേട്ടങ്ങൾ എന്തെല്ലാം?

<u>മാധവ് ഗാഡ്ഗിൽ റിപ്പോർട്ട്</u>

1999. **ശ്രീ.കെ.വി.വിജയദാസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാധവ് ഗാഡ്ഗിൽ റിപ്പോർട്ട് കേരളത്തിലെ പരിസ്ഥിതി ലോല മേഖലയിലെ ജനവാസ മേഖലയെ ഏതെല്ലാം തരത്തിൽ ബാധിക്കുമെന്നാണ് കണ്ടെത്തിയിട്ടുള്ളത്; വിശദവിവരം നൽകുമോ;

(ബി) ഇത് സംബന്ധിച്ച് സർക്കാർ വിദഗ്ധ സമിതിയുടെ ഏതെങ്കിലും പഠന റിപ്പോർട്ട് പരിഗണിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

<u>കാപ്പി തോടിനെ മാലിന്യ മുക്തമാക്കാൻ ജലസമൃദ്ധ കേരളം പദ്ധതി</u>

2000. ശ്രീ.ജി.സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ മണ്ഡലത്തിലെ കാപ്പി തോടിനെ മാലിന്യ മുക്തമാക്കാൻ ജലസമൃദ്ധ കേരളം പദ്ധതിയിൻ കീഴിൽ പദ്ധതി രൂപീകരിച്ച് നടപ്പാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി രൂപീകരിച്ച കേരള എൻവയോൺമെന്റൽ കൺസൾട്ടേറ്റീവ് കമ്മിറ്റി ഈ പ്രദേശങ്ങൾ സന്ദർശിച്ച് കാപ്പി തോടിനെ മാലിന്യ മുക്തമാക്കാൻ നടപടി സ്വീകരിക്കുമോ?

## അന്തരീക്ഷ താപനില

2001. ശ്രീ.ടി.എൻ. പ്രതാപൻ

,, ഷാഫി പറമ്പിൽ

,, ബെന്നി ബെഹനാൻ

,, പി.എ.മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്തരീക്ഷ താപനില ക്രമാതീതമായി വർദ്ധിച്ചുവരുന്നുവെന്ന് വാദഗതിയെക്കുറിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ എന്താണ് നിഗമനങ്ങൾ എന്ന് വ്യക്തമാക്കുമോ;

(സി) അന്തരീക്ഷ താപനില വർദ്ധിക്കുന്നുവെങ്കിൽ ആയതിനുള്ള കാരണങ്ങൾ എന്തൊക്കെ എന്നാണ് ചൂണ്ടിക്കാട്ടിയിട്ടുള്ളത്;

(ഡി) വനവത്ക്കരണം, പരിസ്ഥിതി സംതുലിത പ്രവർത്തനങ്ങൾ എന്നിവ കുറ്റമറ്റ രീതിയിൽ നടപ്പാക്കുവാൻ എന്തൊക്കെ സംവിധാനങ്ങളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

## കാലാവസ്ഥാ വ്യതിയാനം

2002. ശ്രീ.വി.ഡി.സതീശൻ

,, വി.റ്റി.ബൽറാം

,, ഡൊമിനിക് പ്രസന്റേഷൻ

,, വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലാവസ്ഥാ വ്യതിയാനം പഠിക്കാൻ എന്തെല്ലാം കർമ്മപദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

## പങ്കാളിത്ത പരിസ്ഥിതി പരിപാലന പദ്ധതി

2003. **ശ്രീ.എം.ഉമ്മർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പങ്കാളിത്ത പരിസ്ഥിതി പരിപാലന പദ്ധതി പ്രകാരം 2014, 2015 വർഷങ്ങളിലെ പരിസ്ഥിതി ദിനങ്ങളിൽ വൃക്ഷത്തൈകൾ വിതരണം നടത്തിയിരുന്നോ;

(ബി) എങ്കിൽ അവ പരിപാലിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിരിക്കുന്നത് വിശദമാക്കാമോ?

## നാഷണൽ ഗെയിംസിന് ലഭിച്ച കേന്ദ്ര ധനസഹായം

2004. **ശ്രീ.ഇ.പി.ജയരാജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ നടന്ന മുപ്പത്തി അഞ്ചാമത് നാഷണൽ ഗെയിംസിന് കേന്ദ്ര ധനസഹായമായി ആകെ എത്ര തുക ലഭിക്കുകയുണ്ടായി;

(ബി) സംസ്ഥാന വിഹിതമായി എത്ര തുക ലഭ്യമാക്കി;

(സി) മറ്റ് ഏതെല്ലാം ഏജൻസികളിൽനിന്ന് എത്ര തുക വീതം ലഭിക്കുകയുണ്ടായെന്ന് വ്യക്തമാക്കുമോ;

(ഡി) മുപ്പത്തി അഞ്ചാമത് നാഷണൽ ഗെയിംസിന്റെ വരവ്-ചെലവ് കണക്കുകൾ ലഭ്യമാക്കുമോ;

(ഇ) വരവ്-ചെലവ് കണക്കുകൾ ആഡിറ്റ് ചെയ്യുകയുണ്ടായോ;

(എഫ്) ഏത് ഏജൻസിയാണ് ആഡിറ്റ് ചെയ്തത്;

(ജി) ആഡിറ്റ് ഏജൻസി തയ്യാറാക്കിയ ആഡിറ്റ് നിരീക്ഷണങ്ങളുടെ പകർപ്പ് ലഭ്യമാക്കുമോ?

## കൽപ്പറ്റ നിയോജകമണ്ഡലത്തിലെ വികസന പദ്ധതികൾ

2005. **ശ്രീ.എം.വി.ശ്രേയാംസ് കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് കൽപ്പറ്റ നിയോജകമണ്ഡലത്തിൽ സ്പോർട്സ് വകുപ്പ് മുഖേന നടപ്പിലാക്കിയ വികസന പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾക്കായി കഴിഞ്ഞ അഞ്ച് വർഷങ്ങളായി വകയിരുത്തിയ തുക,

ചെലവഴിച്ച തുക എന്നിവ എത്രയെന്ന് ഇനം തിരിച്ച് ലഭ്യമാക്കുമോ;

(സി) പ്രസ്തുത പദ്ധതികളിൽ ഇനിയും പൂർത്തിയാക്കാനുള്ള പ്രവർത്തികൾ ഏതെല്ലാമെന്നും ആയതിനു വകയിരുത്തിയ തുക എത്രയെന്നും വ്യക്തമാക്കുമോ?

## ഇ.എം. എസ് സ്റ്റേഡിയം

2006. **ശ്രീ.ജി.സുധാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴയിലെ ഇ.എം.എസ്. സ്റ്റേഡിയം സ്പോർട്സ് വകുപ്പ്/ കൗൺസിൽ ഏറ്റെടുക്കുന്നത് സംബന്ധിച്ച് നഗരസഭയുമായി ചർച്ച നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത സ്റ്റേഡിയത്തിന്റെ നവീകരണത്തിനായി സ്പോർട്സ് വകുപ്പ്/ കൗൺസിൽ എന്തെങ്കിലും പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

## മൈലം ഗ്രാമപഞ്ചായത്ത് സ്റ്റേഡിയം മാസ്റ്റർപ്ലാൻ

2007. **ശ്രീമതി.പി. അയിഷാ പോറ്റി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര മണ്ഡലത്തിലെ മൈലം ഗ്രാമപഞ്ചായത്ത് വക കളിസ്ഥലം മൾട്ടി പർപ്പസ് സ്റ്റേഡിയം ആക്കി മാറ്റുന്നതിനുള്ള മാസ്റ്റർപ്ലാൻ കായിക യുവജന ക്ഷേമ ഡയറക്ടർക്ക് ലഭിച്ചിരുന്നോ; (No.3353/ENGG/13/NGS, 12.1.16 CE NGS)

(ബി) പ്രസ്തുത മാസ്റ്റർ പ്ലാനിന് അനുമതി നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

## കായിക മേഖലയിൽ പ്രോത്സാഹനം

2008. **ശ്രീ.റ്റി.യു. കുരുവിള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായിക താരങ്ങൾക്കും സ്കൂൾ-കോളേജുകൾക്കും കൂടുതൽ പ്രോത്സാഹനം ലഭിക്കുന്നതിന് എന്തെല്ലാം പുതിയ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) ദേശീയ - അന്തർദേശീയ മത്സരങ്ങളിൽ മെഡൽ നേടുന്ന മലയാളി താരങ്ങൾക്ക് പ്രത്യേക ക്യാഷ് അവാർഡും സർക്കാർ ജോലിയും നല്കുന്നതിന് നടപടികൾ ഉണ്ടാകുമോ;

(സി) കായിക താരങ്ങൾക്ക് മികച്ച പരിശീലനം ലഭിക്കുന്നതിന് എല്ലാ ജില്ലകളിലും

കുറഞ്ഞത് അന്തർദേശീയ നിലവാരമുള്ള ഒരു സ്റ്റേഡിയം വീതം നിർമ്മിച്ച് നൽകുന്നതിന് നടപടി ഉണ്ടാകുമോ?

ദേശീയ ഗെയിംസിൽ അഴിമതി

2009. ശ്രീ.എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ഗെയിംസിൽ അഴിമതിയെന്നുള്ള ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കായിക-കായികേതര ഉപകരണങ്ങൾ സമാഹരിക്കുന്നതിൽ 1.13 കോടിയുടെ അധികച്ചെലവും രണ്ടു ലക്ഷം രൂപയുടെ നഷ്ടവും ഉണ്ടായെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇക്കാര്യത്തിൽ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ ആരാണ് ; അവരുടെ പേരിൽ എന്തു നടപടി സ്വീകരിച്ചു;

(ഡി) കെട്ടിട നിർമ്മാണത്തിൽ അപാകതകൾ, സാധ്യതാപഠനം നടത്താതെയുള്ള സ്ഥലമെടുപ്പ്, എസ്റ്റിമേറ്റ്, ക്വട്ടേഷൻ നിരക്കുകളിൽ വ്യത്യാസം എന്നിവ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ ഒരു സമഗ്ര അന്വേഷണം നടത്താൻ നടപടി സ്വീകരിക്കുമോ?

സത്യൻ നഗർ സ്റ്റേഡിയം

2010. ശ്രീ.വി.ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നേമം നിയോജകമണ്ഡലത്തിലെ എസ്റ്റേറ്റ് വാർഡിൽ സ്ഥിതിചെയ്യുന്ന സത്യൻ നഗർ സ്റ്റേഡിയം പുനർ നിർമ്മിച്ച് ആധുനികവൽക്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ആയതിന്റെ വിശദാംശങ്ങളും ഇപ്പോഴത്തെ പുരോഗതിയും വ്യക്തമാക്കുമോ?

നീന്തൽ പരിശീലന കുളങ്ങൾ

2011. ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നീന്തൽ പരിശീലനത്തിനായി എത്ര കുളങ്ങളും സ്വിമ്മിംഗ് പൂളുകളും നിലവിലുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) എല്ലാ ജില്ലകളിലും പരിശീലനത്തിനായി നീന്തൽ കുളങ്ങൾ നിർമ്മിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് വകുപ്പിന് കീഴിലുള്ളതെന്ന് വിശദമാക്കുമോ;

(സി) താനൂർ നിയോജകമണ്ഡലത്തിലെ മുക്കാംതോട് കുളം, നീന്തൽ കുളമായി വികസിപ്പിക്കാമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) താനൂർ നഗരസഭയുടെ കീഴിലുള്ള പ്രസ്തുത കുളം നീന്തൽ പരിശീലന കുളമായി ഉയർത്തുന്ന കാര്യം പരിഗണിക്കുമോ?

<u>ചടയമംഗലം കോട്ടുക്കലിലെ മൾട്ടി സ്പോർട്ട്സ് കോംപ്ലക്സ്</u>

2012. **ശ്രീ.മുല്ലക്കര രത്നാകരൻ :** താഴെ കാണുന്ന ചോദ്യത്തിന് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചടയമംഗലം കോട്ടുക്കലിൽ മൾട്ടി സ്പോർട്ട്സ് കോംപ്ലക്സ് സ്ഥാപിക്കുമെന്ന വാഗ്ദാനം പാലിക്കുന്നതിനുള്ള നടപടി സത്വരം സ്വീകരിക്കുമോ?

<u>നടക്കാവ് വലിയകൊവ്വൽ ഫുട്ബോൾ അക്കാദമി</u>

2013. **ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :** താഴെ കാണുന്ന ചോദ്യത്തിന് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ തൃക്കരിപ്പൂർ മേഖലയിൽ ഫുട്ബാൾ പരിശീലനം സ്ഥിരമായി നൽകുന്നതിന് നടക്കാവ് വലിയകൊവ്വൽ കേന്ദ്രീകരിച്ച് ഫുട്ബോൾ അക്കാദമി തുടങ്ങാൻ നടപടി സ്വീകരിക്കുമോ?

<u>കായികനയം പരിഷ്ക്കരിക്കാൻ കർമ്മ പദ്ധതി</u>

2014. **ശ്രീ.വി.പി.സജീന്ദ്രൻ**

**,,** എ.പി.അബ്ദുള്ളക്കുട്ടി

**,,** ഐ.സി.ബാലകൃഷ്ണൻ

**,,** അൻവർ സാദത്ത് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കായികനയം പരിഷ്ക്കരിക്കാൻ എന്തെല്ലാം കർമ്മ പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട് ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

## ആറ്റിങ്ങൽ ശ്രീപാദം സ്റ്റേഡിയം

2015. **ശ്രീ.ബി.സത്യൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ ശ്രീപാദം സ്റ്റേഡിയത്തിൽ നടപ്പിലാക്കേണ്ട വികസനപ്രവർത്തനങ്ങളെ സംബന്ധിച്ച് 17-12-2015-ന് നിയമസഭാമന്ദിരത്തിൽ മന്ത്രിയുടെ ചേമ്പറിൽ നടന്ന യോഗത്തിലെടുത്ത തീരുമാനങ്ങൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) യോഗ തീരുമാനങ്ങൾ നടപ്പിലാക്കുന്നതിന് വേണ്ടിയുള്ള നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(സി) സ്റ്റേഡിയത്തിൽ 4.99 കോടി ചെലവഴിച്ച സിന്തറ്റിക് ട്രാക്ക് നിർമ്മാണമുൾപ്പെടയുള്ള പ്രവൃത്തികൾ എന്നാരംഭിക്കുവാനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

## സ്കൂളുകളിൽ പ്രത്യേക സ്പോർട്സ് പദ്ധതികൾ

2016. **ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ സ്കൂൾ മീറ്റിലെ കേരളത്തിന്റെ മികച്ച പ്രകടനം മുൻനിർത്തി സ്കൂളുകൾ കേന്ദ്രീകരിച്ച് പ്രത്യേക സ്പോർട്സ് പദ്ധതികൾ നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) സ്കൂളുകളിലെ കളിസ്ഥല സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് പ്രത്യേക ഫണ്ടുകൾ അനുവദിക്കുമോ?

## സിനിമ തിയേറ്ററുകൾ

2017. **ശ്രീ.കെ.അജിത് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിനിമ തിയേറ്ററുകൾ ഇല്ലാത്ത നഗരസഭകൾ സ്ഥലം ലഭ്യമാക്കിയാൽ തിയേറ്ററുകൾ പണിതുകൊടുക്കുമെന്ന സർക്കാർ വാഗ്ദാനം വഴി ഇതുവരെ എത്ര തിയേറ്ററുകൾ സംസ്ഥാനത്ത് നിർമ്മിച്ചിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ;

(ബി) പി.പി.പി. മാതൃകയിൽ തിയേറ്ററുകൾ പണിയുന്നതിന്റെ വിശദാംശങ്ങൾ നൽകുമോ;

(സി) പി.പി.പി. മാതൃകയിൽ തിയേറ്ററുകൾ പണിയുമ്പോൾ നടത്തിപ്പിൽ നഗരസഭയുടെ

പങ്ക് എന്താണെന്നും ഈ രീതിയിൽ സംസ്ഥാനത്ത് എവിടെയെങ്കിലും തിയേറ്ററുകൾ പ്രവർത്തിക്കുന്നുണ്ടോ എന്നും വ്യക്തമാക്കുമോ?

<u>സെസ്സ് ഇനത്തിൽ ലഭ്യമായ വരുമാനം</u>

2018. **ശ്രീ.ഇ.കെ.വിജയൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടിക്കറ്റ് നിരക്കിനോടൊപ്പം സെസ്സ് ചുമത്തിയ ഇനത്തിൽ കെ.എസ്.ആർ.ടി.സി. യ്ക്ക് നാളിതുവരെ ലഭ്യമായിട്ടുള്ള വരുമാനം ജില്ല അടിസ്ഥാനത്തിൽ അറിയിക്കുമോ;

(ബി) അധിക സെസ്സ് ചുമത്തിയശേഷം കെ.എസ്.ആർ.ടി.സി. യാത്രികരുടെ എണ്ണത്തിൽ കുറവു വന്നതായി നിരീക്ഷിച്ചിട്ടുണ്ടോ; ആയത് വിശദമാക്കാമോ?

<u>കായംകുളം പുതിയ ഷോപ്പിംഗ് കോംപ്ലക്സ്</u>

2019. **ശ്രീ.സി.കെ സദാശിവൻ :** താഴെ കാണുന്ന ചോദ്യത്തിന് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം കെ.എസ്.ആർ.ടി.സി ബസ് സ്റ്റേഷന് പുതിയ ഷോപ്പിംഗ് കോംപ്ലക്സ് അടക്കമുള്ള കെട്ടിട സമുച്ചയം നിർമ്മിക്കുന്നതിനു സ്വീകരിച്ച നടപടി എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

<u>റിസർവ് കണ്ടക്ടർ, റിസർവ് ഡ്രൈവർ നിയമനം</u>

2020. **ശ്രീ.റ്റി.വി.രാജേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി യിൽ റിസർവ് കണ്ടക്ടർ, റിസർവ് ഡ്രൈവർ തസ്തികകളിലേക്ക് പി.എസ്.സി. നിയമന ശുപാർശ നൽകിയ എത്ര പേർക്ക് പ്രസ്തുത തസ്തികയിൽ നിയമന ഉത്തരവ് നല്കിയിട്ടുണ്ട്; വിശദാംശം നൽകുമോ;

(ബി) ഇപ്പോൾ റിസർവ് കണ്ടക്ടർ, ഡ്രൈവർ തസ്തികയിൽ എത്ര ഒഴിവുകൾ നിലവിലുണ്ട്, നിയമന ശുപാർശ ലഭിച്ച എല്ലാ ഉദ്യോഗാർത്ഥികൾക്കും നിയമനം നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

<u>കണ്ടക്ടർ നിയമനം</u>

2021. **ശ്രീ.സാജു പോൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി യിൽ കണ്ടക്ടർമാരുടെ എത്ര സ്ഥിരം ഒഴിവുകളാണ് ഉള്ളതെന്നും അവയിൽ എത്ര എണ്ണം പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും അറിയിക്കുമോ;

(ബി) പി.എസ്.സി. അഡ്വൈസ് മെമ്മോ അയച്ച എത്ര പേർക്ക് ഇനിയും കണ്ടക്ടർ തസ്തികയിൽ നിയമനം നൽകാനുണ്ടെന്നും നൽകാത്തതിന്റെ കാരണവും വിശദീകരിക്കുമോ;

(സി) മുഴുവൻ പേർക്കും നിയമനം ലഭിക്കാൻ നടപടി സ്വീകരിക്കുമോ?

<u>ചാത്തന്നൂർ കെ.എസ്.ആർ.ടി.സി ഡിപ്പോ</u>

2022. **ശ്രീ.ജി.എസ്.ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ അടിസ്ഥാന സൗകര്യ കുറവുകൾ എന്തൊക്കെയാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ;

(ബി) പ്രസ്തുത കുറവുകൾ പരിഹരിക്കണമെന്ന് ആവശ്യപ്പെട്ട് അപേക്ഷ ലഭിച്ചിരുന്നുവോ; അതിന്മേൽ എന്ത് നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എന്തൊക്കെ വികസന പ്രവർത്തനങ്ങളാണ് പ്രസ്തുത ഡിപ്പോയിൽ നടത്തിയിട്ടുള്ളത്; നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങളുടെ കുറവ് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ?

<u>കണ്ടക്ടർമാരുടേയും, ഡ്രൈവർമാരുടേയും ഒഴിവുകൾ</u>

2023. **ശ്രീ.ഇ.ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ കെ.എസ്.ആർ.ടി.സി യിൽ എത്ര കണ്ടക്ടർമാരുടേയും, ഡ്രൈവർമാരുടേയും ഒഴിവുകളാണ് ഉള്ളതെന്ന് പറയാമോ;

(ബി) ജീവനക്കാരുടെ കുറവു മൂലം പല ഷെഡ്യൂളുകളും മുടങ്ങുന്നതായും അതുമൂലം യാത്രക്കാർക്കുണ്ടാകുന്ന പ്രയാസങ്ങളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) മറ്റ് ജില്ലകളിൽ അനുവദിച്ച തസ്തികകളേക്കാൾ കണ്ടക്ടർമാരും ഡ്രൈവർമാരും ഉണ്ടോ എന്ന് വിശദമാക്കാമോ;

(ഡി) എങ്കിൽ ഏതൊക്കെ ജില്ലകളിൽ, എത്ര അധികം ജീവനക്കാരാണുള്ളതെന്ന പട്ടിക നൽകുമോ;

(ഇ) അവരെ കാസർഗോഡ് അടക്കമുള്ള ജില്ലകളിലേക്ക് പുനർ വിന്യസിക്കുന്നതിനായി

നടപടികൾ സ്വീകരിക്കുമോ?

<u>കെ.എസ്.ആർ.ടി.സി യുടെ നവീകരണം</u>

2024. **ശ്രീ.റ്റി.യു. കുരുവിള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സിയുടെ നവീകരണത്തിന് സ്വീകരിച്ച് വരുന്ന നടപടികൾ വിശദമാക്കുമോ;

(ബി) ഡിപ്പോകൾ കേന്ദ്രീകരിച്ച് ഷോപ്പിംഗ് കോംപ്ലക്സുകൾ നിർമ്മിക്കുന്നതുൾപ്പെടെയുള്ള പുതിയ വരുമാന വർദ്ധന പദ്ധതികൾ നടപ്പിലാക്കുമോ;

(സി) കെ.എസ്.ആർ.ടി.സി.യിൽ ജിവനക്കാരെ വർഷംതോറും പി.എസ്.സി. വഴി നിയമിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(ഡി) കൂടുതൽ ബസ്സുകളും സർവ്വീസുകളും ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(ഇ) കൂടുതൽ ലോഫ്ലോർ ബസ്സുകൾ നിരത്തിലിറക്കുവാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>കെ.എസ്.ആർ.ടി.സി.</u>

2025. **ശ്രീ.സി.ദിവാകരൻ :** താഴെ കാണുന്ന ചോദ്യത്തിന് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യുടെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്താൻ സ്വീകരിച്ച നടപടികളുടെ നേട്ടങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

<u>കെ.എസ്.ആർ.ടി.സി.യിൽ കമ്പ്യൂട്ടർ സെക്ഷൻ</u>

2026. **ശ്രീ.വി.എം.ഉമ്മർ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യുടെ കമ്പ്യൂട്ടർ സെക്ഷനിലേയ്ക്ക് സർവ്വീസിലുള്ള ഉദ്യോഗസ്ഥരിൽ നിന്നും അവസാനമായി അപേക്ഷ ക്ഷണിച്ചതെന്നായിരുന്നു; നിശ്ചയിച്ച യോഗ്യത എന്തായിരുന്നു;

(ബി) ആയതു പ്രകാരം യോഗ്യരായ എത്ര പേരുടെ അപേക്ഷ ലഭിച്ചു; ഇവരുടെ ലിസ്റ്റ് തയ്യാറാക്കിയിരുന്നോ; എങ്കിൽ ലഭ്യമാക്കുമോ;

(സി) കമ്പ്യൂട്ടർ സെക്ഷനിൽ നോട്ടിഫിക്കേഷൻ പ്രകാരമുള്ള യോഗ്യതയില്ലാത്ത എത്ര

പേർ ജോലി നോക്കുന്നുണ്ട്;

(ഡി) അദർ ഡ്യൂട്ടിയിലും, ദിവസവേതനത്തിലും എത്ര പേർ ജോലി നോക്കുന്നുണ്ട്;

(ഇ) യോഗ്യതയില്ലാത്തവരെയും അദർഡ്യൂട്ടി, ദിവസവേതന അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരെയും ഒഴിവാക്കി യോഗ്യതാ പട്ടികയിലുള്ളവരെ നിയമിച്ച് കമ്പ്യൂട്ടർ സെക്ഷനുകൾ കാര്യക്ഷമമാക്കുമോ?

<u>കെ.എസ്.ആർ.ടി.സി.യിൽ കൊറിയർ സർവ്വീസ്</u>

2027. **ശ്രീ.കെ.അജിത് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യുടെ കൊറിയർ സർവ്വീസ് മുഖേന എത്ര തുക വരുമാനം ലഭിച്ചുവെന്നും ഇതിനായി ഏതു കമ്പനിയുമായാണ് കരാറിലേർപ്പെട്ടിട്ടുള്ളതെന്നും വ്യക്തമാക്കാമോ?

(ബി) പ്രസ്തുത കരാറിൻ പ്രകാരം കമ്പനിയ്ക്ക് കെ.എസ്.ആർ.ടി.സി എന്തെല്ലാം സൗകര്യങ്ങളാണ് സ്റ്റേഷനിൽ നൽകേണ്ടതെന്നു വ്യക്തമാക്കുമോ;

(സി) കൊറിയർ സർവ്വീസിനായി ഏജൻസികളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡമെന്തെന്നും തെരഞ്ഞെടുക്കപ്പെട്ട കമ്പനികൾക്ക് എത്ര കാലത്തേക്കാണ് കരാർ കാലയളവെന്നും വ്യക്തമാക്കുമോ?

<u>റോഡ് അപകടങ്ങളിൽപ്പെടുന്നവരുടെ ചികിത്സ ഉറപ്പാക്കുന്നതിനുള്ള പദ്ധതികൾ</u>

2028. **ശ്രീ.ജി.എസ്.ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന റോഡ് സുരക്ഷാ അതോറിറ്റി അപകടങ്ങൾ കൂടുതലായുള്ള ഭാഗങ്ങൾ കേന്ദ്രീകരിച്ചും, ഇതര ഭാഗങ്ങളിലും റോഡ് അപകടങ്ങളിൽപ്പെടുന്നവരുടെ ചികിത്സ ഉറപ്പാക്കുന്നതിലേക്കായി പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ;

(ബി) എങ്കിൽ ഈ ആവശ്യത്തിലേക്കായി എത്ര തുക വകയിരിത്തിയിട്ടുണ്ടെന്നും ട്രോമാകെയർ യൂണിറ്റുകൾ ഉൾപ്പടെ എന്തെല്ലാം ആവശ്യങ്ങൾക്ക് ഈ തുക വിനിയോഗിക്കുന്നുവെന്നും അറിയിക്കുമോ;

(സി) കൊല്ലം ജില്ലയിലെ പാരിപ്പള്ളി കേന്ദ്രീകരിച്ച് ട്രോമാകെയർ യൂണിറ്റ് സ്ഥാപിക്കുന്നതിലേക്കുള്ള നടപടിയുടെ പുരോഗതി അറിയിക്കുമോ; പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിലേക്ക് തടസ്സങ്ങൾ വല്ലതും നിലവിലുണ്ടോ; എങ്കിൽ വിശദമാക്കുമോ?

<u>വടകര-തൊട്ടിൽ പാലം ചെയിൻ സർവ്വീസ്</u>

2029. **ശ്രീമതി.കെ.കെ.ലതിക :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടകര-തൊട്ടിൽപാലം റൂട്ടിൽ കെ.എസ്.ആർ.ടി.സി ചെയിൻ സർവ്വീസ് നടത്തുന്നത് സംബന്ധിച്ച് വടകര, കുറ്റ്യാടി,നാദാപുരം എം.എൽ.എ. മാർ സമർപ്പിച്ച നിവേദനത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത റൂട്ടിൽ ചെയിൻ സർവ്വീസ് എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

<u>ഗതാഗത നയം</u>

2030. **ഡോ.എൻ. ജയരാജ്**
**ശ്രീ.എം.വി.ശ്രേയാംസ് കുമാർ**
**,, റോഷി അഗസ്റ്റിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗതാഗത കുരുക്കിന് പരിഹാരം കാണുന്നതിന് ദീർഘവീക്ഷണത്തോടുകൂടിയ ഗതാഗത നയം രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുവോ; വിശദാംശങ്ങൾ നൽകുമോ;

(ബി) നിരത്തുകളിൽ വർദ്ധിച്ചു വരുന്ന വാഹനപ്പെരുപ്പവും റോഡുവികസനകാര്യത്തിലുള്ള പരിമിതികളും കണക്കിലെടുത്ത് റോഡ്-റെയിൽ-ജല ഗതാഗതമാർഗ്ഗങ്ങളുടെ സാധ്യതകൾ ഏകോപിപ്പിച്ചുകൊണ്ടുള്ള ബഹുമുഖ ഗതാഗത സംവിധാനത്തിനു രൂപം നൽകാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>ഗതാഗത വകുപ്പിൽ ഇ-പെയ്മെന്റ് സംവിധാനം</u>

2031. **ശ്രീ.സി.പി.മുഹമ്മദ്**
**,, അൻവർ സാദത്ത്**
**,, വി.ഡി.സതീശൻ**
**,, കെ.മുരളീധരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗതാഗത വകുപ്പിൽ ഇ-പെയ്മെന്റ് സംവിധാനം ഏർപ്പെടുത്താൻ കർമ്മപദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

മാവേലിക്കര കെ.എസ്.ആർ.ടി.സി. ഡിപ്പോ

2032. **ശ്രീ.ആർ. രാജേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര കെ.എസ്.ആർ.ടി.സി. ഡിപ്പോയ്ക്ക് ഓഫീസും വ്യാപാര സമുച്ചയവുമടങ്ങുന്ന കെട്ടിടത്തിന് എം.എൽ.എ. ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി തുക അനുവദിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത വിഷയത്തിൻമേൽ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) പ്രസ്തുത പ്രവർത്തനങ്ങൾക്ക് അടിയന്തരമായി ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

തൊട്ടിൽപ്പാലം ഡിപ്പോയ്ക്ക് ഡീസൽപമ്പ്

2033. **ശ്രീ.ഇ.കെ.വിജയൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊട്ടിൽപ്പാലം കെ.എസ്.ആർ.ടി.സി ഡിപ്പോയ്ക്ക് ഡീസൽപമ്പ് അനുവദിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഡീസൽ പമ്പ് ആരംഭിക്കുന്നതിനുള്ള കാലതാമസത്തിന്റെ കാരണം വ്യക്തമാക്കാമോ;

(സി) ഡീസൽ പമ്പ് എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ആർ.ടി ഓഫീസുകളിലെ ഏജന്റുമാർ

2034. **ശ്രീ. എൻ .എ.നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർ.ടി ഓഫീസുകളിൽ ഏജന്റുമാരെ പ്രവേശിപ്പിക്കരുതെന്ന ഉത്തരവ് നിലവിലുണ്ടോ; എങ്കിൽ പ്രസ്തുത ഉത്തരവിന്റെ നമ്പറും തീയതിയും വ്യക്തമാക്കാമോ;

(ബി) ആർ.ടി.ഒ, ജോയിന്റ് ആർ.ടി.ഒ ഓഫീസുകളിലെ ഏജന്റുമാരെ അംഗീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ഓഫീസുകളിൽ നിലവിൽ ഏജന്റുമാരുടെ ഇടപെടലുകളുണ്ടോ; എങ്കിൽ ഇതിനെ എങ്ങനെയാണ് വിലയിരുത്തുന്നത്; പ്രസ്തുത ഇടപെടൽ ജനങ്ങൾക്ക് ഗുണകരമാണോ എന്ന് പരിശോധിച്ചിട്ടുണ്ടോ;

(ഡി) ഇവരെ അംഗീകരിച്ചാൽ പൊതുജനങ്ങൾക്കു നേരിട്ട് ഒരു കാര്യവും നടത്താൻ കഴിയാത്ത അവസ്ഥ ഉണ്ടാകുമെന്ന ആക്ഷേപത്തോടുള്ള നിലപാട് വ്യക്തമാക്കുമോ?

<u>ഗതാഗത വകുപ്പിന്റെ ശാക്തീകരണം</u>

2035. **ശ്രീ.കെ.മുരളീധരൻ**

**,,** ബെന്നി ബെഹനാൻ

**,,** എ.റ്റി.ജോർജ്

**,,** സണ്ണി ജോസഫ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗതാഗത വകുപ്പിനെ ശാക്തീകരിക്കാൻ എന്തെല്ലാം കർമ്മപദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

<u>ഗതാഗതനിയമം ലംഘിക്കുന്നവരെ കണ്ടെത്താൻ പദ്ധതി</u>

2036. **ശ്രീ.വി.റ്റി.ബൽറാം**

**,,** വി.പി.സജീന്ദ്രൻ

**,,** ആർ . സെൽവരാജ്

**,,** എ.പി.അബ്ദുള്ളക്കുട്ടി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗതാഗതനിയമം ലംഘിക്കുന്നവരെ കണ്ടെത്താൻ എന്തെല്ലാം കർമ്മപദ്ധതികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളത്;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

<u>വാഹനങ്ങളുടെ അമിത വേഗത</u>

2037. ശ്രീ.എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുനിരത്തുകളിൽക്കൂടി അമിത വേഗത്തിൽ വാഹനങ്ങൾ പ്രത്യേകിച്ചും സ്പോർട്സ് ബൈക്ക് ഓടിച്ചുപോകുന്നത് കാരണം കാൽനടക്കാരും മറ്റു വാഹനങ്ങളിൽ പോകുന്നവരും അപകടത്തിൽപ്പെടുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ അമിതവേഗത്തിൽ സ്പോർട്സ് ബൈക്കുകളും മറ്റു വാഹനങ്ങളും ഓടിച്ചു പോകുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുമോ ;

(ബി) മറ്റു ഹെവി വാഹനങ്ങളിൽ ഘടിപ്പിക്കുന്ന തരത്തിലുള്ള വേഗതാപ്പൂട്ട് സ്പോർട്സ് ബൈക്കുകളിൽ ഘടിപ്പിക്കുന്ന കാര്യം പരിശോധിക്കുമോ;

(സി) വേഗതാപ്പൂട്ട് ഘടിപ്പിക്കുന്നതിന് സാധ്യമാകുമെങ്കിൽ അടിയന്തര നടപടികൾ സ്വീകരിക്കുമോ ; വിശദമാക്കുമോ ?

<u>വിനോദസഞ്ചാരികളെ ആകർഷിക്കാനായുള്ള പദ്ധതി</u>

2038. ശ്രീ.പി.എ.മാധവൻ
,, കെ.എസ്.ശബരീനാഥൻ
,, ലൂഡി ലൂയിസ്
,, എം.എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലഗതാഗത വകുപ്പ് വിനോദസഞ്ചാരികളെ ആകർഷിക്കാൻ കർമ്മപദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

കേരള നിയമസഭാ
സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം,
07-02-2016

പി.ഡി.ശാരംഗധരൻ,
സെക്രട്ടറി.

---

<u>പ്രത്യേക ശ്രദ്ധയ്ക്ക്:</u> നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].

"T" ഇന്നത്തേക്ക് മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.